# നാലാം മുദ്ര

സന്ധ്യാ വന്ദനം. പ്രാർത്ഥനയ്ക്കായി, ഒരു നിമിഷം നമ്മുടെ തലകളെ വണക്കാം.

2 കരുണ സമ്പന്നനായ ഞങ്ങളുടെ സ്വർഗീയ പിതാവെ, കർത്താവായ യേശുവിന്റെ നാമത്തിൽ, മറ്റൊരു ദിവസത്തിന് വേണ്ടി അങ്ങേയ്ക്ക് നന്ദി പറയുന്നതിനായി, ഇപ്പോൾ ഇന്ന് രാത്രിയിൽ ഞങ്ങൾ അങ്ങയെ സമീപിക്കുകയാണ്. ഇന്ന് രാത്രിയിലെ യോഗത്തിലേയ്ക്ക് നിന്റെ അനുഗ്രഹങ്ങളെ ഞങ്ങൾ നിന്നോട് അപേക്ഷിക്കുന്നു. ഞങ്ങൾ വളരെ ജാഗ്രതയോടെ തേടികൊണ്ടിരിക്കുന്ന ഈ കാര്യങ്ങളുടെ വ്യാഖ്യാനത്തെ പരിശുദ്ധാത്മാവ് കടന്ന് വന്ന് ഞങ്ങൾക്കു നല്കുവാൻ ഇടയാക്കേണമേ. ഓ ദൈവമേ, നിന്റെ വചനത്തിന് ചുറ്റമായി പള്ളിയിൽ കൂടിവന്നവർ ചെയ്യുന്നത്, അത്രയും വിലയേറിയതായിട്ട് ഞങ്ങൾ ഇവിടെ നിന്നും പോകുമ്പോൾ, "അവൻ വഴിയിൽ നമ്മോട് സംസാരിക്കുമ്പോൾ നമ്മുടെ ഹൃദയം നമ്മുടെ ഉള്ളിൽ കത്തിക്കൊണ്ടിരുന്നില്ലയോ?" എന്ന് പറയുവാൻ ഞങ്ങൾക്ക് ഇടയാക്കേണമേ. അവൻ ഞങ്ങൾക്ക് വേണ്ടി ആയിതീർന്നിരിക്കുന്ന എല്ലാത്തിനും വേണ്ടി ഞങ്ങൾ നിനക്ക് നന്ദി പറയുന്നു, കൂടാതെ ഞങ്ങൾ ഈ യാത്ര തുടർന്നുകൊണ്ടിരിക്കുമ്പോൾ അവൻ ഞങ്ങളോട് കൂടെ ഉണ്ടായിരിക്കുമെന്ന് ഞങ്ങൾ വിശ്വസിക്കുന്നു, യേശുവിന്റെ നാമത്തിൽ ഞങ്ങൾ ഇത് അപേക്ഷിക്കുന്നു. ആമേൻ.

3 ദൈവത്തിന്റെ ആലയത്തിൽ ആരാധനക്കായി, ഇന്നു രാത്രിയിൽ വീണ്ടും തിരികെ എത്താൻ ഇടയായതിൽ ഞാൻ അധികം സന്തോഷിക്കുന്നു! നാം എല്ലാവരും സന്തോഷമുള്ളവരാണ്. ഞാൻ അത്രയും സന്തോഷമുള്ളവനായിട്ട്...

4 ഇത് വരികയില്ലെന്ന് ഞാൻ വിചാരിച്ചു, എന്നാൽ അത് അവസാനം എത്തിയിരിക്കുന്നു. ആ നാലു കുതിര സവാരിക്കാരിൽ, അവസാനത്തേതിൽ നാം എത്തിച്ചേർന്നിരിക്കുന്നതിൽ, ഞാൻ വളരെ നന്ദിയുള്ളവനാണ്, അത് ഈ സമയത്ത് സഭയ്ക്കുള്ള മുഖ്യ സന്ദേശങ്ങളിൽ ഒന്നാകുന്നു എന്ന് ഞാൻ വിചാരിക്കുന്നു.

5 അടുത്തത് എന്താണെന്ന് എനിക്കറിയില്ല. അവൻ അത് വെളിപ്പെടുത്തുന്നതിന് അനുസരിച്ച്, ഞാൻ അത് ഓരോ ദിവസവും

എടുക്കുന്നു. അവൻ എനിക്ക് തരുന്ന പ്രകാരം തന്നെ...ഞാൻ അത് നിങ്ങൾക്കു തരാൻ ശ്രമിക്കുന്നു.

6 നിങ്ങൾ അവന്റെ ആ—ആ അനുഗ്രഹങ്ങളിൽ സന്തോഷിക്കുന്നുണ്ടോ. [പള്ളിയിൽ കൂടിവന്നവർ പറയുന്നു, "ആമേൻ."—Ed.] എപ്രകാരം സഭാകാലഘട്ടങ്ങളുമായി ഈ കാര്യങ്ങൾ കൂട്ടു ചേർന്ന് പോകുന്നു എന്നുള്ളത് നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടോ, അത് ശരിക്കും പൂർണമായും കൃത്യമായും അവയുമായി ഒത്തു പോകുന്നില്ലേ? അപ്രകാരമാണ് അതങ്ങനെ... എനിക്ക് കിട്ടിയത്, എന്നെ സംബന്ധിച്ചിടത്തോളം ഇത് അതെ പരിശുദ്ധാത്മാവ് സഭാകാലഘട്ടങ്ങളെ തരികയും അതെ പരിശുദ്ധാത്മാവ് തന്നെ അതിനുശേഷം ഈ കാര്യങ്ങളെ നല്കുകയുമാണ്, നോക്കു, കാരണം അവ തമ്മിൽ കൂടി കലർന്ന് കിടക്കുന്നു; എല്ലാം കൂടി ദൈവത്തിന്റെ മഹത്തായ ഒരു പ്രവൃത്തിയായി, തന്നെ സ്വയം വിവിധ മാർഗങ്ങളിൽ കൂടി കാണിക്കുന്നതാകുന്നു.

7 നിങ്ങൾ ശ്രദ്ധിക്കുകയാണെങ്കിൽ, ദാനീയേലിനെ സ്വയം ദർശനങ്ങളാൽ, കാണിച്ചപ്പോൾ ഒരു കാര്യത്തിന്റെ പ്രതിരൂപമായി അത് ഒരു—ഒരു കോലാട്ടു മാതിരി ഈ സ്ഥാനത്തും അല്ലെങ്കിൽ ഒരു വൃക്ഷം മാതിരി; വേറൊരു സ്ഥാനത്ത് അതൊരു പ്രതിമ മാതിരിയോ ആയിരുന്നു. അങ്ങനെ—അങ്ങനെ—അങ്ങനെ ദൈവം ചെയ്ത ഓരോ കാര്യങ്ങളിലും, അത് എല്ലാവട്ടവും ഒരു കാര്യത്തെ, തന്നെ വ്യത്യസ്തമായി പ്രതിരൂപമാക്കിയിരിക്കുന്നു, അത് നമുക്ക് തെറ്റിപോകരുത് എന്ന് തീർച്ചയാക്കേണ്ടതാകുന്നു.

8 ഇപ്പോൾ, കുറച്ച് സമയം മുമ്പ്, ഇവിടെ സന്നിഹിതയായിരിക്കുന്ന എണ്പത്തിയഞ്ചു വയസ്സുള്ള ഒരു മഹിളയോട് സംസാരിച്ചു കൊണ്ടിരുന്നപ്പോൾ, അത് എന്നെ വാസ്തവമായും പുളകം കൊള്ളിച്ചു.

9 അധിക നാളുകളായിട്ടില്ല. ഞാൻ പശ്ചിമ ഭാഗത്തേക്ക് യാത്ര പോകുന്നതിന് തൊട്ടു മുമ്പ്, ഒഹായോയിൽ ഒരു—ഒരു കൊച്ചു പെൺകുട്ടിക്ക് ലൂക്കീമിയായുടെ അവസാന ഘട്ടത്തിലായി രോഗം പിടിപ്പെട്ട് മരണത്തിന്റെ അവസ്ഥയിൽ ആയിരുന്നു, എന്നറിഞ്ഞു, അങ്ങനെ തന്നെയെന്നു ഞാൻ വിചാരിക്കുന്നു. ഇപ്പോൾ ലൂക്കീമിയ എന്നു വച്ചാൽ രക്തസ്രാവത്തിൽ അർബുദ രോഗമാകുന്നു. ഓ, ആ കൊച്ചു വസ്തു, അത്രയും ഭയങ്കരമായ ഒരു അവസ്ഥയിലായിരുന്നിട്ട്, അവൾക്ക് യാതൊരു പ്രതീക്ഷക്കും വകയില്ലായിരുന്നു. അവൾക്ക് ശസ്ത്രക്രീയ ചെയ്ത രക്ത ധമനിയിൽ കൂടെയാണ് ഭക്ഷണം നല്കിയിരുന്നത്. അവർ വാസ്തവമായും ഒരു പാവപ്പെട്ട കുടുംബമായിരുന്നു. അപ്പോൾ അവർ...

10 ഇവിടെയുള്ള, ശ്രീമതി. കിഡ്ഡും സഹോദരൻ കിഡ്ഡും കൂടി കർത്താവ് പ്രാർത്ഥനയ്ക്ക് എത്രയധികം ഉത്തരം നല്കുന്നു എന്നുള്ളതിനെക്കുറിച്ച് അവരോട് പറഞ്ഞിരുന്നു. അതിനാൽ അവർ ഒത്തു കൂടി, ആരെയോ വാടകക്ക് എടുത്തു, എന്നു ഞാൻ വിചാരിക്കുന്നു, ഈ കൊച്ചു പെൺകുട്ടിയെ കൊണ്ടുവന്നു. അവൾ ഏകദേശം ഓ, ആറോ, ഏഴോ വയസ്സ് പ്രായുള്ള വളരെ മനോഹരിയായ, കൊച്ചു പെൺകുട്ടിയായിരുന്നു. [ഒരു സഹോദരി പറയുന്നു, "ഒമ്പത് വയസ്സ്"—Ed.] ഒമ്പത് വയസ്സ്. അങ്ങനെ—പിന്നെ അവൾ പിന്നിലുള്ള മുറിയിലായിരുന്നു. പിന്നെ ആ...

11 ഞങ്ങൾ കർത്താവിന്റെ മുന്നിലേയ്ക്ക് പോയപ്പോൾ, പരിശുദ്ധാത്മാവ് അവൾക്കായി ഒരു വചനം നല്കി. അവർക്ക് അവളെ എഴുന്നേൽപ്പിച്ചിട്ട്, നിങ്ങൾക്കറിയാമോ, ഇപ്രകാരം ആഹാരം കൊടുക്കേണ്ടിയിരുന്നു. അവൾ തിരികെ പോകുമ്പോൾ, ഒരു ഹാം ബർഗ്ഗറിനായി കരയുകയും, അങ്ങനെ അവൾ വായിൽ കൂടെ ഭക്ഷണം കഴിക്കാൻ തുടങ്ങുകയും ചെയ്തു. അവർ അവൾക്ക് ഹാംബർഗ്ഗർ നല്കുകയും, അതിനുശേഷം സാധാരണ രീതിയിൽ ആഹാരം കൊടുക്കാൻ തുടങ്ങുകയും ചെയ്തു.

12 കുറച്ച് ദിവസങ്ങൾക്കകം, വളരെ കുറച്ചു ദിവസം കഴിഞ്ഞപ്പോൾ, അവർ അവളെ ഡോക്ടറുടെ അടുക്കൽ തിരികെ കൊണ്ടു പോയി. അവർ...ഡോക്ടറിന് യാതൊന്നും തന്നെ മനസ്സിലായില്ല. അദ്ദേഹം പറഞ്ഞു, "ഇത് അതല്ലാത്തതുപോലെ, അതേ പെൺകുട്ടി അല്ലെന്ന പോലെ തോന്നുന്നു." അദ്ദേഹം പറഞ്ഞു, "കാരണം രക്താർബുദത്തിന്റെ ഒരംശം പോലും എങ്ങും, ഒരിടത്തും തന്നെ കാണാൻ കഴിഞ്ഞിരുന്നില്ല." അങ്ങനെ അവൾ മരിച്ചു കൊണ്ടിരിക്കുകയായിരുന്നു. അവർ അവളെ ഉപേക്ഷിച്ചിട്ട്; രക്തധമിനിയിൽ കൂടെ അവൾക്ക് ആഹാരം നല്കിയിരുന്നു. അവൾ മഞ്ഞളിച്ച് കഴിഞ്ഞിരുന്നു. അത് എങ്ങനെയാണ് കടന്നു വരുന്നതെന്ന് നിങ്ങൾക്കറിയാമല്ലോ. അങ്ങനെ അവർ...ഇപ്പോൾ അവൾ സ്കൂളിൽ പോകുകയും, മറ്റുള്ള കുട്ടികളോടൊപ്പം, നന്നേ സന്തോഷവതിയായി കളിക്കുകയും ചെയ്യുന്നു.

13 ഇതുപോലെയുള്ള മറ്റൊരു സംഭവം എന്റെ ഓർമ്മയിൽ വരുന്നു. ഒരു ദിവസം, ഞാൻ വീട്ടിൽ എത്തിയതേ ഉണ്ടായിരുന്നുള്ളൂ, അവിടെ ഒരു...എനിക്ക് തെറ്റ് പറ്റിയിട്ടില്ലെങ്കിൽ, അവർ എപ്പിസ്കോപ്പേലിയൻകാരോ പ്രെസ്ബിറ്റേറിയൻകാരോ ആയിരുന്നു, അവർ കെൻസാസിൽ നിന്നും ഒരു പെൺകുട്ടിയെ കൊണ്ടു വന്നു. ഡോക്ടർമാർ അവൾക്ക് രക്താർബുദമായിട്ട് ഉപേക്ഷിച്ച്

കളഞ്ഞിരുന്നു. അവർ അവൾക്ക്, നാല് ദിവസം കൂടി ജീവിക്കുന്നതിന് നല്കിയിരുന്നു, എന്നാണ് ഞാൻ വിചാരിക്കുന്നത്; അവളുടെ അവസ്ഥ തീരെ മോശമായി കഴിഞ്ഞിരുന്നു. അങ്ങനെ ആ നാലു ദിവസങ്ങൾ അവർ ഇവിടെ എത്തുന്നതിന് വേണ്ടി മഞ്ഞു മലകളും മറ്റും കടന്ന് രാജ്യത്തിന് അപ്പുറത്ത് നിന്നും അവൾക്ക് വേണ്ടി പ്രാർത്ഥിക്കുന്നതിനായി ചിലവഴിച്ചുകൊണ്ടു ഇവിടെ എത്തി. അവളുടെ വല്യപ്പച്ചൻ തലനരച്ച പ്രായമേറിയ കാഴ്ചക്ക് വളരെ നന്നായി തോന്നുന്ന ഒരു മനുഷ്യനായിരുന്നു.

14 അവർ അവളെ ഇവിടേയ്ക്ക് കൂട്ടിക്കൊണ്ടു വന്നതിനുശേഷം, രണ്ടു ദിവസം ഇവിടെയുള്ള, ഒരു ചെറിയ ഹോട്ടലിൽ താമസിപ്പിച്ചിരുന്നു. അത് സിൽവർ ക്രീക്കിന്റെ ഒരു വശത്തായിട്ടായിരുന്നു, അത് ഇപ്പോൾ അവിടെ ഇല്ലെന്ന് ഞാൻ ഊഹിക്കുന്നു. അങ്ങനെ അന്ന് രാത്രിയിൽ അവൾക്ക് വേണ്ടി പ്രാർത്ഥിക്കുന്നതിനായി ഞാൻ പോയി. അത് ഒരു പ്രഭാത സമയമായിരുന്നു. ഞാൻ അന്ന് രാത്രിയിൽ പട്ടണത്തിന് പുറത്തു നിന്നും, എത്തിയിട്ട്, രാവിലെ അവിടേയ്ക്ക് പോയിരുന്നു. ആ വയോധികനായ പിതാവ്...അപ്പൂപ്പൻ മുറിയിൽ നടന്നുകൊണ്ടിരുന്നു. ആ മാതാവ്, ആ കുട്ടിയെ പരിചരിക്കാൻ ശ്രമിച്ചു കൊണ്ടിരിക്കുകയുമായിരുന്നു.

15 ഞാൻ പ്രാർത്ഥിക്കുന്നതിനായി മുട്ടു കുത്തിയപ്പോൾ, അവളുടെ അമ്മയും അപ്പനും ചെയ്തിരുന്ന ഒരു, രഹസ്യം അത് അവർ ചെയ്ത ഒരു കാര്യം, പരിശുദ്ധാത്മാവ് എനിക്ക് വെളിപ്പെടുത്തി തന്നു. ഞാൻ അവരെ ഒരു വശത്തേക്ക് വിളിച്ച് അതിനെക്കുറിച്ച് അവരോട് ചോദിച്ചു. അവർ കരയാൻ തുടങ്ങിയിട്ട്, "അത് ശരിയാണ്," എന്ന് പറഞ്ഞു.

16 പിന്നെ ഞാൻ തിരിഞ്ഞു നോക്കിയപ്പോൾ, ഈ കൊച്ചു പെൺകുട്ടി ഒരു സ്കിപ്പിംങ് റോപ്പ് കളിച്ചു കൊണ്ട്, പോകുന്നത് ഞാൻ കണ്ടു. ഇപ്പോൾ ആ ചെറിയ കുഞ്ഞ്...ഏകദേശം മൂന്നാഴ്ചകൾക്ക് ശേഷം, അവർ ആ കൊച്ചു പെൺകുട്ടി, തിരികെ സ്കൂളിൽ, സ്കിപ്പിംങ് റോപ്പ് കളിക്കുന്ന ചിത്രം എനിക്ക് അയച്ചു തന്നു, അതിന് യാതൊരു രക്താർബുദ രോഗവും ഇല്ലായിരുന്നു.

17 ഇപ്പോൾ, ഇപ്പോൾ, ആ സാക്ഷ്യങ്ങളെല്ലാം പരിപൂർണമായും വിശ്വസനീയമായ സത്യമാകുന്നു, കാണുക. അതുകൊണ്ട് നമ്മുടെ ദൈവം യഥാർത്ഥ ദൈവമാകുന്നു. നാം അവനെ വിശ്വസിക്കുകയും—അവനെ സേവിക്കുകയും ചെയ്യുന്നു. അവൻ വാസ്തവമാകുന്നു എന്ന് ഞാൻ—ഞാൻ അറിയുന്നു.

18 ഇപ്പോൾ, ഞാൻ എനിക്ക് കഴിയുന്നത്രയും ശ്രമിക്കുകയാണ്, കൂടാതെ അകത്തും, നമ്മുടെ ഇടയിലുമായി, അത് അതിന്റെ വഴി പ്രവർത്തിച്ചു കൊണ്ടു പോകുന്നു. ഇന്ന് രാത്രിയിൽ, ദൈവത്തിന്റെ കൃപയാൽ, നാം ശ്രമിച്ചിട്ട്, നാലാം മുദ്ര എടുത്തിട്ട്, അതിൽ നിന്നും, പരിശുദ്ധാത്മാവിന് നമ്മോട് എന്താണ് പറയാനുള്ളതെന്ന്, നമുക്കു നോക്കാം.

19 ഇപ്പോൾ ഞാൻ വെളിപ്പാട് പുസ്തകം, ആറാം അദ്ധ്യായം, ഏഴാം വാക്യം മുതൽ വായിക്കാൻ തുടങ്ങുകയാണ്; 7-ഉം 8-മാകുന്നു. അവിടെ എപ്പോഴും രണ്ടു വാക്യങ്ങളായിരിക്കും; ആദ്യത്തേത് അറിയിപ്പാകുന്നു, രണ്ടാമത്തെ വചനം അവൻ കണ്ടതാകുന്നു.

> *നാലാം മുദ്ര പൊട്ടിച്ചപ്പോൾ; വരിക എന്ന് നാലാം—നാലാം ജീവി പറയുന്നതു ഞാൻ കേട്ടു.*
>
> *അപ്പോൾ ഞാൻ തവിട്ടു നിറമുള്ളോരു കുതിരയെ കണ്ടു; അതിന്മേൽ* (ഇരിക്കുന്നവന്നു) *മരണം എന്ന് പേർ; പാതാളം അവനെ പിന്തുടർന്നു...അവർക്ക് വാളുകൊണ്ടും ക്ഷാമം കൊണ്ടും മഹാവ്യാധി കൊണ്ടും ഭൂമിയിലെ കാട്ടുമൃഗങ്ങളെ കൊണ്ടും കൊന്നു കളവാൻ...ഭൂമിയുടെ കാലാംശത്തിന്മേൽ അധികാരം ലഭിച്ചു.*

20 ഇപ്പോൾ, കർത്താവ് നമ്മെ ഇത് മനസ്സിലാക്കാൻ സഹായിക്കട്ടെ. ഇത് ഒരു രഹസ്യമാകുന്നു.

21 ഇപ്പോൾ, നാം സഭാകാലഘട്ടങ്ങളിൽ ചെയ്തതുപോലെ, ഈ കുതിര സവാരിക്കാരെയും, ഈ മുദ്രകളുടെ പൊട്ടിക്കുന്നതിനെ എടുത്തപ്പോഴും, ഇതിന് ഒരു പിന്താങ്ങലിനായി, നമുക്കൊരു ചെറിയ അവലോകനം ഇപ്പോൾ നടത്താം. അങ്ങനെ അതിനെ നമ്മുടെ മനസ്സിൽ വച്ചുകൊണ്ട്, സംസാരിക്കാനായ തക്ക സമയം വരുംവരെ, നമുക്ക് കുറച്ചു നേരം സംസാരിക്കാം.

22 ഇപ്പോൾ, അതായത്, ഇപ്പോൾ നാം ശ്രദ്ധിച്ചത്, മുദ്രയുടെ പൊട്ടിക്കുന്നതിൽ കൂടെ, ഇത് വീണ്ടെടുപ്പിന്റെ മുദ്രയിടപ്പെട്ട പുസ്തകമാണെന്ന് നാം കണ്ടു കഴിഞ്ഞു. അന്ന് ഈ പുസ്തകം പഴയ കാലത്തേതു പോലെ ഇതൊരു ചുരുളായി ചുരുട്ടി വച്ചിരുന്നു.

23 [പേപ്പറിന്റെ ഷീറ്റുകളുപയോഗിച്ച് ഒരു ചുരുൾ ചുരിട്ടി മുദ്രയിട്ടു മാറ്റി വെയ്ക്കുന്നതിനെക്കുറിച്ച് വിശദീകരിക്കുന്നു—Ed.] അത് *ഈ വിധമുള്ള* ഒരു പുസ്തകമായിരുന്നില്ല, കാരണം ഇത്തരത്തിലുള്ള പുസ്തകങ്ങൾ, ഈ അടുത്ത സമയത്ത് അത് ഏകദേശം നൂറ്റമ്പതോ, ഇരുന്നൂറോ വർഷങ്ങളായിട്ട് നിലവിലായതാണെന്ന് ഊഹിക്കുന്നു. അന്ന് അവർ

അത് ചുരുൾ പോലെ ചുരുട്ടുകയും, അതിന്റെ അവസാന ഭാഗം വെറുതെ വിട്ടിരിക്കുകയും ചെയ്തിരുന്നു. ഇത് അപ്രകാരം ചെയ്തിരിക്കുന്നു എന്നും, അതിനെക്കുറിച്ചുള്ള തിരുവെഴുത്തുകളെ എവിടെ കണ്ടു പിടിക്കാമെന്നും, യിരമ്യാ പ്രവാചകന്റെ പുസ്തകത്തിൽ അതിനെ കുറിച്ച് പറഞ്ഞിരിക്കുന്നതും, മറ്റും ഞാൻ നിങ്ങളോട് പറഞ്ഞിട്ടുണ്ട്. അതിനുശേഷം അടുത്തതായി ഈ ചുരുൾ ചുരുട്ടിയിട്ട് അതിന്റെ അവസാന ഭാഗം *ഇപ്രകാരം* വെറുതെ വിട്ടിരുന്നു.

24 ഇതിൽ ഓരോന്നിനും ഒരു മുദ്രയുണ്ടായിരുന്നു. ഇത് ഏഴുമുദ്രകളിട്ട ഒരു പുസ്തകമായിരുന്നു, അതായിരുന്നിട്ട്...ആർക്കും... അവർ ആയിരുന്നപ്പോൾ...ഇത് ഏഴു മുദ്രകളിട്ട വീണ്ടെടുപ്പിന്റെ പുസ്തകമായിരുന്നു. ക്ഷമിക്കണം.

25 അതിനുശേഷം, ഈ പുസ്തകം തുറപ്പാനോ, അതിലേയ്ക്കൊന്ന് നോക്കാനോ, യോഗ്യനായി സ്വർഗ്ഗത്തിലോ, ഭൂമിയിലോ, ഭൂമിക്കു കീഴിലോ ആരും ഉണ്ടായിരുന്നില്ല. ആരെയും കാണാൻ കഴിയാത്തതിൽ യോഹന്നാൻ കരഞ്ഞു...കാരണം ആ പുസ്തകം അതിന്റെ യഥാർത്ഥ ഉടമസ്ഥന്റെ കൈയിൽ നിന്നും ഏറ്റു വാങ്ങിയില്ലെങ്കിൽ...അവിടെ, ആദാമും ഹവ്വയും ദൈവത്തിന്റെ വചനത്തിന്മേലുണ്ടായിരുന്ന അവരുടെ അവകാശങ്ങളെയും വാഗ്ദത്തങ്ങളെയും, നഷ്ടപ്പെടുത്തിയപ്പോൾ, അത് യഥാർത്ഥ ഉടമസ്ഥന്റെ കൈയിലേക്ക് തിരികെ പോയി.

26 അവർ, ഓർക്കു, അവർ ഈ ഭൂമിയെ നിയന്ത്രിച്ചിരുന്നു. അവൻ അയിരുന്നിട്ട്—അവൻ ഒരു ദേവനായിരുന്നു, കാരണം അവൻ ദൈവ പുത്രനായിരുന്നു. ഒരു ദൈവപുത്രൻ ഒരു—ഒരു—ഒരു ദേവനാകുന്നു. ഇപ്പോൾ, ഇത് തിരുവെഴുത്തിന് വിരുദ്ധമായ കാര്യമല്ല. അത് വൈദേശികമായി കേൾക്കുന്നു എന്നെനിക്കറിയാം.

27 എന്നാൽ യേശു പറഞ്ഞു, "ദൈവത്തിന്റെ വചനം വന്നിരുന്നവരെ...നിങ്ങൾ അവരെ വിളിച്ചെങ്കിൽ," ദൈവത്തിന്റെ വചനം വരുമ്പോൾ എന്തു സംഭവിക്കുന്നു? [പള്ളിയിൽ കൂടിയിരിക്കുന്നവർ പറയുന്നു, "പ്രവാചകന്മാർ."—Ed.] പ്രവാചകന്മാർ. "ദൈവത്തിന്റെ അരുളപ്പാട് ഉണ്ടായിട്ടുള്ളവരെ 'ദേവന്മാർ' എന്ന് പറഞ്ഞു എങ്കിൽ ഞാൻ ദൈവപുത്രൻ എന്ന് പറയുന്നതിൽ നിങ്ങൾക്ക് എന്നെ എങ്ങനെ കുറ്റം വിധിക്കാനാകും?" മനസ്സിലായോ?

ഇപ്പോൾ, അവർ ദേവന്മാരാകുന്നു.

28 മനുഷ്യൻ, നിങ്ങൾ നിങ്ങളുടെ കുടുംബത്തിൽ കുടുംബ പേരോടുകൂടി പിറന്നാൽ, നിങ്ങൾ ഒരു പുത്രനും, പിതാവിന്റെ ഒരു ഭാഗവുമാകുന്നു.

29 അതിനുശേഷം—പിന്നീട് പാപം കടന്നു വന്നപ്പോൾ, മനുഷ്യൻ ആ പിളർപ്പിന് അപ്പുറത്തായി പോയെന്നു നാം കണ്ടു. കാളയുടെയും കോലാട്ടുകൊറ്റന്റെയും രക്തം പാപത്തെ, മറച്ചിരുന്നു—എന്നാൽ നീക്കിയിരുന്നില്ല. ആ യഥാർത്ഥ ബ്ലീച്ച് കടന്നു വന്ന്, ആ പാപത്തിന്റെ കറയെ പൊട്ടിച്ച് പൂർണ്ണമായും തുണ്ടം തുണ്ടമാക്കി അതിന്റെ മൂല കാരണക്കാരനും വൈകൃതമാക്കിയിരുന്നവന്റെ അടുക്കലേയ്ക്ക്, അതിനെ തിരികെ എത്തിക്കുവോളം, അതായിരുന്നു സാത്താൻ.

30 അത് സാത്താന്റെ അടുക്കലേയ്ക്ക് തിരികെ എത്തുമ്പോൾ, അവൻ തന്റെ നിത്യ നാശത്തിനായുള്ള സമയം വരെയും കാത്തിരിക്കുന്നു. ഇപ്പോൾ, നാം എന്താണ് വിശ്വസിക്കുന്നത് എന്നുള്ളത് അത് കാണിക്കുന്നു. അവനെ പൂർണ്ണമായും മാറ്റി കൃത്യമായും നശിപ്പിച്ചു കളയപ്പെടുമെന്ന് നാം വിശ്വസിക്കുന്നു.

31 ആ പാപം തകർക്കപ്പെടും എന്ന് ഞാൻ വിശ്വസിക്കുന്നു. യേശുക്രിസ്തുവിന്റെ രക്തത്തിന്റെ അടിസ്ഥാനത്തിന്മേൽ, അതു ഏറ്റു പറയപ്പെടുമ്പോൾ, അത് ഒരു തുള്ളി കറുത്ത മഷി, ക്ലോറോക്സ് ബ്ലീച്ചിലേയ്ക്ക് വീഴുന്നതു പോലെയാണ്. അത് മഷിയുടെ രാസവസ്തുക്കളെ ശിഥിലീകരിച്ച്, അതിന്റെ മൂല അവസ്ഥയിലേക്ക് തിരികെ അയയ്ക്കുന്നു. കാണുന്നോ? ആ വിധത്തിലാണ് യേശുക്രിസ്തുവിന്റെ രക്തം പ്രവർത്തിക്കുന്നത്.

32 അതുകഴിയുമ്പോൾ, അത് ഒരു മനുഷ്യനെ പിളർപ്പിന്റെ ഈ ഭാഗത്തേക്ക്, ഒരു ദൈവപുത്രനായി വീണ്ടും എത്തിക്കുന്നു. കാണുന്നോ? അതിനുശേഷം അവൻ, പിന്നെ അവൻ ഒരു—ഒരു... അവനിൽ ദൈവത്തിന്റെ സൃഷ്ടി ശക്തിപോലും...ഉണ്ടായിരിക്കുന്നു. കുറഞ്ഞ പക്ഷം, അവനിൽ കൂടി ചെയ്യപ്പെടാനായി ദൈവം കല്പിക്കുമ്പോൾ, അത് നിവൃത്തിയാക്കപ്പെട്ടിരിക്കും. അങ്ങനെ നാം തിരികെ എത്തുന്നു. പിന്നെ ആ...

33 മോശെ, കാളകളുടെ രക്തത്തിൽ കീഴിലായി; അവൻ ആ പ്രകാശത്തെ, കത്തിയെരിയുന്ന മുൾപ്പടർപ്പിൽ അഗ്നി സ്തംഭത്തെ, കണ്ടുമുട്ടി. ദൈവം അവന് നല്കിയ ഒരു ഉത്തരവുമായി, അവൻ ചെന്ന്, അവിടെ നിന്നു. അവൻ ഒരു പ്രവാചകനായിരുന്നു. കർത്താവിന്റെ വചനം അവന്റെ അടുക്കൽ വന്നപ്പോൾ, അവൻ കല്പിക്കുകയും, വചനത്താൽ പല കാര്യങ്ങളും സൃഷ്ടിക്കപ്പെടുകയും ചെയ്തു.

34 ഇപ്പോൾ, കാളകളുടെ രക്തത്തിൽ കീഴിൽ, അത് ചെയ്യപ്പെട്ടിരുന്നു എങ്കിൽ, യേശുവിന്റെ രക്തത്തിൽ കീഴിൽ അത് എന്തായിരിക്കും? മൂടപ്പെട്ടതല്ല; മൊത്തമായി മോചിപ്പിക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ ദൈവ മുമ്പാകെ വീണ്ടെടുക്കപ്പെട്ട മകനായി നിൽക്കുന്നു.

ഇപ്പോൾ നോക്കു, സഭ അതിന്റെ ജീവിത നിലവാരം മറിക്കടന്നു അതിദൂരം പൊയ്ക്കഴിഞ്ഞിരിക്കുന്നു. പലപ്പോഴും, യഥാർത്ഥമായി മുന്നോട്ട് കടന്നു വന്ന്, പ്രശ്നങ്ങളെ നേരിടുന്നതിന് പകരം, എന്തു ചെയ്യണമെന്ന് ചിന്തിച്ച് സമയം കളയുകയാണെന്ന് ഞാൻ വിചാരിക്കുന്നു.

എന്റെ പക്കൽ ഞാൻ പറയാൻ ആഗ്രഹിക്കുന്ന ചില കാര്യങ്ങളുണ്ട്. അത് ഞാൻ—ഞാൻ തക്കസമയത്ത് പറയും.

35 ഇപ്പോൾ ശ്രദ്ധിക്കുക, സഭകളിൽ എവിടെയോ എന്തോ കുഴപ്പങ്ങളുണ്ട്. ഈ വിഭാഗീയ സഭാസമ്പ്രദായങ്ങൾ, ജനങ്ങളുടെ മനസ്സിനെ അവർ എന്തു ചെയ്യണമെന്നു അറിയാൻ കഴിയാത്ത ഒരവസ്ഥയിലേക്ക് തിരിച്ചു കളഞ്ഞു, എന്ന് ഞാൻ കരുതുന്നു. അത് ശരിയാണ്.

36 എന്നാൽ അത് വെളിപ്പെടുത്തപ്പെടും എന്ന് നമുക്ക് വാഗ്ദത്തം ചെയ്യപ്പെട്ടിരിക്കുന്നു. ഇവിടെ ഈ പുസ്തകം ഏഴു മുദ്രകളാലാണ് മുദ്രയിട്ടിരിക്കുന്നത്. ഇപ്പോൾ ആ ഏഴു മുദ്രകളും...

37 ഈ ഏഴു മുദ്രകൾ പൂർണ്ണമാക്കപ്പെട്ടു കഴിയുമ്പോൾ, വെളിപ്പാടിന്റെ 10-ൽ, അവിടെ യോഹന്നാന് എഴുതുവാൻ ആജ്ഞ ലഭിച്ചിരുന്ന, ഏഴ് നിഗൂഢമായ ഇടിനാദങ്ങൾ ഉണ്ടായിരുന്നു, എന്നാൽ അത് എഴുതുന്നത് വിലക്കപ്പെട്ടതായി, നാം കാണുന്നു. ആ ഇടി നാദങ്ങളുടെ സമയത്ത്, നാം ക്രിസ്തുവിനെ, അല്ലെങ്കിൽ, "ആ സമയത്ത്, ആ ദൂതൻ തലയിൽ ആകാശവില്ല് ധരിച്ച്, ഒരു കാൽ സമുദ്രത്തിന്മേലും മറ്റെ കാൽ ഭൂമിമേലും വച്ച് ഇനി കാലം ഉണ്ടാകുകയില്ല എന്ന് സത്യം ചെയ്തു പറഞ്ഞുകൊണ്ട് ഇറങ്ങുന്നത് നാം കാണുന്നു."

38 മുദ്രകളുടെ വെളിപ്പെടുത്തലിൽ, കുഞ്ഞാട് ഒരു മദ്ധ്യസ്ഥന്റെ ജോലി വിട്ട്, തന്റെ അവകാശങ്ങളെ, തന്റെ മരണത്താൽ താൻ വീണ്ടെടുത്തവരെയെല്ലാം, അവകാശപ്പെടാനായി മുന്നോട്ട് വരുന്നത് നാം കാണുന്നു.

39 അതിനുശേഷം, ആർക്കും പുസ്തകം തുറപ്പാൻ കഴിഞ്ഞിരുന്നില്ല. ആർക്കും അത് മനസ്സിലായിരുന്നില്ല. അത് ഒരു വീണ്ടെടുപ്പിന്റെ പുസ്തകമായിരുന്നു. ആത്മാവായ, പിതാവാം ദൈവത്തിന്റെ, കൈകളിലായിരുന്നു അത്, എന്തുകൊണ്ടെന്നാൽ ക്രിസ്തു ഒരു മദ്ധ്യസ്ഥനായി, ഏക മദ്ധ്യസ്ഥനായി, സിംഹാസനത്തിൽ ഇരിക്കുകയായിരുന്നു. ആകയാൽ, ഒരു വിശുദ്ധനോ, ഒരു മറിയത്തിനോ, ഒരു യോസേഫിനോ, മറ്റൊന്നിനും തന്നെ, ആ വേദിയിൽ ആയിരിക്കാൻ കഴിഞ്ഞിരുന്നില്ല, കാരണം അത് രക്തമായിരുന്നു. അവിടെ യേശുവിന്റെ രക്തത്തിന് മാത്രമേ

പ്രായശ്ചിത്തം നടത്താൻ കഴിഞ്ഞിരുന്നുള്ളൂ, അവിടെ ഒരു മദ്ധ്യസ്ഥനായി മറ്റൊന്നിനും തന്നെ അവിടെ നിൽക്കാൻ കഴിഞ്ഞിരുന്നില്ല. അത് ശരിയാണ്. അവിടെ മറ്റൊന്നും ഉണ്ടായിരുന്നില്ല.

40 അതുകൊണ്ട് ഈ യൂദായുടെ മദ്ധ്യസ്ഥത രാഷ്ട്രീയ നേട്ടത്തിനും, വിശുദ്ധ സിസിലിയുടെ മദ്ധ്യസ്ഥത തേടുന്നത് മറ്റെന്തിനോ വേണ്ടിയാകുന്നു, അതെല്ലാം വിഡ്ഢിത്തങ്ങളാകുന്നു. അത് അതല്ല... ആ ജനങ്ങൾ സത്യസന്ധരും, ആത്മാർത്ഥതയും ഇല്ലാത്തവരല്ല എന്ന് ഞാൻ അർത്ഥമാക്കുന്നില്ല. നിങ്ങൾ അത് ചെയ്യുന്നെങ്കിൽ, അത് ചെയ്യുന്നതിൽ നിങ്ങൾക്ക് ആത്മാർത്ഥതയില്ല എന്ന് ഞാൻ പറയുന്നത്. എന്നാൽ നിങ്ങൾ ചെയ്യുന്നത് തെറ്റാകുന്നു, നിങ്ങൾ—നിങ്ങൾ ആത്മാർത്ഥമായും തെറ്റ് ചെയ്യുന്നു. മാത്രമല്ല എന്തെങ്കിലും...

41 അവൻ പറഞ്ഞേക്കാം, "അതെ, ഈ—ഈ ദൂതൻ, ഇത്—ഇത് വിശുദ്ധ ബോണിഫറിന് പ്രത്യക്ഷനായിട്ട് *ഇതും, അതും, മറ്റേതും* പറഞ്ഞിട്ടുണ്ട്. അവർ ഇത് പറഞ്ഞിരിക്കണം." ആരെങ്കിലും എന്തെങ്കിലും ദർശനം കണ്ടു, ഞാൻ അല്പം പോലും, എന്റെ മനസ്സിൽ സംശയിക്കുന്നില്ല. യോസേഫ് സ്മിത്ത് ഒരു ദർശനം കണ്ടു, ഞാൻ—ഞാൻ സംശയിക്കുന്നില്ല, എന്നാൽ അത് ബാക്കിയുള്ള ദൈവത്തിന്റെ വചനവുമായിട്ട് ഒത്തുപോകുന്നില്ല. അതുകൊണ്ട്, ആ കാരണത്താൽ, എന്നെ സംബന്ധിച്ചിടത്തോളം, അത് തെറ്റാണ്. കാണുന്നോ? അത് ബാക്കിയുള്ള വചനത്തിന് അനുസരിച്ച് വന്നിരിക്കണം.

42 അപ്രകാരമാണ് സഭാകാലഘട്ടങ്ങളും, മുദ്രകളും, ബാക്കിയുള്ളതെല്ലാം ആയിരിക്കുന്നത്. അതുപോലെ ഈ ഏഴു ഇടിനാദങ്ങൾ തന്റെ പക്കലുണ്ട് എന്ന് ആരെങ്കിലും വിചാരിക്കുന്നെങ്കിലും, അത് ബാക്കിയുള്ള വചനത്തോട് താരതമ്യപ്പെട്ട് പോകുന്നില്ലെങ്കിലും, അതിൽ എന്തോ തെറ്റായിട്ടുണ്ട്. കാണുന്നോ? അത് കർത്താവ് ഇപ്രകാരം അരുളിചെയ്യുന്നു, എന്നതിന് അനുസരിച്ച് ആയിരിക്കണം, കാരണം *ഇതാകുന്നു* ആ പുസ്തകം. *ഇത്,* അതിന്റെ പരിപൂർണ്ണതയിൽ, യേശുക്രിസ്തുവിന്റെ വെളിപ്പാട് ആയിരിക്കുന്നു.

ഇപ്പോൾ, അതിനുശേഷമാണ് കുഞ്ഞാട് മുന്നോട്ട് കടന്നു വരുന്നതായി ഞാൻ—ഞാൻ വിശ്വസിക്കുന്നത്.

43 അവർക്കറിയില്ലായിരുന്നു. യോഹന്നാൻ കരയുകയായിരുന്നു. അവന് സ്വർഗ്ഗത്തിലോ, ഭൂമിയിലോ, ആരെയും കാണാൻ കഴിഞ്ഞില്ല, കാരണം എല്ലാവരും ആ പിളർപ്പിന്, പാപത്തിന്, അപ്പുറത്തായിരുന്നു. അവിടെ ഒരു മനുഷ്യനുമില്ല...ഒരു ദൂതൻ, തീർച്ചയായും, അവന്

യോഗ്യത ഉണ്ടാകും, എന്നാൽ എങ്ങനെയായാലും അതൊരു ബന്ധുക്കാരനായിരിക്കണം. അതൊരു മനുഷ്യജീവി ആയിരിക്കണം. അങ്ങനെ യാതൊന്നും അവിടെ ഇല്ലായിരുന്നു, കാരണം എല്ലാവരും ലൈംഗികതയാൽ ജനിച്ചിരുന്നു.

44 അതിന് വേണ്ടി ഇതിലൂടെ അല്ലാതെ ജനിച്ച ഒരുവനെ ആവശ്യമായിരുന്നു. അതിനാൽ ദൈവം സ്വയം കന്യകയിലൂടെ ജന്മമെടുത്തു, ഇമ്മാനുവേലായി തീർന്നു. അവന്റെ രക്തത്തിനു മാത്രമെ അതിന് യോഗ്യതയുള്ളൂ. അവൻ സ്വയം, ഈ പിളർപ്പ് മറികടന്നിട്ട്, വീണ്ടെടുപ്പിനായുള്ള വില കൊടുത്തു ബാക്കിയുള്ളവരായ നമുക്ക് വേണ്ടി വഴി നിർമിച്ചു തരികയും, പിന്നെ ഒരു മദ്ധ്യസ്ഥനായിരിക്കുകയും ചെയ്തു. അങ്ങനെ അവൻ അവിടെ മദ്ധ്യസ്ഥനായി ഇരിക്കുകയാകുന്നു.

45 ആ പുസ്തകം, യഥാർത്ഥത്തിൽ എല്ലാ സമയവും അടച്ചു വയ്ക്കപ്പെട്ടിരിക്കുന്നു. അത് അവിടെ തന്നെ ഉണ്ടായിരുന്നു. എന്നാൽ അത് അപ്പോഴും പ്രതിരൂപങ്ങളായിട്ടായിരുന്നു. അവർ അത് കണ്ടിരുന്നു. യോഹന്നാൻ പോലും അത് കണ്ടു. മുന്നറിയിപ്പിനാൽ, ആദ്യത്തേത് കടന്നു വന്നപ്പോൾ, അവൻ പറഞ്ഞു, "ഒരു വെള്ളക്കുതിര പുറപ്പെട്ടുപോകുന്നു; അവൻ പറഞ്ഞു ഒരു സവാരിക്കാൻ അതിന്മേൽ ഇരിക്കുന്നു; അവന്റെ കൈയിൽ ഒരു വില്ലുണ്ട്." അതൊരു പ്രതിരൂപമാകുന്നു. അത് വെളിപ്പെട്ടിരുന്നില്ല. ഇല്ല. അത് വെറുമൊരു പ്രതിരൂപമായിരുന്നു. ഈ ഭൂമിയിലുള്ള ഏതൊരു മനുഷ്യനും, അത് മാത്രമാണ് എല്ലാമായിട്ട് പറയാൻ കഴിഞ്ഞിരുന്നത്. അത് ശരിയാണ്. അവൻ, കുറച്ചു സമയം, *ഇവിടെയും അവിടെയും* തട്ടി ഇടറിവീഴാനും ഇടയുണ്ട് എന്നതിൽ യാതൊരു സംശയവുമില്ല.

46 എന്നാൽ, നാം അത് വെളിപ്പാട് പുസ്തകത്തിൽ, "ഏഴാമത്തെ ദൂതന്റെ സന്ദേശത്തിന്റെ കാലത്ത്, ആ മർമ്മങ്ങൾ, (എല്ലാ മർമ്മങ്ങളും) ആ സമയത്ത് വെളിപ്പെടുത്തും," എന്ന് നാം കണ്ടു. ഇപ്പോൾ, ഇത് വെളിപ്പാട് 10:1-7 ആകുന്നു, ആ സമയത്തിനനുസരിച്ച് അവൻ തന്റെ സന്ദേശം നല്കുമ്പോൾ, അത് വെളിപ്പെടുത്തപ്പെട്ടിരിക്കും.

47 അതിന്ശേഷം ഏഴു ഇടിനാദങ്ങൾ അതിന്റെ അപരിചതമായ ശബ്ദങ്ങൾ മുഴക്കിയപ്പോൾ, യോഹന്നാൻ എഴുതുവാൻ ഭാവിച്ചു. അത് എന്തായിരുന്നു എന്ന് യോഹന്നാൻ അറിഞ്ഞിരുന്നു, എന്നാൽ അവൻ—അവൻ അത് എഴുതിയില്ല, കാരണം അത് എഴുതുന്നതിന് അവൻ വിലക്കപ്പെട്ടിരുന്നു. അത് പരിപൂർണ്ണമായും, എല്ലാം കൂടി ഒരു രഹസ്യമാകുന്നു. അത് പ്രതിരൂപമായോ മറ്റോ യാതൊന്നുമായിട്ടും ഉണ്ടായിരുന്നില്ല. നാം ഇതു മാത്രം അറിയുന്നു...അത് ഇടിനാദം മുഴക്കി, അത്രമാത്രം.

48 ഇപ്പോൾ ഇതിനെക്കുറിച്ച് പഠിച്ചുകൊണ്ടിരിക്കുമ്പോൾ, ഞായറാഴ്ച, ഞായറാഴ്ച രാവിലെ, ഉണ്ടായിരുന്ന രോഗസൌഖ്യ ശുശ്രൂഷ നാം ഒഴിവാക്കിയിരിക്കുന്നു എന്ന കാര്യം മറക്കരുത്, കാരണം അത് ജനങ്ങളുടെ ചോദ്യങ്ങൾക്ക് ഉത്തരം പറയേണ്ടതിന്റെ കാരണത്താലാകുന്നു. ഇപ്പോൾ നിങ്ങൾക്ക് മനസ്സിലാക്കാനാകാതെയോ, ഈ ഏഴു മുദ്രകളെക്കുറിച്ചോ, എന്തെങ്കിലും നിങ്ങളുടെ ചിന്തകളെ അലട്ടുകയോ ചെയ്യുന്നെങ്കിൽ, നിങ്ങൾക്ക് അതിന് ഒരു ചോദ്യവും ഉണ്ടായിരിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. നമുക്ക് അത് ഏഴു മുദ്രകളെക്കുറിച്ച് എടുക്കാം. അങ്ങനെയെങ്കിൽ ശനിയാഴ്ച രാത്രിയോട് കൂടി എനിക്ക് അതിന് ഉത്തരം പറയാൻ കഴിയുമോ, ഇല്ലയോ അത്രയും സമയം മതിയോ എന്ന് എനിക്ക് പറയാൻ കഴിയുന്നതാണ്. അതിനുശേഷം മറ്റെന്തിനെക്കുറിച്ചോ, "ഞാൻ ഈ *കാര്യം* ചെയ്യണമോ?" അല്ലെങ്കിൽ ഒരു സ്വപ്നമായിരിക്കാൻ ഇടയുണ്ട്. അവയെല്ലാം നിലവാരമുള്ള കാര്യങ്ങളാണ്. എന്നാൽ അതെല്ലാം ഉപയോഗമുള്ള കാര്യങ്ങൾ തന്നെ. എന്നാൽ നമുക്ക് ഏഴു മുദ്രകളിൽ തന്നെ കേന്ദ്രീകരിച്ച് കൊണ്ട് നിൽക്കാം. അവിടെയാണ് നാം ഇപ്പോൾ ആയിരിക്കുന്നത്. നമുക്ക്... അതിനായിട്ട് തന്നെയാണ് ഈ യോഗം ഉദ്ദേശിച്ചിട്ടുള്ളത്, ഏഴു മുദ്രകളാകുന്നു. നമുക്ക് അതുമായി തന്നെ നേരെ നിൽക്കാം.

49 എനിക്ക് വീട്ടിലേക്ക് പോകേണ്ടത് ആവശ്യമാകുന്നു, കുറച്ച് യോഗങ്ങൾ പശ്ചിമ നാടുകളിലുണ്ട്. ഒന്നോ രണ്ടോ മാസത്തിനുള്ളിൽ, ഞാൻ തിരികെ എത്തും, കർത്താവ് അനുവദിക്കുന്ന പക്ഷം നമുക്ക് രോഗസൌഖ്യത്തിന്റെ ശുശ്രൂഷയോ മറ്റെന്തെങ്കിലും അതെന്തായിരുന്നാലും നമുക്ക് നടത്താൻ കഴിയുന്നതാണ്.

50 അതിനുശേഷം നമുക്ക് ഏഴു കാഹളങ്ങൾ ഇവിടെയുള്ളത്, ഇതു വരെയും കടന്നു വന്നിട്ടില്ലെന്നു, നിങ്ങൾ കാണുന്നു. ഇവിടെയെല്ലാം ഒരുമിച്ചാണ് ഇവിടെ എത്തുന്നത്. കൂടാതെ ഏഴു കലശങ്ങൾ, അത് ഒഴിക്കപ്പെടുന്നതിനായിട്ടുണ്ട്. അതുകൊണ്ട് ഇവയെല്ലാം കൂടി തമ്മിൽ കൂടിക്കലർന്ന് കിടക്കുന്നു. എന്നാൽ ഇതെല്ലാം ഇപ്പോഴും രഹസ്യങ്ങളാണ്.

51 ഇപ്പോൾ, കഴിഞ്ഞ രാത്രിയിൽ...ഒന്നാം മുദ്രയും കുതിര സവാരിക്കാരനും...പുറപ്പെട്ട് പോയത് നാം കണ്ടിരുന്നു. കർത്താവ്... എന്നെ അത്രയും സഹായിച്ചിട്ട്, എനിക്ക് ഇതിന് മുമ്പ് അത് അറിയില്ലായിരുന്നു. ഈ കാര്യങ്ങളിൽ യാതൊന്നും തന്നെ ഞാൻ ഒരിക്കലും ഇതിന് മുമ്പ് അറിഞ്ഞിരുന്നില്ല. അത് ശരിയാണ്. എനിക്ക് അറിഞ്ഞു കൂടായിരുന്നു.

52 എന്റെ ബൈബിളും എടുത്തു കൊണ്ട്, ഞാൻ അവിടേക്ക് ചെന്ന്, അത് ഇപ്രകാരം വെളിപ്പെട്ട് കാണപ്പെടുന്നതു വരെ ഞാൻ അവിടെ തന്നെ ഇരിക്കും. അപ്പോൾ ഞാൻ എന്റെ പേന എടുത്തിട്ട് എഴുതാൻ തുടങ്ങും. അങ്ങനെ അത് തീരുന്നതു വരെ ചിലപ്പോൾ മണിക്കൂറോളം ഞാൻ അവിടെ തന്നെ ഇരിക്കും.

53 അതിനുശേഷം ഞാൻ തിരികെ ചെന്ന്, അവൻ ഇത് എവിടെ പറഞ്ഞിരിക്കുന്നു എന്നു ഞാൻ കണ്ടുപിടിക്കുന്നു. "അതെ, അത് എവിടെയോ കണ്ടിട്ടുള്ളതു പോലെ എനിക്ക് തോന്നുന്നു." എന്ന് ഞാൻ വിചാരിക്കും. എന്റെ സൂചിക നിഘണ്ടു എടുത്തിട്ട് അതിലേക്ക് തിരികെ നോക്കാൻ തുടങ്ങും. "ഇതുപോലെ എന്തെങ്കിലും ഉണ്ടോ? *ഇവിടെ* ഇതാ അത് കിടക്കുന്നു. *ഇവിടെ* ഇതാ വീണ്ടും അത് കിടക്കുന്നു. അതാ പിന്നിൽ *ഇവിടെയും, അവിടെയും,* താഴേയും കിടക്കുന്നു." അതിനുശേഷം ഞാൻ അതെല്ലാം കൂടി കൂട്ടിയിണക്കുന്നു, അത് തിരുവെഴുത്ത് തിരുവെഴുത്തുമായി താരതമ്യപ്പെടുത്തുന്നിടത്തോളം അത് ദൈവമാകുന്നു എന്ന് ഞാൻ അറിയുന്നു. അപ്രകാരമാണ് അത് ചെയ്തിരിക്കേണ്ടത്. അത് കെട്ടിടം പണിയുമ്പോൾ, കല്ലിന്മേൽ കല്ലുകൾ ഓരോന്നായി തമ്മിൽ ചേർത്തു വച്ച്, യോജിച്ച് പോകേണ്ടത് ആവശ്യമായിരിക്കുന്നത് പോലെയാകുന്നു.

54 ഇപ്പോൾ, കഴിഞ്ഞ രാത്രിയിൽ നമുക്ക് മൂന്നാം മുദ്രയുടെ തുറക്കപ്പെടലായിരുന്നു ഉണ്ടായിരുന്നത്. ആദ്യത്തേത് വെള്ളക്കുതിര ആയിരുന്നു, അടുത്തേത് ചുവന്ന കുതിരയും, അതിനു ശേഷം ഒരു കറുത്ത കുതിരയുമായിരുന്നു. എല്ലാസമയത്തും, സവാരിക്കാരൻ ഒരാൾ തന്നെ ആയിരുന്നു, എന്നു നാം കണ്ടു; അത് എതിർക്രിസ്തുവായിട്ട്, തുടങ്ങിയിരുന്നു. അവന് കിരീടം ഉണ്ടായിരുന്നില്ല, എന്നാൽ പിന്നീട് അവൻ എടുക്കുന്നു. അതിന് ശേഷം, ഭൂമിയിൽ നിന്നും സമാധാനം എടുത്തു കളയുന്നതിനായി, അവന് ഒരു വാൾ നൽകപ്പെടുന്നതു നാം കണ്ടു, അവൻ അതുമായി ചെയ്യുന്നത് നാം കണ്ടു. അതിനുശേഷം അവൻ സഭയ്ക്ക് പണം നൽകുന്ന മതസമ്പ്രദായങ്ങളുമായി എത്തിയിട്ട് *ഇതിന്* ഒരു പണം, രണ്ട് പണത്തിന് *അത്,* എന്ന് അളക്കുന്നത് നാം കണ്ടിരുന്നു. എന്നാൽ അല്പം ശേഷിപ്പുണ്ടായിരുന്ന എണ്ണക്കും വീഞ്ഞിനും കേടുവരുത്തരുത് എന്ന് വിലക്കപ്പെട്ടിരുന്നു.

55 അതിനു ശേഷം എണ്ണയും വീഞ്ഞും എന്തായിരുന്നുവെന്നും അതിന്റെ ഫലം എന്തൊക്കെയാണെന്നും ചിത്രീകരിക്കപ്പെട്ട്, കഴിഞ്ഞ രാത്രിയിൽ അവസാനിപ്പിക്കുമ്പോൾ, നാം കണ്ടിരുന്നു. നാം...അത് ഒരു സ്വല്പം കഠിനമായി തോന്നിപ്പിച്ചേക്കാം, എന്നാൽ ഞാൻ... അത് കൃത്യമായും സത്യമാകുന്നു. കാണുന്നോ? ഇപ്പോൾ നാം വിട്ടു

പോയിടത്തു നിന്നും, നമുക്ക് കുറച്ച് നിമിഷത്തേക്ക്, ഇപ്പോൾ അതിന്റെ ഒരു ചെറിയ അവലോകനം നടത്താം. നാം വിട്ടിടത്തു നിന്നും, വീഞ്ഞിന്റെ ശക്തിയും, എണ്ണ എന്താണ് പ്രതിനിധികരിച്ചിരുന്നത്, ആത്മാവായിരുന്നു എന്നും നാം കണ്ടു. ഇപ്പോൾ അതെല്ലാം നിങ്ങൾ എഴുത്തിയെടുത്തിട്ടുണ്ടെന്ന് ഞാൻ കരുതുന്നു. ഇല്ലെങ്കിൽ അത് നിങ്ങൾക്ക് ടേപ്പുകളിൽ കണ്ടെത്താവുന്നതാണ്. എണ്ണ എല്ലായ്പ്പോഴും, പരിശുദ്ധാത്മാവിന്റെ പ്രതിരൂപമാണെന്ന് തിരുവെഴുത്തിൽ നിങ്ങൾക്ക് എവിടെയാണ് കാണാൻ കഴിയുമെന്നുള്ളത് കണ്ടിരുന്നു. അത് ബുദ്ധിയില്ലാത്ത കന്യകമാർ എണ്ണയില്ലാതെയും, ബുദ്ധിയുള്ള കന്യകമാർ എണ്ണയോട് കൂടിയും ആയിട്ട്, അത് പരിശുദ്ധാത്മാവ് ആകുന്നു. അതിനുശേഷം പ്രവാചകന്മാരും മറ്റും പിന്നിലായി നാം കണ്ടിരുന്നു. അതുമല്ല ഇപ്പോൾ ഞാൻ...

56 ഞാൻ എല്ലാ തിരുവെഴുത്തുകളും ഇതിനുവേണ്ടി ഞാൻ ഇവിടെ എടുക്കാൻ ശ്രമിക്കുന്നില്ല. സമയം കൂടുതലായി എടുക്കുന്നതിന്റെ കാരണത്താൽ, അതോടൊപ്പം നമുക്ക് പറയാൻ കഴിയാത്ത പല കാര്യങ്ങളും ഉണ്ടായിരുന്നു. എന്നാൽ തിരുവെഴുത്തുകളാലും മറ്റും വളരെയധികം കാര്യങ്ങൾ ജനങ്ങൾക്ക് നൽകാൻ ശ്രമിച്ചിട്ട് അതിനാൽ അവർക്ക് അത് ചിത്രീകരിക്കപ്പെട്ട് കാണാനും അറിയുവാനും കഴിയും. ഈ മുദ്രകളിൽ ഒന്നിൽ നിങ്ങൾ ഒരു വട്ടം ഇരിക്കുകയാണെങ്കിൽ, എന്റെ, എല്ലാ രാത്രിയിലും, ഒരു മാസത്തേക്കുള്ള സന്ദേശങ്ങൾ നിങ്ങൾക്ക് ഈ മുദ്രകളിൽ നിന്ന് തന്നെ കിട്ടുകയും, അപ്പോഴും അവയിൽ ഒന്നു പോലും തൊടാൻ തന്നെ കഴിയുകയുമില്ല. അത്രയധികം കാര്യങ്ങൾ അതിൽ പറയുന്നതിനു വേണ്ടിയുണ്ട്. എന്നാൽ അതിന്റെ പ്രധാനമായ കാര്യങ്ങൾ മാത്രം പറഞ്ഞു കൊണ്ട് അതിനെക്കുറിച്ച് അത് എന്താണ് പറയുന്നതെന്ന് നിങ്ങൾക്ക് കാണാൻ കഴിയും.

57 ഇപ്പോൾ എണ്ണ പരിശുദ്ധാത്മാവിന്റെ പ്രതിരൂപമാകുന്നു. അതിനുശേഷം എണ്ണയും വീഞ്ഞും ആരാധനയുമായി ബന്ധപ്പെട്ടിരിക്കുന്നു എന്ന് നാം കണ്ടിരുന്നു, നോക്കൂ, എല്ലായ്പ്പോഴും ആരാധനയുമായി ബന്ധപ്പെട്ടിരിക്കുന്നു.

58 വീഞ്ഞ്, അതിനെക്കുറിച്ച് ഞാൻ പറഞ്ഞു, വീഞ്ഞ് പ്രതിനിധീകരിക്കുന്നത് ശക്തിയാകുന്നു, അത് വെളിപ്പാടിനാലുണ്ടാകുന്ന ഉത്തേജനത്തിന്റെ ശക്തിയാകുന്നു. കാണുന്നോ? അത് എന്തെങ്കിലും വെളിപ്പെടുമ്പോൾ സംഭവിക്കുന്നതാകുന്നു. അത് വിശ്വാസിക്ക് ഉത്തേജനം നൽകുന്നു. കാരണം അത് വെളിപ്പാടിനാൽ സമ്മാനിക്കപ്പെടുന്നതിനാൽ

ആകുന്നു. കാണുന്നോ? അത് ദൈവം പറഞ്ഞിട്ടുള്ള എന്തോ ഒരു കാര്യമായി, അതൊരു മർമ്മമായിരുന്നു; അവർക്കത് മനസ്സിലായിരുന്നില്ല, നോക്കു. പിന്നെ, കുറച്ച് സമയം കഴിഞ്ഞപ്പോൾ ദൈവം കടന്ന് വരികയും, അത് വെളിപ്പെടുത്തുകയും, അത് ന്യായീകരിക്കുകയും ചെയ്യുന്നു.

59 ഓർക്കുക, സത്യമാണ് വെളിപ്പെട്ടതെങ്കിൽ, സത്യം സമർത്ഥിക്കപ്പെടുകയും ചെയ്യും. ദൈവം, തുടർച്ചയായി, ഒരു വ്യക്തി എത്ര മിടുക്കനായിരുന്നാലും, തന്റെ മനസ്സിൽ എത്ര പ്രതിഭാശാലി ആയിരുന്നാലും; അവൻ പറയുന്നതിനെ ദൈവം പിന്താങ്ങുന്നില്ലെങ്കിൽ അവിടെ എന്തോ തെറ്റായിട്ടുണ്ട്. കാണുന്നോ? ശരിയാണ്. കാരണം, ഇത് വചനമാകുന്നു.

60 ഇപ്പോൾ, ദൈവത്തിന്റെ പ്രചോദനത്താൽ മോശെ അവിടേക്ക് പുറപ്പെട്ട് ചെന്ന്, "ഈച്ചകൾ ഉണ്ടാകട്ടെ," എന്ന് പറഞ്ഞപ്പോൾ ഈച്ചകൾ വന്നു. പറഞ്ഞു, "തവളകൾ വരട്ടെ." തവളകൾ വന്നു.

61 നോക്കു, "ഈച്ചകൾ കടന്നു വരട്ടെ," എന്ന് അവൻ പറയുകയും, അവ വരാതിരിക്കുകയും ചെയ്തെങ്കിൽ എന്തായിരുന്നേനെ? നോക്കു, അപ്പോൾ അവൻ കർത്താവിന്റെ വചനമല്ല കല്പിച്ചത്, നോക്കു; അവൻ സംസാരിച്ചു, അവൻ തന്റെ സ്വന്ത വാക്കാണ് പറഞ്ഞത്. അവിടെ ഈച്ചകൾ ഉണ്ടാകണം എന്ന് വിചാരിച്ചിരിക്കാനുള്ള സാധ്യതയുണ്ട്. എന്നാൽ, അവിടെ—അവിടേയ്ക്ക് ഒരു ഈച്ചയും വന്നില്ല, കാരണം ദൈവം അവനോടു അപ്രകാരം കല്പിച്ചിരുന്നില്ല.

62 ദൈവം നിങ്ങളോട് എന്തെങ്കിലും പറയുകയാണെങ്കിലോ, അവൻ പറയുകയാണ്, "നീ ചെന്ന് *ഇത്* ചെയ്യുക, ഞാൻ നിന്നോടൊപ്പം തന്നെ ഉണ്ടായിരിക്കും, കാരണം ഇതെന്റെ വചനമാകുന്നു," അതുമല്ല അത് അവൻ ബൈബിളിൽ നിന്നും കാണിക്കുകയാണെങ്കിൽ, പിന്നെ ദൈവം നേരെ അതിന് പിന്നിലായി നിൽക്കുന്നു. അത് തിരുവെഴുത്തിൽ എഴുതപ്പെട്ടിട്ടില്ലെങ്കിൽ തന്നെയും, അത് ദൈവത്തിന്റെ വാക്കാണെങ്കിൽ, എങ്ങനെയൊക്കെയായാലും, ദൈവം അതിന്റെ പിന്നിലായി നിൽക്കും.

63 എന്തെങ്കിലും പിന്നെ അതിനും പുറമേ ഉള്ളതാണെങ്കിൽ, അത് പ്രവാചകന്മാർക്ക് വെളിപ്പെടുത്തി കൊടുക്കുന്നു. ദൈവത്തിന്റെ എല്ലാ രഹസ്യങ്ങളും പ്രവാചകന്മാർക്ക്, അവർക്കു മാത്രമാണ്, അവൻ വെളിപ്പെടുത്തുന്നതെന്ന് നാം തിരിച്ചറിഞ്ഞിരിക്കുന്നു. ആമോസ് 3:7 നോക്കുക.

64 ഇപ്പോൾ, ഇപ്പോൾ, വെളിപ്പാടിന്റെ ശക്തി വിശ്വാസിയ്ക്ക് പ്രചോദനം നൽകുന്നു. കാരണം, വീഞ്ഞിന്റെ ശക്തി, പ്രാകൃതമായ വീഞ്ഞും, ഉത്തേജിപ്പിക്കുന്നു. കാണുന്നോ? അത്, ശക്തി നഷ്ടപ്പെട്ട് തളർന്നു പോയ ഒരു മനുഷ്യനെ, ഉത്തേജിപ്പിച്ചു കൊണ്ട് വരുന്നതാകുന്നു. മനസ്സിലായോ? കാണുന്നോ? അങ്ങനെ, എങ്കിൽ, ഇപ്പോൾ, വചനത്തിന്റെ വെളിപ്പാടിനാൽ ഉണ്ടാകുന്ന ശക്തി, അത് വിശ്വാസിക്ക് ആനന്ദത്തിന്റെ ഉത്തേജനം നൽകുന്നു, സന്തുഷ്ടിയുടെ ഉത്തേജനം നൽകുന്നു, അത് സമർത്ഥിക്കപ്പെട്ടിരിക്കുന്നു എന്നു ഉത്തേജിപ്പിക്കുന്നു.

65 തിരുവെഴുത്തിൽ, അതിനെ വിളിക്കുന്നത്, നാം അതിനെ ഇവിടെ സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നു, "പുതിയ വീഞ്ഞിനെപ്പോലെ," എന്നാകുന്നു. നാം എല്ലായ്പ്പോഴും അതുപോലെ തന്നെ അതിനെ സൂചിപ്പിക്കാൻ ഇഷ്ടപ്പെടുന്നു. "ഇവർ പുതുവീഞ്ഞ് കുടിച്ച് മത്തരായിരിക്കുന്നു." കാണുന്നോ? ശരിയാണ്. അല്ലെങ്കിൽ "ആത്മീയ വീഞ്ഞ്," അതിന്റെ ശരിയായ വ്യാഖ്യാനമായിരിക്കുമെന്ന് ഞാൻ ചിന്തിക്കുന്നു. ഇവർ "ആത്മീയ വീഞ്ഞ്," കുടിച്ചിരിക്കുന്നു. പ്രകൃത്യാലുള്ള വീഞ്ഞ് ഉത്തേജനശക്തിയെ സ്വയം വെളിപ്പെടുത്തുന്നതു പോലെ, അത് ദൈവത്തിന്റെ വചനത്തെ വെളിപ്പെടുത്തുമ്പോൾ, അത് ആത്മാവാകുന്നു, പുതിയ വീഞ്ഞും ചെയ്യുന്നു. ഓ! അവിടെയൊരു... അതൊരു...നോക്കു, വചനം സ്വയം തന്നെ ആത്മാവാകുന്നു. നിങ്ങൾ ഇത് വിശ്വസിക്കുന്നുണ്ടോ? [പള്ളിയിൽ കൂടിയിരിക്കുന്നവർ പറയുന്നു, "ആമേൻ."—Ed.]

66 നമുക്കത് വായിക്കാം. വിശുദ്ധ യോഹന്നാൻ 6-ൽ നിന്നും, നമുക്കത് വായിക്കാം. ഇപ്പോൾ നമുക്ക്...അതേ അപ്പോൾ, പിന്നെ നിങ്ങൾ ഇത് "മറ്റാരോ പറഞ്ഞതാണെന്ന്," പിന്നെ പറയുകയില്ല. ഇത് ആരാണ് പറഞ്ഞിരിക്കുന്നതെന്ന് നമുക്ക് നോക്കാം, അപ്പോൾ ഇത് സത്യമാണോ അല്ലയോ എന്ന് നമുക്കറിയാൻ കഴിയും. വിശുദ്ധ യോഹന്നാൻ 6-ാംഅദ്ധ്യായം. 6-ാം അദ്ധ്യായത്തിന്റെ 63-ാം വാക്യമെന്ന്, ഞാൻ വിചാരിക്കുന്നു, ശരി, ഇത് തന്നെയാകുന്നു അതെന്ന്, ഞാൻ വിചാരിക്കുന്നു. ശരി.

> *ജീവിപ്പിക്കുന്നത് ആത്മാവു ആകുന്നു; മാംസം ഒന്നിനും ഉപകരിക്കുന്നില്ല; ഞാൻ നിങ്ങളോട് സംസാരിച്ച വചനങ്ങൾ ആത്മാവും ജീവനും ആകുന്നു.*

67 വചനം തന്നെ സ്വയം ആത്മാവാകുന്നു. ആത്മാവ് വചനത്തിന്റെ രൂപത്തിലാകുന്നു. അതിനുശേഷം, അത് ജീവിക്കപ്പെടുമ്പോൾ, അല്ലെങ്കിൽ ഉയിർപ്പിക്കപ്പെടുമ്പോൾ, വചനത്തിലുള്ള ആത്മാവ്

പ്രവൃത്തിയിലായിട്ട്, പെരുമാറാൻ തുടങ്ങുന്നു. കാണുന്നോ? എന്തെന്നാൽ അത്...

68 ഇപ്പോൾ ഇവിടെ ശ്രദ്ധിക്കുക. ഒരു വിചാരം വചനമാകുന്നതിന് മുമ്പ് ഒരു വിചാരമാകേണ്ടതുണ്ട്. പിന്നെ ഒരു വിചാരം പ്രകടിപ്പിക്കപ്പെടുമ്പോൾ അതൊരു വചനമാകുന്നു. ഇപ്പോൾ ഇത് ദൈവത്തിന്റെ വിചാരമായി, അവൻ ഈ വചനത്തിൽ സ്ഥാപിച്ചിരിക്കുന്നു. അതിനുശേഷം നാം അവനിൽ നിന്നും അത് സ്വീകരിക്കുമ്പോൾ, അത് വചനമായി തീരുന്നു.

69 മോശെ എന്തു ചെയ്യണമെന്ന് ദൈവം വെളിപ്പെടുത്തി കൊടുത്തു. മോശെ അതു കല്പിച്ചു, അത് സംഭവിച്ചു. കാണുന്നോ? അത് യഥാർത്ഥമായി ദൈവത്തിൽ നിന്നും വരുമ്പോൾ, അങ്ങനെയാകുന്നു അത്.

70 അത്—അത് ഉത്തേജനം നല്കിയിട്ട്, അത്—അത് ആനന്ദത്തെ തരുന്നു, കാരണം അത് ദൈവത്തിന്റെ വചനമാകുന്നു എന്ന് നാം കണ്ടു പിടിച്ചിരിക്കുന്നു. പുതിയ വീഞ്ഞ്, ആ പുതിയ വീഞ്ഞ്, വചനത്തെ വെളിപ്പെടുത്തുമ്പോൾ, അത് ഉത്തേജിപ്പിക്കുന്നു. അപ്പോൾ, അത് ചിലനേരങ്ങളിൽ, അളവില്ലാത്ത സന്തോഷത്തെ കൊണ്ടു വരുന്നു. നാം അതിൽ കൂടെ കടന്നു കഴിഞ്ഞിരിക്കുന്നു. അതായത് അത് അത്രമാത്രം സന്തോഷത്തെ നിങ്ങളിൽ നിറഞ്ഞു കവിയുന്നതു വരെ കൊണ്ടുവരുന്നു.

71 ഇപ്പോൾ, വളരെയധികം മതഭ്രാന്തും, അതുപോലെയുള്ള കാര്യങ്ങളുമായിട്ട് ജനങ്ങൾ മുന്നോട്ട് പോകുന്നു എന്നെനിക്കറിയാം. ചിലപ്പോൾ സംഗീതത്തിനനുസരിച്ച് മേലൊട്ടും താഴോട്ടും ചാടുന്നത് എനിക്കറിയാം. അങ്ങനെ നടക്കുന്നു എന്ന് എനിക്കറിയാം. ഞാനും—ഞാനും, കൂടെ, അത് വിശ്വസിക്കുന്നു. എന്നാൽ ജനങ്ങൾ സംഗീതം തുടർന്നു പോകുന്നതിന് അനുസരിച്ച് തുള്ളിചാടുകയും ഒച്ച വെക്കുകയും ചെയ്യും; എന്നാൽ സംഗീതം നിൽക്കുമ്പോൾ അവരും നിന്നു പോകുന്നു, അതു നിൽക്കുന്നു. കാണുന്നോ? ഞാൻ വിശ്വസിക്കുന്നു...കൊള്ളാം, അത്, അത് എന്നെ സംബന്ധിച്ചിടത്തോളം അവർ ഒരു നേരായ ജീവിതം നയിക്കുന്നെൽ അത് അപ്പോഴും ശരിയാകുന്നു എന്ന് ഞാൻ വിശ്വസിക്കുന്നു. പിന്നെ...

72 എന്നാൽ, ഇപ്പോൾ, നിങ്ങൾ വചനം കൊണ്ടു വരാൻ തുടങ്ങുമ്പോൾ! ഇപ്പോൾ, അതായത് യഥാർത്ഥ ജീവനെ കൊണ്ടു വരുന്നത്, അത് വചനമാകുന്നു, അത് പുതുവീഞ്ഞിന്റെ സന്തോഷത്താലുള്ള ഉത്തേജനത്തെ കൊണ്ടുവരുന്നു. കാണുന്നോ?

അതെ. അതായിരുന്നു പെന്തെക്കോസ്തു നാളിൽ വചനം സമർത്ഥിക്കപ്പെട്ടപ്പോൾ സംഭവിച്ചത്.

73 ഇപ്പോൾ നോക്കു. നോക്കു, യേശു അവരോട്, ലൂക്കൊസ് 24:49-ൽ പറഞ്ഞു, “പിതാവ് വാഗ്ദത്തം ചെയ്തതിനെ ഞാൻ നിങ്ങളുടെ മേൽ അയയ്ക്കും; നിങ്ങളോ ഉയരത്തിൽ നിന്നും ശക്തി ധരിക്കുവോളം യെരുശലേമിൽ പാർപ്പിൻ.” പിതാവിന്റെ വാഗ്ദത്തം എന്തായിരുന്നു? യോവേൽ 2:28, നാം കണ്ടിരുന്നു. “അവൻ ആത്മാവിനെ പകരാൻ പോകുകയാണെന്ന്,” നാം കാണുന്നു. യെശയ്യാവ് 28:19-ൽ, “വിക്കി വിക്കി പറയുന്ന അധരങ്ങളാലും അന്യഭാഷയിലും അവർ സംസാരിക്കും,” അങ്ങനെ എപ്രകാരം ഈ കാര്യങ്ങളെല്ലാം ഇവിടെ പറഞ്ഞിരിക്കുന്നു.

74 അവർ അവിടേയ്ക്ക് പോയി. നാം അതിൽ കൂടെ കടന്ന് പോയപ്പോൾ, ഒരുപക്ഷേ ഒരാൾ പറഞ്ഞിരിക്കാം, “കൊള്ളാം, നാം വളരെ സമയമായി കാത്തിരിക്കുന്നു. നമുക്കിത് വിശ്വാസത്താൽ സ്വീകരിക്കാം.” അതൊരു നല്ല ബാപ്റ്റിസ്റ്റ് ഉപദേശമായിരിക്കാം. എന്നാൽ ആ സഹോദരന്മാരിൽ അത് അല്പം പോലും ഏശിയില്ല.

75 അതുകൊണ്ട് അപ്പോൾ, ആദ്യമായിട്ട് ആവശ്യമുള്ളത്, അതൊരു യാഥാർത്ഥ്യം ആയിത്തീരണം എന്നുള്ളതാണ്. വചനം സമർത്ഥിക്കപ്പെടുന്നതിന്, വേണ്ടി അവരുടെ സുവിശേഷ വേലയ്ക്കായി അവർ കാത്തിരുന്നു. നിങ്ങൾ പരിശുദ്ധാത്മാവിനായി അന്വേഷിക്കുമ്പോഴും നിങ്ങളും അതേ കാര്യം തന്നെ ചെയ്യുന്നു.

76 അതെ, നിങ്ങൾക്കത് വിശ്വാസത്താൽ സ്വീകരിക്കാൻ കഴിയും. ക്രിസ്തുവിനെ നിങ്ങൾ വിശ്വാസത്താൽ സ്വീകരിക്കേണ്ടതായിട്ടുണ്ട്. അത് കൃത്യമായും ശരിയാണ്. നിങ്ങൾ പരിശുദ്ധാത്മാവിനെ വിശ്വാസത്താൽ സ്വീകരിച്ചാൽ; നിങ്ങളുടെ വിശ്വാസത്തെ സ്വീകരിക്കുന്നു എന്നതിന്റെ സാക്ഷിയായി പരിശുദ്ധാത്മാവ് വന്ന് നിങ്ങൾക്ക് പരിച്ഛേദന നൽകുന്നു. അതിനുശേഷം, നോക്കു, “അബ്രഹാം ദൈവത്തിൽ വിശ്വസിച്ചു, അത് അവന് നീതിയായി കണക്കിട്ടു.” എന്നാൽ അവൻ അവന്റെ വിശ്വാസം സ്വീകരിച്ചു എന്നതിന്റെ ഉറപ്പിനായി പരിച്ഛേദന എന്ന അടയാളം ദൈവം നൽകി.

77 അതുകൊണ്ട് അതേ കാര്യം തന്നെയാണ് നമ്മളും ചെയ്യേണ്ടത്. നാം പരിശുദ്ധാത്മാവിന് വേണ്ടി അവൻ നമ്മിൽ എന്തെങ്കിലും ചെയ്യുന്നത് വരെ കാത്തിരിക്കണം; അത് നാം അന്യഭാഷയിൽ സംസാരിച്ചിരിക്കണം എന്നോ, നാം നൃത്തം ചെയ്തിരിക്കണമെന്നോ, അല്ലെങ്കിൽ വികാരാവേശനായി ഒച്ചവെച്ചക്കേണ്ടതുണ്ടെന്നോ ഇല്ല. നാം മാറ്റപ്പെടുന്നത് വരെ; യഥാർത്ഥത്തിൽ എന്തെങ്കിലും

സംഭവിക്കുന്നതു വരെ! അത് ഏതു രൂപത്തിൽ വരുന്നു എന്നുള്ളത് ഞാൻ കാര്യമാക്കുന്നില്ല. അവിടെ എന്തെങ്കിലും സംഭവിച്ചിരിക്കണം, അതാണ് അതിന്റെ മുഖ്യമായ കാര്യം.

78 അന്യഭാഷയിൽ സംസാരിക്കുന്നതും അതുപോലെയുള്ള ഈ കാര്യങ്ങളെല്ലാം ശരിയാണെന്ന് ഞാൻ വിശ്വസിക്കുന്നു, എന്നാൽ അത് സ്വയം അതിൽ തന്നെ പ്രാവർത്തികമാകുന്നില്ല. അത് പ്രാവർത്തികമാക്കുന്നില്ലെന്ന് നിങ്ങൾ തന്നെ അറിയുന്നു. അതുകൊണ്ട് അത് അങ്ങനെ ചെയ്യുന്നില്ല.

79 മന്ത്രവാദിനികൾ അന്യഭാഷകളിൽ സംസാരിക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്, മാന്ത്രികൻ അന്യഭാഷയിൽ സംസാരിച്ചു കൊണ്ട് ആത്മാവിൽ നൃത്തം ചെയ്തു ഞാൻ കണ്ടിട്ടുണ്ട്. തീർച്ചയായും. ഒരു പെൻസിൽ നിലത്തിട്ടാൽ അത് അന്യഭാഷകളിൽ എഴുതും. ആരെങ്കിലും അത് വ്യാഖ്യാനിച്ചിട്ട്, അത് ശരിയാണ്, സത്യം എന്താണെന്ന് പറയും. അത് ശരിയാണ്. എന്താണ് സംഭവിച്ചതെന്ന് അത് എഴുതുകയും, അത് അങ്ങനെ തന്നെ ആയിരിക്കുകയും ചെയ്യുന്നു. നോക്കൂ, അവർ അവരുടെ തലയിൽ മണ്ണ് വാരി വിതറുകയും, കത്തികൊണ്ട് അവരെത്തന്നെ മുറിവേല്പിക്കയും, ഏതെങ്കിലും കാട്ടുമൃഗത്തിന്റെ രക്തത്തിൽ അവരെ തന്നെ മുഴുവൻ തളിക്കുകയും അങ്ങനെയുമെല്ലാമായിട്ട് തീർച്ചയായും നോക്കൂ, പിശാചിനെ വിളിക്കും. അതുകൊണ്ട്, നിങ്ങൾ നോക്കൂ, അത് ചെയ്യുന്നില്ല...

80 അന്യഭാഷകളിൽ സംസാരിക്കുന്നതിനാൽ അതു കിട്ടി എന്നല്ല. "ഞാൻ മനുഷ്യരുടെയും ദൂതന്മാരുടെയും ഭാഷകളിൽ സംസാരിച്ചാലും, എനിക്ക് സ്നേഹമില്ല എങ്കിൽ, എനിക്ക് ഏതുമില്ല. നോക്കൂ, എനിക്കത് ചെയ്യാൻ കഴിഞ്ഞാലും!" മനസ്സിലായോ? അതുകൊണ്ട് ഈ കാര്യങ്ങൾ നിങ്ങൾക്ക് പരിശുദ്ധാത്മാവ് ഉണ്ടെന്ന് അർത്ഥമാക്കുന്നില്ല.

81 എന്നാൽ അവൻ, ആ വ്യക്തി, ക്രിസ്തുവിന്റെ നിത്യാത്മാവ് നിങ്ങളുടെ വ്യക്തിപരമായ രക്ഷിതാവായി കഴിഞ്ഞ്, നിങ്ങളെ മാറ്റുകയും, നിങ്ങളുടെ ചിന്തകളെ നേരെ കാൽവരിയിലേക്കും, ഈ വചനത്തിലേക്കും തിരിക്കുമ്പോൾ എന്തോ സംഭവിച്ചിരിക്കുന്നു. അതെ ശ്രീമാൻ, എന്തോ ചിലതു സംഭവിച്ചിരിക്കുന്നു. മറ്റാർക്കും അതിനെക്കുറിച്ച് നിങ്ങളോട് പറയേണ്ട ആവശ്യമില്ല. അത് സംഭവിക്കുമ്പോൾ നിങ്ങൾ തന്നെ അതറിയും.

82 പുതു വീഞ്ഞ്, വെളിപ്പാട് കൊണ്ടുവരുമ്പോൾ, അപ്പോൾ അത്—അത് വെളിപ്പെട്ടിരിക്കുന്നു.

83 അത് അപ്രകാരമായിരുന്നു പെന്തെക്കോസ്ത നാളിൽ സംഭവിച്ചത്. അവരുടെ മേൽ ഒരു ആത്മാവ് അത്—അത് ചൊരിയപ്പെട്ടും എന്ന് അവർ അറിഞ്ഞിരുന്നു, ഇത് സംഭവിക്കും വരെ അവർ അതിനായി കാത്തിരുന്നു. ആ വെളിപ്പാടിന്റെ സമർത്ഥനം ഉണ്ടായപ്പോൾ, അപ്പോൾ, ഉത്തേജനം അവരുടെ മേൽ ആയിതീർന്നു. അവർ തീർച്ചയായും ഉത്തേജിക്കപ്പെട്ടു. അതോടൊപ്പം അവർ പ്രചോദിക്കപ്പെട്ടു. അവർ, നേരെ തെരുവിലേക്കിറങ്ങി; അവർ നേരത്തെ അവിടെ പോകാൻ ഭയപ്പെട്ടിട്ട് മുറി അടച്ചു പൂട്ടി ഇരുന്നിരുന്നു. അവർ തെരുവിലേയ്ക്കിറങ്ങാൻ; അവിടെ അവർ ഒരുക്കൂട്ടം ജനങ്ങളെ ഭയന്നിരുന്നു; അവർ അവിടെ അവരോടു സുവിശേഷം പ്രസംഗിക്കാൻ തുടങ്ങി! അത് ശരിയാണ്. കാണുന്നോ? എന്തോ ചിലതു സംഭവിച്ചിരുന്നു, കാരണം യഥാർത്ഥ വാഗ്ദത്ത വചനം സമർത്ഥിച്ചു കഴിഞ്ഞിരുന്നു.

84 നമുക്കിപ്പോൾ ഒരു നിമിഷത്തേക്ക് ഇവിടെ നിർത്താം. ഇപ്പോൾ അത് ആ മനുഷ്യരുടെ ഇടയിൽ അത്രയും വ്യക്തമായ മാറ്റം കൊണ്ടുവന്നെങ്കിൽ അതായത് അവർ—അവർ...മിക്കവാറും അവരിൽ എല്ലാവരും തന്നെ അവരുടെ സാക്ഷ്യം സ്വന്ത രക്തത്താൽ മുദ്രയിട്ടു. എന്തൊക്കെയുണ്ടായി എന്നത് ഒരു കാര്യമല്ല, അവർ ജീവിച്ചിരുന്നിടത്തോളം അവർ ഒരിക്കലും അതിന് പുറത്ത് പോയിരുന്നില്ല. അത് അവിടെതന്നെ നിന്നു, കാരണം അത് സമർത്ഥിക്കപ്പെട്ട സത്യ വചനമായിരുന്നു. വെളിപ്പാട് സമർത്ഥിക്കപ്പെട്ടു കഴിഞ്ഞിരുന്നു. അവരുടെ സ്വന്ത രക്തത്താൽ, അവരുടെ സാക്ഷ്യങ്ങളെ മുദ്രയിട്ടുകൊണ്ട് അവർ മരിച്ചു.

85 ഇപ്പോൾ അവസാന നാളുകളിലേയ്ക്കുള്ള വാഗ്ദത്തം നോക്കുക. അത് ഇപ്പോൾ നേരെ നമ്മുടെ മുമ്പിൽ സമർത്ഥിക്കപ്പെട്ട് നാം കാണുകയും, കൂടാതെ വർത്തമാനത്തിലെ പരിശുദ്ധാത്മാവിന്റെ വരവും അവൻ ചെയ്യുമെന്ന് സങ്കല്പിച്ചിരുന്ന ജോലികളും നമ്മുടെ ഇടയിൽ തന്നെ നാം ഇപ്പോൾ കാണുന്നു. കാണുന്നോ? ഓ, നാം കണ്ടിരിക്കണം...ഓ എന്റെ! നമുക്ക് എങ്ങനെ കേൾക്കാൻ കഴിയും? സ്നേഹിതാ ഞാൻ നിങ്ങളോട് പറയട്ടെ, എന്തോ ചിലത് സംഭവിച്ചു കൊണ്ടിരിക്കുന്നു. ആ യഥാർത്ഥമായ, മുൻനിയമിക്കപ്പെട്ട, ആത്മാർത്ഥമായ, സത്യസന്ധനായ, വിശ്വാസിയുടെ മേൽ ആ വിത്തിന്മേൽ, വെളിച്ചം പതിക്കുമ്പോൾ എന്തോ ഒന്ന്, ഒരു പുതിയ ജീവനിലേക്ക് പൊട്ടിമുളയ്ക്കുന്നു. ആ കിണറ്റിങ്കരയിലെ സ്ത്രീയിൽ അത് സംഭവിച്ചു.

86 അന്നത്തെ, മതപണ്ഡിതരായ പുരോഹിതന്മാർ പറഞ്ഞു, "കൊള്ളാം അത് പിശാചാകുന്നു! അവൻ ഒരു ഭാവിപറച്ചിലുകാരനാണ്. അവൻ—അവൻ ആ ജനങ്ങളോട് അവരുടെ ഭാവിയെക്കുറിച്ച് പറയുന്നു. അവൻ—അവൻ ഒരു പിശാചാകുന്നു."

87 എന്നാൽ, മുൻനിയമിക്കപ്പെട്ട വിത്തോട് കൂടിയ ആ സ്ത്രീ! അത് ശരിയല്ലെന്ന് നിങ്ങൾക്ക് തോന്നുന്നുണ്ടോ? എന്നാൽ യേശു പറഞ്ഞു "പിതാവ് ആകർഷിച്ചിട്ടല്ലാതെ ആർക്കും എന്റെ അടുക്കൽ വരുവാൻ കഴിയുകയില്ല. പിതാവ് എനിക്ക് തന്നതൊക്കെയും എന്റെ അടുക്കൽ വരും." മാത്രമല്ല അവൻ...

88 അന്ത്യകാലത്ത്, എതിർക്രിസ്തു, ചെയ്യാൻ പോകുന്നത്... അതായത് വിഭാഗീയ സഭാസമ്പ്രദായം, നാം പഠിച്ചുകൊണ്ടിരുന്ന എതിർക്രിസ്തുവിന്റെ ആത്മാവ്, വിഭാഗീയ സഭാസമ്പ്രദായം എതിർക്രിസ്തുവിൽ നിന്നാണെന്ന് തെളിയിക്കുന്നു. ഇപ്പോൾ, ഇതിനും പുറമെ, ആരെങ്കിലും ഇവിടെ നിന്ന് ഈ വിഭാഗീയ സഭകളുടെ സമ്പ്രദായം, ഇപ്പോഴും എതിർക്രിസ്തുവിൽ നിന്നും അല്ല എന്ന് പറഞ്ഞു കൊണ്ട് ഇറങ്ങി പോകുകയാണെങ്കിൽ ആ വ്യക്തിക്ക് എന്തോ കുഴപ്പം ഉണ്ടായിരിക്കും. ഇപ്പോൾ, അത് ഇപ്രകാരം തന്നെയാണ് ചരിത്രപരമായും മറ്റുള്ള എല്ലാ കാര്യങ്ങളാലും ബൈബിൾ മുഖാന്തരം ഇത് എതിർക്രിസ്തു തന്നെയാകുന്നു എന്ന് തെളിയിക്കപ്പെട്ടിരിക്കുന്നു. റോം അതിന്റെ തലയാകുന്നു. പുത്രിമാരായ സഭകൾ അതിനെ പിൻതുടരുന്നു. അവ രണ്ടും നരകത്തിലേക്ക് തള്ളിയെറിയപ്പെടും. അത് ശരിയാണ്. അതുകൊണ്ട്, അതിന്റെ ആത്മാവിനെ, എതിർക്രിസ്തുവിനെ, ഈ കാര്യത്തെ നാം അതിൽ കാണുന്നു.

89 നാം ജീവിക്കുന്ന ഈ കാലം, "പറഞ്ഞറിയിക്കാൻ സാധിക്കാത്ത സന്തോഷവും പൂർണ്ണ മഹിമയേയും," അതു കൊണ്ടുവന്നിരിക്കുന്നു. അവളിൽ അത് പതിച്ചയുടൻ തന്നെ, എന്റെ, ആ വിത്ത്, ആ സ്ത്രീയിൽ പൊട്ടിമുളച്ചു!

90 ഇപ്പോൾ, ഓർക്കുക, അവസാന നാളുകളിൽ ഈ എതിർക്രിസ്തു "മുഴുവൻ ലോകത്തെയും വഞ്ചിച്ചുകളയും," എന്ന് തിരുവെഴുത്ത് പറഞ്ഞിരിക്കുന്നു.

91 ലോകസ്ഥാപനത്തിനു മുമ്പേ, കുഞ്ഞാടിന്റെ പുസ്തകത്തിൽ പേർ എഴുതിയിട്ടുള്ളവരായി ഒരു ചെറിയ കൂട്ടർ മാത്രമേ അവിടെ ഉണ്ടായിരിക്കുകയുള്ളൂ. ദൈവ വചനത്തിന്റെ വെളിപ്പെടുത്തിയ സത്യത്തിന്റെ സമർത്ഥനം, ആ ഹൃദയത്തിന്മേൽ പതിക്കുമ്പോൾ, അവൻ ആ വെള്ളത്തിന്മേൽ അടിക്കുകയും, അവന് കഴിയാവുന്നത്ര

വേഗത്തിൽ, പരിശുദ്ധാത്മ ശക്തിയോടു കൂടി പുറത്ത് വരികയും ചെയ്യും. അത് ചെയ്യുന്നതിൽ നിന്ന് നിങ്ങൾക്ക് അവനെ തടയാൻ കഴിയുകയില്ല, കാരണം പുതു ജീവനാണ് പ്രവർത്തിച്ച് മുന്നോട്ട് വരുന്നത്.

92 അധിക നാളുകളാകില്ല, എന്നോട് വാദിക്കാൻ ശ്രമിച്ച, ഒരു വ്യക്തിയോട് ഞാൻ സംസാരിച്ചു, പറഞ്ഞു "ദൈവം മൂന്ന് ദിവസം കൊണ്ട്...അല്ല ആറ് ദിവസം കൊണ്ട് ആകാശവും ഭൂമിയും സൃഷ്ടിച്ചു എന്ന് പറയുന്നതിൽ താങ്കൾക്ക് ലജ്ജ തോന്നുന്നില്ലേ?"

ഞാൻ പറഞ്ഞു, "അതാണ് ബൈബിൾ പറയുന്നത്."

93 അദ്ദേഹം പറഞ്ഞു, "അതെ, ഭൂമി കോടിക്കണക്കിന് വർഷങ്ങൾ പഴക്കമുള്ളതാണെന്ന് തെളിയിക്കുന്നതിൽ വേണ്ടത്രയും പ്രമാണങ്ങൾ ഞങ്ങളുടെ പക്കലുണ്ട്."

94 ഞാൻ പറഞ്ഞു, "അതിന് ഇതുമായി യാതൊന്നും തന്നെ ചെയ്യാനില്ല. ഉല്പത്തിയുടെ 1:1-ൽ, അതു പറയുന്നത്, 'ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു.' കാലഘട്ടമാകുന്നു! അത്ര മാത്രം. നോക്കൂ. 'ഭൂമി പാഴായും ശൂന്യമായും ഇരുന്നു.'" ഞാൻ പറഞ്ഞു, "ഓരോ വിത്തും അതിന്റേതായ സ്ഥാനത്ത് തന്നെ, ഏതോ നാഗരികതയിൽ നിന്നോ മറ്റെന്തെങ്കിലിലും നിന്നായിരിക്കാം, കിടന്നിരുന്നു. എന്നാൽ വെള്ളം അതിന്മേൽ നിന്ന് മാറ്റപ്പെട്ട്, വെളിച്ചം അതിന്മേൽ പതിഞ്ഞപ്പോൾ, വൃക്ഷങ്ങളും മറ്റുമെല്ലാം മുളച്ചുവന്നു."

95 അതേ കാര്യം മനുഷ്യ ജീവികളോടുമായിട്ട് അതൊരു മാതൃകയാകുന്നു. ആ—ആ—ആ എല്ലാ മൂടൽമഞ്ഞും മാറ്റപ്പെടുമ്പോൾ, വെളിപ്പെടുത്തപ്പെട്ട സത്യം അവിടെ കിടക്കുന്ന വിത്തിന്മേൽ പതിയുമ്പോൾ, അപ്പോഴും അതു അഴുകിയിരിക്കില്ല, വാസ്തവമായ സമർത്ഥനത്തിലൂടെ വചനത്തിന്റെ സുവിശേഷ വെളിച്ചം അതിൽ പതിക്കുമ്പോൾ, അത് ജീവിക്കാൻ തുടങ്ങുന്നു. അതിന്റെ ഉള്ളിൽ ജീവനുണ്ട്. അത് വിശ്വസിക്കും. അതിന്റെ പുറമേയുള്ളതിന്, അതിന് ജീവിക്കാൻ കഴിയുകയില്ല; അതിന് ജീവൻ അതിൽ ലഭിച്ചിട്ടില്ല.

96 ലോകസ്ഥാപനത്തിന് മുമ്പേ കുഞ്ഞാടിന്റെ ജീവ പുസ്തകത്തിൽ പേർ എഴുതിയിട്ടുള്ളവർ, മറ്റ് ഏതൊന്നിനെപ്പോലെയും തീർച്ചയായും കടന്നുവരും. ആ കാരണത്താലാണ് അവസാന വിത്തു കടന്നുവരുന്നതുവരെ, യേശു അവിടെ ഇരുന്നുകൊണ്ട് തന്റെ മദ്ധ്യസ്ഥതയുടെ ജോലിയിൽ തന്നെ തുടരുന്നത്. അതെപ്പോൾ അതിന്മേൽ പതിക്കുമെന്നു അവർ കൃത്യമായും അറിഞ്ഞിരിക്കും.

97 ഡോക്ടർ ലീ വെയിലിനെപ്പോലെ...അദ്ദേഹം ഇപ്പോഴും യോഗത്തിൽ എവിടെയോ ഉണ്ടെന്നു ഞാൻ കരുതുന്നു. ഞാൻ അദ്ദേഹത്തെ കണ്ടിട്ട് ദിവസങ്ങളോളമായി. ഞാൻ കണ്ടിരുന്നതായി ഞാൻ വിചാരിക്കുന്നില്ല. [ഒരു സഹോദരൻ പറയുന്നു, "അദ്ദേഹം ഇവിടെയുണ്ട്."—Ed.] അദ്ദേഹം ഇവിടെയുണ്ട്. അതെ, കഴിഞ്ഞദിവസം ഇറേനിയോസ് പറഞ്ഞ ഒരു കാര്യത്തെ കുറിച്ചുള്ള ഒരു കുറിപ്പ് എനിക്ക് കൊടുത്തയച്ചിരുന്നു. അതെ, ഞാൻ ഇറേനിയോസ്സിനെ, അദ്ദേഹത്തിന്റെ കാലത്തെ സഭയുടെ, ദൂതനായി തിരഞ്ഞെടുത്തിരുന്നത് ഒരു ദീർഘമായ രീതിയിൽ കൂടെ എടുത്തിരുന്നു. അദ്ദേഹം പറഞ്ഞു, "ശരീരത്തിലെ അവസാന അംഗം കടന്നുവന്നു കഴിയുമ്പോൾ," ഈ അവസാന കാലത്തിൽ "ആയിരിക്കണം...ആ സമയത്ത് ഈ കാര്യം വെളിപ്പെട്ടിരിക്കും." ഇത് ഇവിടെയായിരിക്കുന്നു. അത് കൃത്യമായും ശരിയാണ്. കാണുന്നോ? നാം ആ ദിവസത്തിൽ എത്തിയിരിക്കുന്നു. ശരി.

98 അന്ന്, പെന്തെക്കോസ്തുകാർ അത്യധികം ആനന്ദത്തിലായിരുന്നു. അവർ വാസ്തവമായും ഉത്തേജിക്കപ്പെട്ടിരുന്നു. അത് ഏതൊരു വ്യക്തിയിലും ചെയ്യുമെന്ന്, ഞാൻ കരുതുന്നു.

99 നമുക്ക് ഒരു നിമിഷം എടുക്കാം. നമുക്ക് ദാവീദിനെ കുറിച്ച് ചിന്തിക്കാം. അവൻ—അവനും മൊത്തമായി ഉത്തേജിക്കപ്പെട്ടിരുന്നു. "എന്റെ പാനപാത്രം നിറഞ്ഞു കവിയുന്നു," എന്നവൻ പറഞ്ഞു. വാസ്തവമായിട്ടും ഒരു മഹത്തായ സംഭവം തന്റെ ജീവിതത്തിൽ അവൻ അനുഭവിച്ചിരുന്നു എന്ന് ഞാൻ വിശ്വസിക്കുന്നു. എന്താകുന്നു, എന്താണ് അത് ചെയ്യാൻ കാരണമാക്കിയത്? അവൻ ആത്മാവിൽ ആയിരുന്നപ്പോൾ...കാരണം അവൻ ഒരു പ്രവാചകനായിരുന്നു. അവൻ ആയിരുന്നു എന്ന് നമുക്കറിയാം. ബൈബിൾ അപ്രകാരം പറയുന്നു. പ്രവാചകനായിരുന്ന ദാവീദ്, ഇപ്പോൾ അവൻ ഒരു പ്രവാചകനായിട്ട്, അവൻ ആത്മാവിൽ ആയിരിക്കുകയും, ഉയിർത്തെഴുന്നേല്പ് കാണുകയും ചെയ്തിരുന്നു. നിങ്ങൾ അത് വായിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ അത് സങ്കീർത്തനം 16:8-11 ആകുന്നു. അവൻ പറയുന്നു, "എന്റെ ഹൃദയം സന്തോഷിച്ചു എന്റെ മനസ്സ് ആനന്ദിക്കുന്നു; എന്റെ ജഡവും നിർഭയമായി വസിക്കും. നീ എന്റെ പ്രാണനെ പാതാളത്തിൽ വിടുകയില്ല; നിന്റെ പരിശുദ്ധനെ ദ്രവത്വം കാണ്മാൻ സമ്മതിക്കുകയുമില്ല." ഞാൻ നിങ്ങളോട് പറയട്ടെ, അവന്റെ പാനപാത്രം നിറഞ്ഞു കവിയാൻ തുടങ്ങി, കാരണം അവൻ കണ്ടിരുന്നു. അത് എന്തായിരുന്നാലും കാര്യമില്ല; ഓ, അവൻ

ഉയിർത്തെഴുന്നേല്പ് കണ്ടിരിക്കുകയും, വാസ്തവമായും അവന്റെ... പാനപാത്രം നിറഞ്ഞു കവിയുകയും ചെയ്തിരുന്നു.

100 വീണ്ടും, 2 ശമൂവേലിൽ, ദാവീദിന് മറ്റൊരു പാനപാത്രം നിറഞ്ഞു കവിഞ്ഞ അവസരമുണ്ടായി. (നിങ്ങളുടെ പക്കൽ പെൻസിലുള്ളതിനാലാണ്) 2 ശമൂവേൽ 6:14 ആകുന്നു. അവന് ഒരു വരണ്ട കാലയളവുണ്ടായിരുന്നു.

101 അവർ ആ പെട്ടകം എടുത്തിരുന്നു. ശത്രു കടന്നുവന്ന് ദൈവത്തിന്റെ പെട്ടകം എടുത്തുകൊണ്ട് പോകുകയും, ദാഗോന്റെ മുമ്പിൽ കൊണ്ട് ചെന്ന് വയ്ക്കുകയും ദാഗോൻ പെട്ടകത്തിന്റെ മുമ്പിൽ കവിണ്ണ് വീഴുകയും ചെയ്തിരുന്നു. അതിനുശേഷം അവർ അതിനെ മറ്റൊരു പട്ടണത്തിലേക്ക് കൊണ്ടുപോയി. അവിടെ അവർക്ക് മഹാമാരി പൊട്ടിപ്പുറപ്പെട്ടു. അവിടെ ആയിരുന്നപ്പോൾ, അത് അവരുടെ കൈകളിൽ അവർക്ക് കിട്ടിയ ഏറ്റവും ചൂടേറിയ കാര്യമായിരുന്നു. അവർക്ക് അതിനെ ഒഴിവാക്കാൻ പറ്റിയില്ല, കാരണം അത് അതിന്റെ സ്ഥാനത്ത് നിന്നും പുറത്തായിരുന്നു.

102 ഇപ്പോൾ, അവർ അതിനെ കാളവണ്ടിയിൽ കയറ്റി, തിരികെ കൊണ്ടുവരാൻ തുടങ്ങി. ദാവീദ് പെട്ടകം വരുന്നത് കണ്ടപ്പോൾ, അവൻ എന്താണ് ചെയ്തത് എന്നു നിങ്ങൾക്കറിയാമോ? അവൻ അത്രയേറെ തൃപ്തിയടഞ്ഞിട്ട്, ഉത്തേജനത്താൽ! അവന്റെ—അവന്റെ പാനപാത്രം നിറഞ്ഞു കവിയാൻ തുടങ്ങി. വചനം തിരികെ വീണ്ടും യിസ്രായേൽ മക്കൾക്ക് വെളിപ്പെട്ട് വരുന്നത് അവൻ കാണാൻ തുടങ്ങിയപ്പോൾ, അവൻ ആത്മാവിൽ നൃത്തമാടി, ചുറ്റി, ചുറ്റി, ചുറ്റി, ചുറ്റി, ഇപ്രകാരം ചുറ്റിക്കറങ്ങി. അതെ, അവന്റെ പാനപാത്രം നിറഞ്ഞു കവിയാൻ തുടങ്ങി, നോക്കു എന്തുകൊണ്ടാണ്? വചനം തിരികെ വരുന്നത് അവൻ കാണുന്നുണ്ടായിരുന്നു.

103 ഈ കാലങ്ങളെല്ലാം കഴിഞ്ഞശേഷം; അന്നുണ്ടായിരുന്ന ആ സത്യവചനം, അത് സംഭവിക്കും എന്നുള്ള വാഗ്ദത്തപ്രകാരം, സമർത്ഥിച്ചുകൊണ്ട് തിരികെ കൊണ്ടുവരുമ്പോൾ; ആരായാലും ശരി അവർ അതു കാണുമ്പോൾ, അവരെ അല്പം ഒന്നു ഉത്തേജിപ്പിക്കുമെന്നുള്ളത് തീർച്ചയാണെന്നു ഞാൻ വിചാരിക്കുന്നു. എന്തൊരു സമയമാകുന്നു!

104 ഇപ്പോൾ നമുക്കിപ്പോൾ വായിക്കാം. ഞാൻ—ഞാൻ ഇതിൽ എല്ലാറ്റിലൂടെയും കടന്നുപോയാൽ, നിങ്ങൾ എല്ലാവരും ഇവിടെ പത്തരമണി വരെ ഉണ്ടാകും. കഴിഞ്ഞ രാത്രിയിൽ ഞാൻ നിങ്ങളെ നേരത്തെ വിട്ടിരുന്നു, അതുകൊണ്ട് ഇന്ന് രാത്രിയിൽ ഒരു നല്ല നീണ്ട സമയം എനിക്ക് നിങ്ങളെ ഇരുത്തേണ്ടതായിട്ടുണ്ട്. [പള്ളിയിൽ

കൂടിയിരിക്കുന്നവർ പറയുന്നു "ആമേൻ,"—Ed.] അതെ. അതെ. ഇല്ല. ഞാൻ നിങ്ങളെ ഒന്ന് കളിപ്പിക്കാൻ പറഞ്ഞതാണ്. കാണുന്നോ? ഞാൻ...കർത്താവ് നമ്മെ എങ്ങനെ നയിക്കുന്നോ അതുപോലെ തന്നെ പോകാൻ ആഗ്രഹിക്കുന്നു.

*ഇപ്പോൾ നാലാം മുദ്ര പൊട്ടിച്ചപ്പോൾ, വരിക...എന്ന് നാലാം ജീവി പറയുന്നത് ഞാൻ കേട്ടു.*

105 ഇപ്പോൾ, "കുഞ്ഞാട് നാലാം മുദ്ര പെട്ടിച്ചപ്പോൾ." നമുക്ക് ഇപ്പോൾ ഇവിടെ നിർത്താം. നാലാം മുദ്ര, ഇപ്പോൾ, അത് തുറന്നത് ആരാണ്? കുഞ്ഞാട്. മറ്റാരെങ്കിലും യോഗ്യതയുള്ളവർ ഉണ്ടായിരുന്നോ? മറ്റാർക്കും അത് കഴിഞ്ഞിരുന്നില്ല. ഇല്ല. കുഞ്ഞാട് നാലാം മുദ്ര തുറന്നു.

106 നാലാമത്തെ ജീവി, കഴുകനെ പോലെ സാദൃശ്യമുള്ള ഈ ജീവി, യോഹന്നാനോട് പറഞ്ഞു, "ഈ പുസ്തകത്തിൽ മറച്ചു വച്ചിരിക്കുന്ന വീണ്ടെടുപ്പിന്റെ പദ്ധതിയിലെ നാലാമത്തെ രഹസ്യം എന്താകുന്നു എന്ന് വന്ന് കാണുക," കാരണം കുഞ്ഞാട് അത് തുറക്കുകയായിരുന്നു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, അവൻ പറഞ്ഞത് ഇതായിരുന്നു. "ഇവിടെ നാലാമത്തൊരു രഹസ്യം ഉണ്ട്. ഞാൻ നിന്നെ അതിന്റെ പ്രതിരൂപം കാണിച്ചിരിക്കുന്നു. ഇപ്പോൾ യോഹന്നാനെ, നീ ഇത് മനസ്സിലാക്കിയിട്ടുണ്ടോ ഇല്ലയോ എന്ന് എനിക്കറിയില്ല." എന്നാൽ, അവൻ കണ്ടത്, അത് അവൻ എഴുതിയെടുത്തു, എന്നാൽ അതൊരു രഹസ്യമായിരുന്നു. അതുകൊണ്ട് അവൻ കണ്ടതിനെ എഴുതിയെടുത്തു.

107 കുഞ്ഞാട് മുദ്രകളെ പൊട്ടിക്കുന്നുണ്ടായിരുന്നു, ദൈവം അപ്പോഴും അത് വെളിപ്പെടുത്തി കൊടുത്തിരുന്നില്ല. അത് അന്ത്യകാലത്തേക്ക് മാറ്റി വെച്ചിരുന്നു. കാണുന്നോ? ഇപ്പോൾ, നമ്മുടെ പക്കൽ പ്രതിരൂപങ്ങൾ ഉണ്ടായിരുന്നു, നാം അതിന്മേൽ പരിശോധന നടത്തിയിരുന്നു, പലപ്പോഴും വളരെ നന്നായിട്ട് അത് എന്തോ ചിലതു ചെയ്തിരുന്നു, കാണുക. എന്നാൽ അത് നേരെ മുന്നോട്ട് തുടർന്നു പോയിരുന്നു എന്ന് നാം അറിയുന്നു. എന്നാൽ ഇപ്പോൾ, ഈ അന്ത്യകാലത്ത്, അത് എവിടെയായിരുന്നു എന്ന് നമുക്ക് തിരിഞ്ഞു നോക്കി കാണാൻ കഴിഞ്ഞിരിക്കുന്നു. സഭാകാലഘട്ടത്തിന്റെ അന്ത്യത്തിൽ, മേഘങ്ങളിലേക്കുള്ള എടുക്കപ്പെടലിന് തൊട്ട് മുമ്പ്, ഇത് നടക്കേണ്ടത് ആവശ്യമായിരിക്കുന്നു.

108 സഭ ഉപദ്രവക്കാലത്തിൽകൂടെ കടന്ന് പോകുമെന്ന് എങ്ങനെ ആർക്കെങ്കിലും മനസ്സിലായി എന്ന്, എനിക്ക് അറിയില്ല. സഭയ്ക്ക് യാതൊരു പാപക്കറയും ഇല്ലായിരിക്കെ അത് എന്തിന് ഉപദ്രവക്കാലത്തിലൂടെ കടക്കണം? ഞാൻ അർത്ഥമാക്കുന്നത്...ഞാൻ

സഭ എന്നല്ല അർത്ഥമാക്കുന്നത്; സഭ ഉപദ്രവക്കാലത്തിലൂടെ കടന്ന് പോകും. എന്നാൽ ഞാൻ മണവാട്ടിയെക്കുറിച്ചാണ് സംസാരിക്കുന്നത്. മണവാട്ടി, ഇല്ല, അവൾക്ക് എതിരായി, ഒരിക്കലും, ഒരു പാപവും ഇല്ല. അവൾ വെളുപ്പിച്ച് കഴിയപ്പെട്ടിരിക്കുന്നു, പാപത്തിന്റെ ഒരു മണം പോലും അവളിൽ ഇല്ല. ഒന്നും ശേഷിച്ചിട്ടുമില്ല. അവർ, ദൈവമുമ്പാകെ, സമ്പൂർണ്ണരാകുന്നു. അതുകൊണ്ട് അവരെ ശുദ്ധീകരിക്കുന്നതിന് ഒരു ഉപദ്രവക്കാലത്തിന്റെ ആവശ്യം എന്തിനാണ്? എന്നാൽ മറ്റുള്ളവർ കടന്നുപോകുന്നു. മണവാട്ടിയല്ല, എന്നാൽ സഭ ഉപദ്രവകാലത്തിലൂടെ കടന്ന് പോകും.

109 ഇപ്പോൾ, ഇപ്പോൾ, നാം അതിന്റെ എല്ലാത്തരത്തിൽപ്പെട്ട പ്രതിരൂപങ്ങളിലൂടെയും എടുത്ത് കഴിഞ്ഞിരിക്കുന്നു. അത് സഭ, നോഹയെപ്പോലെ, പാപത്തിൽ കൂടെ കടന്ന് പോയത്, അതിന്റെ ഒരു മാതൃകയാകുന്നു. നോക്കൂ, അവർ അങ്ങനെ അതിൽ കൂടി കടന്ന് പോയിരുന്നു. എന്നാൽ, ഹാനോക്ക് ആദ്യം കടന്ന് പോയി, അത് ഉപദ്രവക്കാലത്തിന് മുമ്പ് വിശുദ്ധന്മാർ കടന്നു പോകുന്നതിന്റെ ഒരു മാതൃകയായിരുന്നു.

ഇപ്പോൾ കുഞ്ഞാട് ഈ മുദ്ര പൊട്ടിച്ചതായി നാം കാണുന്നു.

110 ഇപ്പോൾ, നാം കണ്ട ഒന്നാമത്തെ ജീവിയെ, നിങ്ങൾ ശ്രദ്ധിച്ചാൽ നാം കണ്ട ഒന്നാമത്തെ ജീവി, ഒരു സിംഹമായിരുന്നു...ജീവികളിൽ, ആദ്യത്തെ ജീവി, ഒരു സിംഹമായിരുന്നു; സഭാകാലങ്ങളുടെ പുസ്തകത്തിൽ അതിനെ കണ്ടിരുന്നു. അതിനുശേഷം രണ്ടാമത്തെ ജീവി, കാളക്ക് സദൃശ്യമുള്ള മുഖത്തോട് കൂടെയായിരുന്നു, എന്ന് ഞാൻ വിശ്വസിക്കുന്നു. മൂന്നാമത്തെ ജീവി മനുഷ്യന്റെ മുഖത്തോട് സദൃശ്യമുള്ളത്. നാലാമത്തെ ജീവി കഴുകന് സദൃശ്യവും ആയിരുന്നു. ഇപ്പോൾ കൃത്യമായും അപ്രകാരമാണ് നമുക്ക് അവയെ കിട്ടിയിരിക്കുന്നത്, ഓരോന്ന് ഓരോന്നായി ക്രമത്തിൽ വന്നിരിക്കുന്നു. കൃത്യമായും അതേ ക്രമത്തിൽ തന്നെയാണ് ഈ പുസ്തകത്തിൽ അവയെ സ്ഥാനപ്പെടുത്തിയിരിക്കുന്നതും.

111 മഹാനായ ഒരു ഉപദേശകൻ, ഒരു വട്ടം ഫ്ലോറിഡായിൽ വച്ച്, പഠിപ്പിച്ചു കൊണ്ടിരിക്കുമ്പോൾ പറഞ്ഞു, അപ്പോസ്തല പ്രവൃത്തികളുടെ പുസ്തകം സഭയുടെ നിർമ്മാണത്തിന് വേണ്ടിയുള്ള കേവലം ഒരു ചട്ടക്കൂട് മാത്രമായിരുന്നു. സഭ കെട്ടപ്പെട്ടിരിക്കുന്നത് നാലു സുവിശേഷങ്ങളിലാകുന്നു.

112 എന്നാൽ നാം അതിന് നേരെ എതിരായിട്ടാണ് അത് കാണുന്നത്, അതായത് നാലു സുവിശേഷങ്ങളാണ് അപ്പോസ്തല പ്രവൃത്തികളുടെ പുസ്തകത്തെ കാവൽ ചെയ്യുന്നത്. ആ നാലു

സുവിശേഷത്തിൽ നിന്നുമാണ് അപ്പോസ്തല പ്രവൃത്തികളുടെ പുസ്തകം എഴുതപ്പെട്ടതും അത് പരിശുദ്ധാത്മാവിന്റെ പ്രവൃത്തി അപ്പോസ്തലന്മാരുടെ മേലായതുമാകുന്നു. കൂടാതെ ഈ പുസ്തകത്തിൽ, ഈ കാവൽക്കാർ കിഴക്കും, പടിഞ്ഞാറും, വടക്കും, തെക്കുമായി, ഇരുന്നുകൊണ്ട് അതിനെ കാവൽ ചെയ്യുന്നതും നാം കണ്ടിരുന്നു. അതെപ്രകാരം വരച്ചിരുന്നു എന്നുള്ളത് നിങ്ങൾ ഓർക്കുന്നുണ്ടാകുമല്ലോ? എത്ര ഭംഗിയായും പൂർണമായും ഈ കാര്യങ്ങളെല്ലാം അതിന്റെ സ്ഥാനങ്ങളിൽ തന്നെ പൊരുത്തപ്പെട്ട് പോയിരുന്നത് നാം കണ്ടിരുന്നു!

113 നിങ്ങൾ ഇതു ശ്രദ്ധിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. പറയുന്നു, "വന്നു കാണുക." യോഹന്നാൻ...ഇതിനു മുമ്പ്, നിങ്ങൾ ഇതു വീണ്ടും ശ്രദ്ധിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഇപ്പോൾ, ഇത് എതിർക്രിസ്തുവിന്റെ പ്രവർത്തികളെ വെളിപ്പെടുത്തുന്ന, അവസാനത്തെ കുതിര സവാരിക്കാരനാകുന്നു.

നാളെ രാത്രിയിൽ, ബലിപീഠത്തിന് കീഴിലുള്ള ആത്മാക്കളെ എടുക്കുന്നു.

അടുത്ത രാത്രിയിൽ, ന്യായവിധി.

114 അതിനടുത്ത രാത്രിയിൽ, സഭയുടെ അവസാനവും, അവളെ മുകളിലേയ്ക്ക് എടുത്തു കഴിഞ്ഞാൽ, കടന്നു പോകലും, സമയത്തിന്റെയും, എല്ലാറ്റിന്റെയും അവസാനവുമായിരിക്കും. ആകയാൽ, ഏഴാം മുദ്രയിൽ അവിടെത്തന്നെ, കലശങ്ങൾ ഒഴിക്കുന്നതിനെക്കുറിച്ചും, അതുപോലെ സകലതും ഒഴിക്കുന്നതിനെപ്പറ്റിയും പറഞ്ഞിരുന്നു. അവ എന്താകുന്നു എന്ന്, എനിക്കറിയില്ല.

115 ശ്രദ്ധിക്കുക. എന്നാൽ ഇപ്പോൾ, ഈ കാര്യത്തിൽ ഇവിടെ, ഈ വ്യക്തി ഇതൊരു കഴുകനാണ്, അതായത് ഈ മനുഷ്യൻ... അഥവാ ഈ ജീവി, ഇവിടെ ഒഴിച്ചുകൊണ്ടു മുന്നിലേയ്ക്ക് വരികയാണ്. അതല്ലെങ്കിൽ, മറ്റുവാക്കുകളിൽ, അതിന്റെ നാല് വ്യത്യസ്തമായ കാലങ്ങളുണ്ട്. ഒരു സിംഹത്തിന്റെ കാലഘട്ടമുണ്ടായിരുന്നു. അങ്ങനെ, ഇത് നാലാമത്തെ കാലഘട്ടമായി നാം അതിനെ കണക്കാക്കുന്നു.

116 എന്നിട്ട് അവൻ പറഞ്ഞു, "ഈ പുസ്തകത്തിൽ രഹസ്യമായി വച്ചിരിക്കുന്ന, വീണ്ടെടുപ്പിന്റെ പുസ്തകത്തിലെ നാലാമത്തെ രഹസ്യം വന്നു കാണുക. വന്നു കാണുക." യോഹന്നാൻ കാണുന്നതിനായി പോയിട്ട്, അവൻ ഒരു തവിട്ടു കുതിരയെ കണ്ടു. വീണ്ടും, അതേ, കുതിര സവാരിക്കാരൻ ഈ തവിട്ടു കുതിരയുടെ പുറത്തായിരുന്നു.

117 അവന് മരണം എന്ന ഒരു പേർ ഉണ്ടായിരുന്നു. ഇപ്പോൾ ശ്രദ്ധിക്കുക. മറ്റൊരു കുതിര സവാരിക്കാരനോ, മറ്റ് ഒരു കുതിരകൾക്കോ അല്ലെങ്കിൽ, ഈ കുതിര സവാരിക്കാരൻ സവാരി ചെയ്യാൻ തുടങ്ങുന്നതുവരെ, അവർക്ക് ഉണ്ടായിരുന്നില്ല; ആ മനുഷ്യന് ഒരു പേരുണ്ടായിരുന്നില്ല. എന്നാൽ ഇപ്പോൾ അവനെ മരണം എന്നു പേർ വിളിക്കുന്നു. അത് പ്രസ്താവിക്കപ്പെട്ടിരുന്നില്ല. കാണുന്നോ? അവൻ ഇപ്പോൾ വെളിപ്പെട്ടിരിക്കുന്നു. അവൻ എന്താകുന്നോ അത് മരണമാകുന്നു.

118 ശരി, അതേകുറിച്ച് ഒരു സന്ദേശത്തിനുവേണ്ടി ഇതിൽ തന്നെ നിന്നിട്ട് എപ്രകാരം അത് കൂടുതൽ വ്യക്തമാക്കാൻ കഴിയും! എന്നാൽ, യാഥാർത്ഥ്യമായിട്ടുള്ളതിന് എതിരായിട്ട്, എന്തെങ്കിലും ഉണ്ടെങ്കിൽ, അത് മരണം തന്നെ ആയിരിക്കണം. കാരണം, രണ്ടു കാര്യങ്ങൾ മാത്രമാണുള്ളത്, അത് ജീവനും മരണവുമാകുന്നു. അതിനെക്കുറിച്ചുള്ള പരിശുദ്ധാത്മാവിന്റെ ഈ കാലത്തേക്കുള്ള വെളിപ്പാട് ശരിക്കും സത്യമാണെന്ന് അത് തെളിയിക്കുന്നു. എതിരായിട്ടുള്ളത്, അവൻ മരണമാകുന്നു. എന്തുകൊണ്ടെന്നാൽ, വചനം, അത് ജീവനാകുന്നു എന്ന് നമുക്ക് പിന്നീട് ഇവിടെ കാണാം.

119 ഈ മനുഷ്യനെ മരണം എന്ന് വിളിച്ചു. ഈ സവാരിക്കാരനെക്കുറിച്ച്, മറ്റുള്ള സമയങ്ങളിൽ അത് പ്രസ്താവിക്കപ്പെട്ടിരുന്നില്ല. എന്നാൽ, ഇപ്പോൾ അവനെ മരണം എന്ന് വിളിക്കപ്പെട്ടതായി, പ്രസ്താവിച്ചിരിക്കുന്നു.

120 എന്നാൽ സിംഹത്തിന്റെ കീഴിലുള്ള വെളിപ്പാടിൽ...ഇപ്പോൾ ശ്രദ്ധിക്കുക. ഞാൻ ഇത് വളരെ ശ്രദ്ധിച്ചു വായിക്കാൻ ആഗ്രഹിക്കുന്നു, അതിനാൽ എനിക്കിതു ഉറപ്പാക്കാൻ സാധിക്കും; സ്ഥലം, എഴുതിയെടുത്തിട്ട്, ഇവിടെ നിൽക്കുകയാണ്. സിംഹത്തിന്റെ കാലഘട്ടത്തിൻ കിഴിലോ, ഒന്നാം കാലഘട്ടത്തിലോ, ഭൂമിയുടെ കാലഘട്ടത്തിലോ അല്ല ഇത് വെളിപ്പെട്ടിരുന്നത്. ഇത് വെളിപ്പെട്ടിരുന്നില്ല. അതിനടുത്തത് കാളയുടെ കാലഘട്ടമായിരുന്നു, അത്, മദ്ധ്യയുഗമായ, ഇരുണ്ട കാലഘട്ടമായിരുന്നു, അത് എന്തായിരുന്നുവെന്ന് ആ കാലത്തും വെളിപ്പെട്ടിരുന്നില്ല. അതോ അതിനടുത്ത കാലഘട്ടമായ മനുഷ്യ സദൃശ്യമായ ജീവിയുടെ കാലത്തും, അത് ജ്ഞാനത്തിന്റെ കാലവും, അത് ലൂഥറും വെസ്ലിയും അതുപോലെയുള്ള മതപരിഷ്കർത്താക്കന്മാരെ പ്രതിനിധാനം ചെയ്തിരുന്നു. ആ യുഗത്തിലും ഇത് വെളിപ്പെട്ടിരുന്നില്ല. എന്നാൽ അന്ത്യകാലഘട്ടമായ, കഴുകന്റെ യുഗത്തിൽ പ്രവചന യുഗത്തിൽ, അവസാന കാലത്തിൽ, അവിടെ ഒരു പ്രവാചകന്റെ ഘോഷം

ഉയരും, നോക്കൂ, ഈ രഹസ്യങ്ങളെല്ലാം എല്ലായ്പ്പോഴും അവന്റെ അടുക്കലേക്കാണ് എത്തുന്നത്! ഇപ്പോൾ അവിടെയാണ് നാം...

121 ഇന്നു രാത്രിയിൽ, നാം അതിനെ അല്പം കൂടുതലായി നീട്ടുന്നതാണ്, അങ്ങനെ നിങ്ങൾക്ക് അതു നന്നായി മനസിലാക്കാൻ സാധിക്കും. ഇപ്പോൾ, ഏകദേശമുള്ള സമയത്തെല്ലാം, ഇത്... നിങ്ങൾ തിരിച്ചറിയുന്നു. ഞാൻ ഇവിടെയുള്ള ഈ കൂട്ടരോട് മാത്രമല്ല സംസാരിക്കുന്നത്. ഈ ടേപ്പുകൾ എല്ലായിടത്തേയ്ക്കും പോകുന്നു. നോക്കൂ, ഞാൻ ഇത് തികച്ചും വ്യക്തമാക്കിയിരിക്കണം. കാരണം, ആർക്കെങ്കിലും ഒരു ടേപ്പ് മാത്രം കിട്ടുകയും, പിന്നെ, അവർക്ക് മറ്റുള്ളവയും കൂടെ കിട്ടാതിരിക്കുകയും ചെയ്താൽ എല്ലാം കൂടി, അവർ തിങ്ങിപോകുന്നു, എന്നു കാണുക. അന്ത്യകാലത്ത്, ദൈവം, ഇത് വാഗ്ദത്തം ചെയ്തിരിക്കുകയും, കഴിഞ്ഞുപോയ കാലങ്ങളിലെല്ലാം കൂടെ കൂടികലർന്ന് കിടക്കുന്നതിനെ അവസാനിപ്പിക്കും എന്നു വാഗ്ദത്തം ചെയ്തിരിക്കുകയും ചെയ്തിരുന്നു. നാം ആകുന്നു...

122 നമുക്ക് ഇവിടെ ഏലിശാവിന്റെ അങ്കികളുണ്ടായിരുന്നു. നമുക്ക് ഏലിയാവിന്റെ അങ്കിയുമുണ്ടായിരുന്നു. ഓ, അതുമായിട്ടുള്ള ജനങ്ങൾ, അതായത്...ജോൺ അലാക്സാണ്ടർ ഡോവിയെ, ഒരു— ഒരങ്കി, അവിടെ അവിടെ അടക്കിയിരിക്കുന്നു. താൻ എലീശാ ആയിരുന്നുവെന്ന് അയാൾ പറഞ്ഞിരുന്നത്. അതുപോലെയുള്ള അനേക കാര്യങ്ങൾ നമുക്കുണ്ടായിരുന്നു. എന്തായിരുന്നാലും ഇതൊക്കെ എന്താകുന്നു? അത് വെളിപ്പെടുവാൻ പോകുന്ന ഒരു സത്യത്തെ മറിച്ചുകളയുന്നതിന് വേണ്ടി മാത്രമാകുന്നു. കാണുന്നോ? യേശുവിന്റെ സമയത്തിന് മുമ്പ് അവർക്ക് തെറ്റായ ക്രിസ്തുക്കൾ ഉണ്ടായിരുന്നു. കാണുന്നോ? അവർ അതെല്ലായ്പ്പോഴും ചെയ്യുന്നു. ഇത്, യഥാർത്ഥമായി ഒരു കാര്യം സംഭവിക്കും മുമ്പ് ജനങ്ങളുടെ മനസ്സിനെയും വിശ്വാസത്തെയും തകിടം മറിച്ചുകളയുന്ന സാത്താന്റെ ഒരു ചതിവ് പരിപാടിയാകുന്നു. അത്രമാത്രം

123 ഇതേ കാര്യം തന്നെ ആ ദിവസം യഹൂദന്മാരോട് ഗമാലിയേൽ തന്നെ പറഞ്ഞിരുന്നില്ലേ? "ഇതാണെന്ന് പറഞ്ഞുകൊണ്ട് ഒരുവൻ എഴുന്നേറ്റില്ലേ? അവർ നാനൂറ് പേരെ മരുഭൂമിയിലേക്ക് നയിച്ചിട്ട് അവരെല്ലാം നശിച്ചുപോയി, എന്നും മറ്റുമായിരുന്നു."

124 പറഞ്ഞു, "എന്റെ പിതാവ് നടാത്ത ഓരോ വൃക്ഷവും," യേശു പറഞ്ഞു "നീക്കിക്കളയും."

125 ഗമാലിയേൽ പറഞ്ഞു, "അവരെ തനിയെ വിടുവിൻ. അത് ദൈവത്തിൽ നിന്നുള്ളതല്ലെങ്കിൽ, നശിച്ചുപോകും. ദൈവികം എന്ന്

വരികിലോ, നിങ്ങൾ ദൈവത്തോട് പോരാടുന്നു എന്ന് വരുമല്ലോ." ആ മനുഷ്യൻ ജ്ഞാനം ഉപയോഗിച്ചു. അവൻ ഒരു ഉപദേശകനായിരുന്നു.

126 ഇപ്പോൾ ശ്രദ്ധിക്കുക. ഇപ്പോൾ, ഈ രഹസ്യങ്ങളെയെല്ലാം ഒരുമിച്ചു കൂട്ടി, അതു വെളിപ്പെടുത്തുന്നതിനായി, ഒരു യഥാർത്ഥ ഏലീയാവ്, ആ ആത്മാവിനാൽ അഭിഷേകപ്പെട്ട ഏതെങ്കിലും ഒരു മനുഷ്യൻ, എഴുന്നേല്ക്കുമെന്നു, ദൈവം നമുക്ക് വാഗ്ദത്തം ചെയ്തിരുന്നു. മലാഖിയുടെ 4-ൽ അവൻ നമുക്കത് വാഗ്ദത്തം ചെയ്തിരിക്കുന്നു. അത് അപ്രകാരമല്ലെന്ന് കാണിച്ചിട്ടുള്ള കുറിപ്പുകളും കത്തുകളും എനിക്ക് കിട്ടിയിട്ടുണ്ട്, എന്നാൽ ഞാൻ ആ വ്യക്തിയോട് സംസാരിക്കാൻ ആഗ്രഹിക്കുന്നു. കാണുന്നോ? എന്തുകൊണ്ടെന്നാൽ, നിങ്ങൾക്കത് നിഷേധിക്കാൻ കഴിയുകയില്ല. അതിനായി നോക്കിക്കൊണ്ടിരിക്കുന്ന, ഏതൊരു നല്ല മികച്ച വേദശാസ്ത്രപണ്ഡിതനും, അത് സത്യമാണെന്ന് അറിയാം.

127 എന്നാൽ അത് ക്രിസ്തുവിന്റെ ആദ്യ വരവിന് മുന്നോടിയായി യോഹന്നാൻ വന്നതു പോലെയായിരിക്കും. അവർ അവനെ തിരിച്ചറിയാത്തത് എന്തുകൊണ്ടാണെന്നാൽ, അവനെക്കുറിച്ച് വലിയ മഹത്തായ കാര്യങ്ങളാണ് പ്രവചിക്കപ്പെട്ടിരുന്നത്. "എല്ലാ താഴ്വരയും നികന്നും, എല്ലാ മലയും കുന്നും താണും വരേണം, ദുർഘടങ്ങൾ സമമായി," അവന് തീർക്കാനുണ്ടായിരുന്നു. അങ്ങനെ ഓ, അവൻ... ആ പ്രവാചകന്മാർ: അവന്റെ ജനനത്തിന് എഴുന്നൂറ്റി പന്ത്രണ്ട് വർഷങ്ങൾക്ക് മുമ്പ് യെശയ്യാവും; അവൻ ദൃശ്യത്തിൽ വരുന്നതിന് നാനൂറ് വർഷങ്ങൾക്ക് മുമ്പും മലാഖിയും; മറ്റുള്ളവരുമെല്ലാം അവനെക്കുറിച്ച് പ്രവചിച്ചിരുന്നു. സ്വർഗ്ഗത്തിലെ ഏതെങ്കിലും ഒരു ഇടനാഴി തുറന്നുകൊണ്ട്, ഈ പ്രവാചകൻ ദൈവത്തിൽ നിന്ന് തന്റെ കോലും കൈയ്യിൽ പിടിച്ചുകൊണ്ട് നടന്നിറങ്ങുമെന്ന് അവർ പ്രതീക്ഷിച്ചിരുന്നത്.

128 സംഭവിച്ചത് എന്താണ്? ഒരു മനുഷ്യൻ...പള്ളിയിൽ കൂടിവന്നവരുടെ ഒരു അംഗത്വം പോലും കാണിക്കാൻ കഴിയാത്ത ഒരുവൻ. അവന് ഒരു സാക്ഷ്യപത്രം പോലും കാണിക്കാനുണ്ടായിരുന്നില്ല. പുറത്ത് വനാന്തരത്തിൽ വസിച്ചിരുന്നു; ഒരു സാമാന്യ വിദ്യാഭ്യാസം പോലുമില്ലാത്തവൻ. അവന്റെ മാതാ പിതാക്കളുടെ മരണശേഷം, അവന് ഒമ്പത് വയസായപ്പോൾ, അവൻ മരുഭൂമിയിലേക്ക് പോയി എന്ന്, ചരിത്രകാരന്മാർ നമ്മോട് പറയുന്നു. അവിടെ അവൻ വളർന്നു...ഏതെങ്കിലും സെമിനാരിയുമായി കൂടിക്കലരാതെ, അവന്റെ ജോലി വളരെ

പ്രാധാന്യമേറിയതായിരുന്നു. അവന്—അവന് മശിഹായുടെ വരവിനെ വിളിച്ചറിയിക്കേണ്ടിയിരുന്നു.

129 വേദശാസ്ത്രത്താൽ കുത്തി നിറച്ച ഒരു മനുഷ്യനെ ദൈവം ഉപയോഗിക്കില്ല. അവന് അത് ചെയ്യാൻ കഴിയുകയില്ല;കാരണം അവൻ എപ്പോഴും തിരികെ അതിലേക്ക് തന്നെ വഴുതിപ്പോകും. അതാണ് അവന്റെ പഠനത്തിന്റെ വിധം. അവൻ അതിലേക്ക് തന്നെ വഴുതിപ്പോകും. അങ്ങനെ അവൻ ചില കാര്യങ്ങൾ നോക്കുകയും, തന്റെ ഉപദേഷ്ടാക്കൾ പഠിപ്പിച്ചതിലേയ്ക്ക് തിരികെപ്പോയി നോക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. അങ്ങനെയുള്ള കാര്യങ്ങളിൽ നിന്ന് നിങ്ങൾ ഒഴിഞ്ഞുമാറി, ദൈവത്തിൽ മാത്രം വിശ്വസിക്കുന്നതായിരിക്കും നല്ലത്.

130 അവർ അവനെ തിരിച്ചറിയാതെ പോയി എന്ന് നാം കണ്ടു. അവിടെ നിന്നിരുന്ന അപ്പോസ്തലന്മാർ പോലും അവനെ തിരിച്ചറിഞ്ഞില്ല. "ഏലീയാവ് മുമ്പേ വരേണ്ടത്...എന്ന്, ശാസ്ത്രിമാർ പറയുന്നത് എന്തെന്ന്," എന്നവർ ചോദിച്ചു.

131 അവൻ പറഞ്ഞു, "അതെ, അവൻ വന്ന് കഴിഞ്ഞു, എങ്കിലും നിങ്ങൾ അവനെ അറിഞ്ഞുകൊണ്ടില്ല."

132 അവിടെയാണ് ഉയിർത്തെഴുന്നേല്പും മേഘങ്ങളിലേക്കുള്ള എടുക്കപ്പെടലിനെയും ഞാൻ താരതമ്യപ്പെടുത്തുന്നത്. അത് സംഭവിക്കുകയും അവർ ഇങ്ങനെ ചോദിക്കുകയും ചെയ്യും... ഇത് കേൾവിക്കു വിചിത്രമായി തോന്നുന്നു എന്നെനിക്കറിയാം. കർത്താവ് അനുവദിക്കുന്നപക്ഷം, അത് എങ്ങനെ സംഭവിക്കുവാൻ പോകുന്നുവെന്ന്, ഇന്ന് രാത്രിയ്ക്കുശേഷം നിങ്ങൾക്ക് കുറച്ചുകൂടി നന്നായി അറിയാനായേക്കും. അത് അത്രയും രഹസ്യമായിട്ട്, അതിനെക്കുറിച്ച് കഷ്ടിച്ചേ, ആർക്കെങ്കിലും അറിയാനാകൂ. ലോകം ചിന്തിക്കുന്നത്, അത് എപ്പോഴും സംഭവിച്ചു കൊണ്ടിരിക്കുന്ന വിധത്തിൽ തന്നെ തുടർന്നും പോകുമെന്നാണ്, നോക്കൂ, അങ്ങനെ...ആ വിധത്തിലാണ് അവൻ എപ്പോഴും ചെയ്യുന്നത്.

133 നിങ്ങൾക്കറിയാമോ ഞാൻ സംശയിക്കുന്നത് ഒരാൾ—ഒരാൾ... ഈ ഭൂമിയിലുണ്ടായിരുന്ന തൊണ്ണൂറിൽ ഒരു ശതമാനം ജനം പോലും, യേശു ഈ ഭൂമിയിലായിരുന്നപ്പോൾ അവൻ ഇവിടെ ഉണ്ടായിരുന്നു എന്നറിഞ്ഞിരുന്നോ എന്ന് ഞാൻ സംശയിക്കുന്നു. നിങ്ങൾക്കറിയാമോ ഏലീയാവ് പ്രവചിച്ചിരുന്നപ്പോൾ അവൻ ആരായിരുന്നുവെന്ന് കഷ്ടിച്ചേ ജനങ്ങൾ അറിഞ്ഞിരുന്നുള്ളു...ഏതോ ഒരു മതഭ്രാന്തൻ, കിറുക്കു പിടിച്ചവൻ, എന്ന് അവനെ കരുതി, അവർ അവനെ വെറുത്തിരുന്നു. വിചിത്ര ജീവി എന്ന് അവർ അവനെ വിളിച്ചിരുന്നു അവൻ അതായിരുന്നു.

134 വീണ്ടും ജനിച്ച ഏതൊരു വ്യക്തിയും, ഈ ലോകത്തിന് ഒരുതരം വിചിത്ര ജീവിയാണ്, എന്ന് ഞാൻ കരുതുന്നു, കാരണം നിങ്ങൾക്ക് മാറ്റം സംഭവിച്ചിരിക്കുന്നു. നിങ്ങൾ മറ്റൊരു ലോകത്തിൽ നിന്നുമാകുന്നു. നിങ്ങളുടെ ആത്മാവ് ആ പിളർപ്പിന് അപ്പുറത്ത് നിന്നുമാകുന്നു. ഈ കാര്യം ഇവിടെ അത്രമാത്രം കുഴഞ്ഞുമറിഞ്ഞ അവസ്ഥയിലായിട്ട്...അപ്പോഴും, നിങ്ങൾ നിങ്ങൾ വ്യത്യസ്തരല്ലെങ്കിൽ, അവിടെ എന്തോ കുഴപ്പമുണ്ട്; നിങ്ങൾ, നിങ്ങൾ അപ്പോഴും ഭൂമിയുമായി അത്രയും ബന്ധമുള്ളവനാകുന്നു. നിങ്ങൾ സ്വർഗ്ഗീയ മനസുള്ളവരാകേണ്ടിയിരിക്കുന്നു. സ്വർഗ്ഗം വചനത്താൽ ജീവിക്കുന്നു.

135 ഇപ്പോൾ, ഈ—ഈ മഹത്തായ കാര്യം സംഭവിച്ചിരിക്കുന്നത് നാം ശ്രദ്ധിച്ചു. ഇപ്പോൾ, ഒരു യഥാർത്ഥ ഏലിയാവിന്റെ വരവ് ഉണ്ടായിരിക്കുമെന്ന് നാം വിശ്വസിക്കുന്നു. നോക്കു, അതു സംഭവിക്കുമെന്നു മുൻകൂട്ടി പറയപ്പെട്ടിരിക്കുന്നു. അത് അതിന്റേതായ സമയത്തും, കാലത്തും, അത് ഇവിടെ എത്തിയിരിക്കും എന്ന് നാം ഓർത്തിരിക്കണം. ഒരുപക്ഷേ നാം ഇപ്പോൾ അതിനായി ഒരു അടിസ്ഥാനം ഇടുന്നതാകാം. അത് ഒരു വിഭാഗീയ സഭ ആയിരിക്കുകയുമില്ല.

136 ആ കാര്യത്തിൽ എന്റെ—എന്റെ ഒരു നല്ല സുഹൃത്തുമായി ഞാൻ വിയോജിക്കുന്നു. അത് ഒരുകൂട്ടം ജനങ്ങളായിരിക്കുമെന്ന് അദ്ദേഹം പറയുന്നു. അത് തിരുവെഴുത്തിൽ നിങ്ങൾ എനിക്ക് കാണിച്ചു തരുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവം, മാറ്റപ്പെടാത്ത ദൈവം, ഒരിക്കലും തന്റെ പദ്ധതികൾ മാറ്റുന്നില്ല. അവൻ ചെയ്താൽ, പിന്നെ അവൻ ദൈവമല്ല; അത് ശരിയാണ്, കാരണം അവൻ മരണമില്ലാത്തവനാണ്, ഞാൻ ചെയ്യുന്നതുപോലെ അവൻ ചെയ്താൽ അവൻ ചെയ്യുന്നത് തെറ്റായിരിക്കും

137 ഏദേൻ തോട്ടത്തിന്റെ കാലം മുതലേ, ദൈവം ഒരിക്കലും അവന്റെ പദ്ധതി മാറ്റിയിട്ടില്ല. വീണ്ടെടുപ്പിന് വേണ്ടി അവൻ ഒരു പദ്ധതി ഉണ്ടാക്കി; അത് രക്തമായിരുന്നു. നാം വിദ്യാഭ്യാസത്താൽ ശ്രമിച്ചുനോക്കി. നാം സ്വേഛാധിപത്യത്താൽ ശ്രമിച്ചുനോക്കി. നാം മനഃശാസ്ത്രത്താൽ ശ്രമിച്ചുനോക്കി. നാം വിഭാഗീയ സഭാസമ്പ്രദായത്താൽ ശ്രമിച്ചുനോക്കി. നാം എല്ലാവിധത്തിലും ശ്രമിച്ചു നോക്കി, എല്ലാവരെയും ഒരുമിച്ചു കൂട്ടുവാനും, എല്ലാവരെയും തമ്മിൽ സ്നേഹമുള്ളവരായിരിക്കാനും, മറ്റെല്ലാം ചെയ്തുനോക്കി. എന്നാൽ, ദൈവം മനുഷ്യനെ കണ്ടുമുട്ടുന്ന ഏക സ്ഥാനമായ, രക്തത്തിൻ കീഴിലല്ലാതെ, യഥാർത്ഥമായ പള്ളിയിൽ കൂടിവന്നവർക്ക് മറ്റ് യാതൊരു സ്ഥലവുമില്ല.

138 ദൈവം എപ്പോഴും ഒരു വ്യക്തിയുമായി ഇടപെടുന്നു. രണ്ട് വ്യക്തികൾക്ക് രണ്ടാശയങ്ങൾ ഉണ്ടായിരിക്കും. രണ്ട് മുഖ്യ പ്രവാചകന്മാർ ഒരേസമയത്ത്, പ്രവചിച്ചുകൊണ്ട് ഒരിക്കലും ഈ ഭൂമിയിൽ ഉണ്ടായിരുന്നില്ല. അങ്ങനെ ഉണ്ടായിരുന്നോ എന്ന് തിരികെ നോക്കി കാണുക. ഇല്ല, ശ്രീമാൻ. വളരെയധികം കുഴക്കപ്പെട്ടുകിടക്കുന്നു! പൂർണ്ണമായും കീഴടങ്ങിയ ഒരു വ്യക്തിയെ അവന് കിട്ടേണ്ടതാവശ്യമാകുന്നു, ആ വ്യക്തിയെ ഉപയോഗിക്കുന്നു. ആ വ്യക്തിയെ അവൻ തേടിക്കൊണ്ടിരിക്കുന്നു.

139 എന്നാൽ എപ്പോഴെങ്കിലും, ആരെങ്കിലും വചനം വചനമായി അവനെ കേൾക്കുന്ന ഒരുവൻ അവിടെ ഉണ്ടായിരിക്കും. മറ്റാരെന്ത് പറഞ്ഞാലും ഞാൻ കാര്യമാക്കുന്നില്ല, അവർ അതിൽ നിന്ന് മാറുകയില്ല. അത് ശരിയാണ്. അവർ കർത്താവ് ഇപ്രകാരം അരുളി ചെയ്യുന്നു എന്നതിനായി കാത്തിരിക്കും. അതിനുശേഷം അത് സംഭവിക്കുന്നതുവരെ അവർ ഇളകുകയില്ല. അവൻ ശരിയായ രീതിയിൽ സമർത്ഥിക്കപ്പെട്ടവനായിരിക്കും. നിങ്ങൾക്ക്…

140 ഇപ്പോൾ പുറംലോകം അതിനെ വെറുക്കും, എന്നാൽ യേശുവിന്റെ കാലത്തായിരുന്നതു പോലെയുള്ള, തെരഞ്ഞെടുക്കപ്പെട്ട വിത്ത്, ആ മുൻനിർണ്ണയിക്കപ്പെട്ട വിത്ത്, ആ വെളിച്ചം അതിന്മേൽ പതിയുമ്പോൾ, ആ വിത്ത് *ഇപ്രകാരം* മുളച്ചുവരും. [ബ്രദർ ബ്രൺഹാം തന്റെ വിരൽ ഒരു തവണ ഞൊടിക്കുന്നു—Ed.] അവർ അത് അറിയും. അവർ അത് മനസ്സിലാക്കും. അതിനെകുറിച്ച് ഒരു വാക്ക് പോലും നിങ്ങൾക്ക് അവരോട് പറയേണ്ടി വരികയില്ല.

141 അവൾ പറഞ്ഞു. "യജമാനനെ, നീ ഒരു പ്രവാചകൻ എന്ന് ഞാൻ കാണുന്നു. മശിഹാ വരുമ്പോൾ അവൻ സകലവും അറിയിച്ചുതരും എന്ന് ഞങ്ങൾ അറിയുന്നു..."

അവൻ പറഞ്ഞു, "ഞാൻ തന്നെ അവൻ."

142 മകനെ, അത്, ധാരാളമായിരുന്നു. അവൾക്ക് രാത്രി മുഴുവനും, അടുത്ത രാത്രിവരെയോ കാത്തിരിക്കേണ്ട വന്നില്ല. അവൾക്ക് അത് നേരെ അവിടെത്തന്നെ കിട്ടി. അവൾ പട്ടണത്തിലേക്കുള്ള വഴിയിൽ, അതിനെകുറിച്ച് അവൾ അവർ എല്ലാവരോടും പറയുന്നുണ്ടായിരുന്നു.

143 ഇപ്പോൾ ഓർക്കുക, ആദ്യത്തെ കാലഘട്ടം, സിംഹത്തിന്റെ കാലഘട്ടമായിരുന്നു. അത് യഹൂദാ ഗോത്രത്തിന്റെ സിംഹമായ, ക്രിസ്തു ആയിരുന്നു. അവന്റെ സ്വന്ത ജീവന്റെ സ്വാധീന ശക്തി, ആ കാലത്തെ എടുത്തിരുന്നു. അത് ഒന്നാം *ജീവിയാകുന്നു*, അതിന്റെ

അർത്ഥം “ശക്തി,” എന്നാകുന്നു, അത് മനുഷ്യ ശബ്ദത്താൽ ഉത്തരം നൽകിയിരുന്നു.

144 അതിന്റെ അടുത്തത് കാളയുടെ യുഗമായിരുന്നു, അല്ലെങ്കിൽ കറുത്ത കുതിര സവാരിക്കാരന്റെ കാലഘട്ടമായിരുന്നു. കാണുന്നോ?

145 ഇപ്പോൾ, ഈ ഒന്നാമത്തെ കാലഘട്ടം ഒരു വെളുത്ത കാലഘട്ടമായതിന്റെ കാരണം, അതായത്...ജനങ്ങൾ എല്ലായ്പ്പോഴും പറഞ്ഞ് ഞാൻ കേട്ടിട്ടുള്ളത്, ആദ്യത്തെ കുതിര സവാരിക്കാരനായ വെള്ളക്കുതിര, സഭയുടെ ശക്തി ആയിരുന്നു എന്നും അവർ പിടിച്ചടക്കികൊണ്ട് മുമ്പോട്ട് പോയിരുന്നു എന്നുമായിരുന്നു. പിന്നീട് അവന് ഒരു കിരീടം ലഭിച്ചതായും നാം കണ്ടിരുന്നു, അതായിരുന്നു അത്. അത് സഭയായിരുന്നു. അത് സഭയായിരുന്നു, എന്നാൽ അവൻ എവിടേക്കാണ് പോയത്? റോമിലേക്ക് പോയി. അവിടേക്കാണ് അവൻ പോയത്. അവൻ തന്റെ കിരീടം പ്രാപിച്ചത്.

146 ഇപ്പോൾ, രണ്ടാമത്തെ യുഗം ഒരു ചുവന്ന സവാരിക്കാരന്റേത് ആയിരുന്നു, അത് ഇരുണ്ട കാലഘട്ടമായിരുന്നു.

147 ഇപ്പോൾ—ഇപ്പോൾ, ആ—ആ അടുത്ത കാലഘട്ടം മനുഷ്യന്റേത് ആയിരുന്നു, അത് ഒരു കറുത്ത കുതിര സവാരിക്കാരനായിരുന്നു. അവൻ മതപരിഷ്കർത്താക്കന്മാരുടെ കാലമായിരുന്നു. നോക്കൂ, ആ ശബ്ദം സംസാരിക്കുമ്പോഴായിരുന്നു. ഇപ്പോൾ, കറുത്ത കുതിര സവാരിക്കാരൻ, അത് എതിർക്രിസ്തുവായിരുന്നു. എന്നാൽ ആ കാലഘട്ടത്തിൽ സംസാരിച്ചിരുന്നവൻ പ്രതിനിധീകരിച്ചിരുന്നത് ഒരു മനുഷ്യനിലായിരുന്നു, അത് വിവേകവും, മിടുക്കും, കൗശല്യവുമാകുന്നു. കാണുന്നോ? അവർക്ക് അത് മനസ്സിലായിരുന്നില്ല. അവർ അവനെ വിളിച്ചിരുന്നില്ല...അവർ അവന് ഒരു പേര് നൽകിയിരുന്നില്ല. അത് പുറപ്പെട്ടുപോയി എന്ന് മാത്രമേ പറഞ്ഞിരുന്നുള്ളൂ.

148 എന്നാൽ ഇപ്പോൾ, കഴുകന്റെ യുഗത്തിലേയ്ക്ക് കടന്നുവരുമ്പോൾ, അതാണ് ആ ഒന്ന്...ദൈവം എപ്പോഴും തന്റെ പ്രവാചകന്മാരെ കഴുകന്മാരുമായിട്ട് താരതമ്യപ്പെടുത്തുന്നു. അവനെ സ്വയം അവൻ കഴുകൻ എന്ന് വിളിക്കുന്നു. കഴുകൻ അത്രേയറെ ഉയരത്തിലേക്ക് പോകുകയും, യാതൊന്നിനും അതിനെ തൊടാൻ കഴിയുകയുമില്ല. അവൻ ഏറ്റവും ഉയരത്തിൽ എത്തുക മാത്രമല്ല, എന്നാൽ ആ സ്ഥാനത്തേക്കായി അവൻ നിർമ്മിക്കപ്പെട്ടിരുന്നു. അവൻ ഉയരത്തിൽ എത്തിക്കഴിയുമ്പോഴും, അവൻ എവിടെയാണെന്ന് അവന് കാണാൻ കഴിയുന്നു. ചില ആളുകൾ ഉയരത്തിൽ ചെന്നെത്തിയിട്ട്, അവർ എവിടെയാണെന്ന് അവർക്ക് കാണാൻ കഴിയുന്നില്ല, അതുകൊണ്ട്

ഉയരത്തിൽ ചെന്നെത്തുന്നത് യാതൊരു ഗുണവും നൽകുന്നില്ല. എന്നാൽ നിങ്ങൾ...

149 എന്നാൽ ഒരു കാക്കയെ ഒരു പരുന്തിനോടോ ഒരു കഴുകനോടൊപ്പമോ പറപ്പിക്കാൻ ശ്രമിച്ചാൽ, അവൻ പൊട്ടിത്തകർന്ന് പൊടിയാകും. അവൻ പോകുന്നിടത്തുള്ള സമ്മർദ്ദത്തിൽ അത് വന്നിരിക്കണം.

150 അതാണ് ഇന്നത്തെ കുഴപ്പം, നമ്മിൽ പലരും അത്രയും സമ്മർദ്ദത്തിലാകുന്നില്ല. നാം ഉയരത്തിലേക്ക് ചാടുമ്പോൾ തന്നെ, പൊട്ടി തകർന്നുപോകുന്നു. എന്നാൽ നമുക്ക് സമ്മർദ്ദത്തിലാകേണ്ടത് ആവശ്യമാകുന്നു.

151 നിങ്ങൾ അവിടെ കയറിക്കഴിഞ്ഞ്, കഴുകനെപ്പോലെ കൂർമ്മതയുള്ള കണ്ണുകൾ ഉണ്ടായിരുന്നാൽ, എന്താണ് വരുന്നതെന്ന് കാണുന്നതിനും, എന്താണ് ചെയ്യേണ്ടത് എന്ന് അറിയുന്നതിനും കഴിയും. ഇപ്പോൾ, വെളിപ്പാട് 10:7-ലും മലാഖി...1, 4-ലും, കഴുകന്റെ കാലഘട്ടം വെളിപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. അത് അവസാന കാലത്തായിരിക്കും, നോക്കു, അത് ശരിയാണ്, അത് ഇവിടെ ഉണ്ടായിരിക്കും. ശരി, ശ്രദ്ധിക്കുക.

152 ഇപ്പോൾ, ഈ വ്യക്തി ഒരു തവിട്ടു കുതിരപ്പുറത്ത് സവാരി ചെയ്യുന്നതു നാം കാണുന്നു. തവിട്ട് നിറം! ഓ, എന്റെ! അതുകഴിയുമ്പോൾ, ശ്രദ്ധിക്കു അതിനുശേഷം...

153 നാം സ്മക്കേഴ്സിന്റെ *മഹത്തായ നവീകരണം,* എന്ന റോമിലെ രക്തസാക്ഷികളുടെ, പുസ്തകത്തിൽ നിന്നും, “അറുപത്തിയെട്ടു ദശലക്ഷം പ്രൊട്ടെസ്റ്റാന്റുകാർ,” എന്നുള്ളതിനെ കഴിഞ്ഞ രാത്രിയിൽ നാം എടുത്തിരുന്നു. അത് ആയിത്തിയഞ്ഞൂറിന്റെ അവസാനം വരെ, അത് ആയിരത്തിയെണ്ണൂറ്...എന്നോണോ എന്നു ഞാൻ കൃത്യമായും ഓർക്കുന്നില്ല. എന്നാൽ റോമിനെ, ആദ്യത്തെ റോമൻ സഭയെ എതിർത്ത, അറുപത്തിയോട്ടു ദശലക്ഷം പേരെയാണ് കൊന്നുകളഞ്ഞത്. അവന് മരണം എന്ന് വിളിക്കപ്പെടുന്ന വ്യക്തിരൂപത്തിൽ സ്വയം ആൾമാറാട്ടം നടത്താൻ കഴിഞ്ഞിരിക്കുന്നു എന്നുള്ളതിൽ യാതൊരു അത്ഭുതവുമില്ല. അവൻ തീർച്ചയായും അത് തന്നെയായിരുന്നു.

154 ഇപ്പോൾ, വേദപുസ്തകത്തിനെതിരായ അവന്റെ വചനോപദേശത്താൽ! എത്രപേരെ ആത്മീയമായ മരണത്തിന് കാരണമാക്കിയിട്ടുണ്ടെന്ന് ദൈവം മാത്രം അറിയുന്നു. ഇത് അവൻ തന്റെ വാളിനിരയാക്കി കൊന്നുകളഞ്ഞത് അറുപത്തിയെട്ടു

ദശലക്ഷം പേരെയാകുന്നു. അവന്റെ കള്ള ഉപദേശത്താൽ, ഒരുപക്ഷേ അക്ഷരാർത്ഥത്തിൽ കോടിക്കണക്കിന്നു ജനങ്ങൾ ആത്മീയമായി മരിച്ചിട്ടുണ്ടാകും. അവൻ മരണം എന്ന പേര് എടുക്കാൻ കഴിയുമെന്നതിൽ യാതൊരു അത്ഭുതവുമില്ല.

155 ആ സവാരിക്കാരനെ ശ്രദ്ധിച്ചുവോ? ആദ്യത്തെ സ്ഥാനത്ത്, ഒരു എതിർക്രിസ്തുവായിട്ടും, അവൻ തുടക്കം മുതലേ അവൻ മരണവും ആയിരുന്നു; എന്നാൽ അപ്പോൾ അവൻ നിരപരാധിയായി കാണപ്പെട്ടു. അതിനുശേഷം അവന് ഒരു കിരീടം ലഭിച്ചു, ഒരു ത്രിത്വ കിരീടം; അത് ലഭിച്ചപ്പോൾ, അവൻ യോജിപ്പിച്ചു, സാത്താൻ തന്റെ സഭയെയും സംസ്ഥാനത്തെയും കൂടി ഒന്നിച്ചാക്കി, കാരണം അന്ന് അവൻ രണ്ടിനും മേലധികാരിയായിരുന്നു. സാത്താൻ എതിർക്രിസ്തുവായി ഒരു മനുഷ്യ രൂപത്തിലായിരുന്നു.

156 വിശുദ്ധ മത്തായി, നാലാം അദ്ധ്യായത്തിലും, കൂടെ അതിനെ കുറിച്ച് നമ്മോട് പറയുന്നെന്നു ഞാൻ കരുതുന്നു. നമ്മുടെ, കർത്താവായ യേശുവിനെ, സാത്താൻ ഒരു ഉയർന്ന മലയുടെ മേൽ, കൊണ്ടുപോയിട്ട് ലോകത്തിലുള്ള സകല രാജത്വങ്ങളെയും, അവയുടെ മഹത്വത്തെയും, ഒരു നിമിഷത്തിനുള്ളിൽ കാണിച്ചിട്ട് അതെല്ലാം അവന് സമ്മാനിക്കാമെന്ന് പറഞ്ഞു. കൂടാതെ അതെല്ലാം...അവയെല്ലാം, അവന്റേതാണെന്നും പറഞ്ഞു.

157 അങ്ങനെ, നിങ്ങൾ ശ്രദ്ധിച്ചാൽ, അവന്റെ സംസ്ഥാനത്തെയും തന്റെ സഭയെയും അവൻ ഒരുമിച്ചാക്കിയശേഷം, ചുവന്ന കുതിരപ്പുറത്ത് അത്രയും നിശ്ചയമായിട്ട് അവൻ യാത്രചെയ്യാൻ കഴിഞ്ഞു. കാണുന്നോ? വാസ്തവമായും! ഇപ്പോൾ, അതിനുശേഷം, അവന്റെ സഭയിലെയും, സംസ്ഥാനത്തിലേയുമുള്ള രഹസ്യത്തെ നാം കണ്ടുപിടിക്കുന്നു.

158 അവന്റെ പൗരോഹിത്യത്തിന്റെ നാലാമത്തെ ഘട്ടത്തിൽ, അവനെ മൃഗം എന്ന് വിളിക്കുന്നു. ആദ്യം അവൻ എതിർക്രിസ്തു എന്ന് വിളിക്കപ്പെട്ടു, നോക്കൂ; അതിനുശേഷം അവനെ കള്ളപ്രവാചകനെന്നും; പിന്നെ അവൻ മൃഗം എന്നും വിളിക്കപ്പെടുന്നു. ഇപ്പോൾ നാം ഇവിടെ അവനെ ഒരു മൃഗം എന്ന് വിളിക്കുന്നതായി കാണുന്നു. ഇപ്പോൾ അത് നാലാമത്ത കുതിരയ്ക്കു ശേഷമാണെന്ന്, നിങ്ങൾ ശ്രദ്ധിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

159 ഈ നാലാമത്തെ കുതിരയിൽ, നിങ്ങൾ ശ്രദ്ധിക്കുകയാണെങ്കിൽ, എല്ലാം...ആദ്യത്തേതു വെള്ളയായിരുന്നു; അതിനു അടുത്തത് ചുവന്നത്; അതിനു അടുത്തത് കറുത്തത്; നാലാമത്തേതിൽ മറ്റുള്ള ഈ മൂന്നും പ്രതിനിധികരിക്കപ്പെട്ടിരുന്നു; കാരണം തവിട്ടു നിറം എന്നത്

ചുവപ്പും വെളുപ്പും എല്ലാം കൂടി ഒരുമിച്ച് ചേർന്നതാകുന്നു. കാണുന്നോ? അവൻ...അതെല്ലാം—അതെല്ലാം കൂടി ഈ ഒരൊറ്റ കുതിരയിൽ ഒന്നായി ചേർത്തതായിരുന്നു. കാണുന്നോ? അങ്ങനെ അവിടെ അവൻ നാലാമത്തവനായിരിക്കുന്നു, അഥവാ യഥാർത്ഥത്തിൽ മൂന്നും കൂടി ഒന്നായതാകുന്നു. ഇതെല്ലാം കൂടി ആ ഒരൊറ്റ കാര്യത്തിൽ കൂടികലർന്നതാകുന്നു.

160 ഇപ്പോൾ ഈ നാലുപേരെയും നിങ്ങൾ ശ്രദ്ധിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ആത്മീയ കണക്കിൽ നാലിൽ നിന്ന് ദൂരെയായിട്ടുള്ള ഈ കാര്യത്തെ ശ്രദ്ധിക്കുക. ദൈവം മുന്നിലാകുന്നു. ഇത് നാലാകുന്നു. അവൻ ഇവിടെ നാലിലാകുന്നു. ആദ്യം, എതിർക്രിസ്തുവായി, വെള്ള; രണ്ടാമത്, കള്ളപ്രവാചകനായി, ചുവന്നും; മൂന്നാമത് സ്വർഗ്ഗത്തിനും ഭൂമിക്കും പാപവിമോചനസ്ഥാനത്തിന്റെയും വികാരിയായി, കറുത്തും; നാലാമത് മൃഗമായിട്ട്, തവിട്ടു കുതിരയായും, സാത്താൻ സ്വർഗ്ഗത്തിൽ നിന്നും ചവിട്ടി പുറത്താക്കപ്പെടുന്നു. നിങ്ങൾ ഇതു വായിക്കാൻ ആഗ്രഹിക്കുന്നുണ്ടോ? വെളിപ്പാട് 12:13 ആകുന്നു, സാത്താൻ സ്വർഗ്ഗത്തിൽ ചവിട്ടി പുറത്താക്കപ്പെടുന്നു. അതിനുശേഷം വെളിപ്പാട് 13:1:8-ലും മൃഗം എന്ന വ്യക്തിയിലായി മനുഷ്യനായി അവതരിക്കുന്നു.

161 അവൻ ആദ്യം എതിർക്രിസ്തു ആയിരുന്നു, നിക്കോലാവ്യർ എന്ന വെറുമൊരു ഉപദേശം മാത്രമായിരുന്നു; അനിനുശേഷം, അതിൽ നിന്നും, അവൻ ഒരു കള്ളപ്രവാചകൻ ആയിതീർന്നു. അവൻ എതിർകിസ്തു ആണെങ്കിൽ, എതിർക്രിസ്തു എന്നാൽ *വിരുദ്ധമായത്*. ദൈവത്തിന്റെ വചനത്തിന് എതിരായിട്ടുള്ള ഏതൊരു കാര്യവും ദൈവത്തിന് എതിരാകുന്നു, കാരണം വചനം ദൈവമാകുന്നു. "ആദിയിൽ വചനമുണ്ടായിരുന്നു, വചനം ദൈവത്തോട് കൂടെയായിരുന്നു. വചനം ജഡമായി തീർന്ന്, ക്രിസ്തു, നമ്മുടെ ഇടയിൽ പാർത്തു." അങ്ങനെ ഇപ്പോൾ അവൻ വചനത്തിന് എതിരായിരുന്നു, അതിനാൽ അവൻ എതിർക്രിസ്തുവാകുന്നു. എന്നാൽ ഒരു ആത്മാവിനെ കിരീടം അണിയാൻ കഴിയുകയില്ല; ആ കാരണത്താലാണ് അവന് കിരീടം ലഭിക്കാതിരുന്നത്. വെറുമൊരു വില്ല് മാത്രം, അമ്പുകളില്ലായിരുന്നു.

162 അതിനുശേഷം, കിരീടമണിയിക്കുന്ന സമയം വന്നപ്പോൾ, അവൻ തന്റെ എതിർക്രിസ്തുവിന്റെ ഉപദേശവുമായിട്ട്, ഒരു കള്ളപ്രവാചകനായി വരുന്നു. നിങ്ങൾക്ക് മനസ്സിലായോ? അതിനുശേഷം അവന് ഒരു വാൾ ലഭിച്ചു, കാരണം അവൻ തന്റെ ശക്തികളെ ഒരുമിച്ചാക്കി, അതിനാൽ അവന് ആരോടും ചോദിക്കേണ്ട ആവശ്യവുമില്ലായിരുന്നു. അവൻ സംസ്ഥാന ഭരണാധികാരിയായി;

അവൻ സ്വർഗ്ഗത്തിന്റെ ഭരണാധികാരിയായി. ഒരു ത്രിത്വകിരീടം പ്രാപിച്ചു. തനിക്ക് സ്വന്തമായി "മരണാന്തര പാപവിമോചന സ്ഥാനം," എന്ന് വിളിക്കപ്പെടുന്ന ഒരു ആശയം അവനുണ്ടാക്കി. അവിടെ ഒരാൾ മരിച്ചുപോയശേഷം അവരുടെ പക്കൽ കുറച്ച് പണം ഉണ്ടായിട്ട് അത് അവർക്ക് അടച്ചു തീർക്കാനായാൽ, അവന് അവരെ അതിൽനിന്ന് പ്രാർത്ഥിച്ച് പുറത്തു കൊണ്ടുവരാൻ കഴിയും, കാരണം അവന് അപ്രകാരം ചെയ്യുന്നതിനുള്ള ശക്തിയുണ്ട്, അവൻ ഒരു *പകരക്കാരനാകുന്നു*. തീർച്ചയായും, അവൻ ആകുന്നു. "അവൻ ഈ ഭൂമിയിൽ ദൈവത്തിന്റെ സ്ഥാനമെടുക്കുന്നു." ഇത് മറ്റേതൊരു കാര്യത്തെയും പോലെ വ്യക്തമായിരിക്കുന്നു!

163 നാം ബൈബിളിൽക്കൂടി, അത് കാണുകയും, അവന്റെ പേരിലുള്ള ഗണിത സംഖ്യകളുടെ കണക്ക് കൂട്ടുകയും, അങ്ങനെ എല്ലാകാര്യങ്ങളും ചെയ്തുകഴിഞ്ഞിരിക്കുകയും ചെയ്തു. അവൻ ഇവിടെയാകുന്നു...?... നേരെ തിരികെ, മൂന്നാമത്തെ അല്ല; നാലാമത്തെ സംഖ്യയായി എത്തിയിരിക്കുന്നു. നാലാമത്തെ നമ്പർ, നോക്കുക.

164 ഇപ്പോൾ നമുക്ക്, വെളിപ്പാട് 12-ലേക്ക് തിരിക്കാം. നമുക്ക് കുറച്ചുകൂടി ഇത് വായിക്കാം, കാരണം, നമുക്ക് അതു ചെയ്യുന്നതിനുള്ള സമയമുണ്ട്. നമുക്ക് വെളിപ്പാട് 12-ാം അദ്ധ്യായത്തിന്റെ 13-ാം വാക്യം വായിക്കാം. "ആ സമയത്ത് ഒരു വലിയ ഭൂമികുലുക്കം..." ഇല്ല. എനിക്കത് തെറ്റായി കിട്ടി. 13-ാം വാക്യം.

*തന്നെ ഭൂമിയിലേക്ക് തള്ളിക്കളഞ്ഞു എന്നു മഹാസർപ്പം കണ്ടിട്ട് ആൺകുട്ടിയെ പ്രസവിച്ച സ്ത്രീയെ ഉപദ്രവിച്ചു തുടങ്ങി.*

165 ഇപ്പോൾ, നിങ്ങൾ നോക്കു, അവൻ ഭൂമിയിലേക്ക്, തള്ളിക്കളയപ്പെട്ടിട്ട്, എതിർക്രിസ്തുവിന്റെ, ആത്മാവ് ഒരു മനുഷ്യനിൽ അവതാരിച്ചു. ആ മനുഷ്യൻ ഒന്നിൽ നിന്ന് മറ്റൊന്നിലേക്ക് മാറുകയും ഒരു എതിർക്രിസ്തുവിന്റെ ആത്മാവിൽനിന്ന്, ഒരു കള്ളപ്രവാചകനായും, അതിനുശേഷം മൃഗമായി അവനിലാകുകയും ചെയ്യുന്നു.

166 അത് കൃത്യമായും സഭ വളരുന്നത് പോലെ തന്നെയാകുന്നു; അവന്റെ സഭ എതിർക്രിസ്തുവിൽ നിന്നും കള്ളപ്രവാചകനായും, വരാനിരിക്കുന്ന മഹത്തായ കാലഘട്ടത്തിൽ, മൃഗമായി എഴുന്നേല്ക്കേണ്ടതായും ഇരിക്കുന്നു. അതുപോലെ സഭയും അതേ രീതിയിൽ തന്നെ നീതീകരണം, ശുദ്ധീകരണം പരിശുദ്ധാത്മാഭിഷേകത്തിൽകൂടെ ക്രിസ്തു തന്റെ ജനങ്ങളിലായി തീരുന്നു. ശരിക്കും കൃത്യമായി അതുതന്നെ ആയിരിക്കുന്നു. അത് അവൻ അവിടെ അതിന്റെ നേരെ എതിരാകുന്നു, നോക്കു, അതിന്റെ

മാതൃകയെ നോക്കുക. അവിടെ അവൻ വളരെ കൃത്യമായിട്ടും ആയിരിക്കുന്നു. അത് അവനാകുന്നു അവൻ സ്വർഗ്ഗത്തിൽനിന്നും ചവുട്ടി പുറത്താക്കപ്പെട്ടിരിക്കുന്നു

167 ഇപ്പോൾ നാം അത് വെളിപ്പാട് 13-ന്റെ 1 മുതൽ 8 വരെ കാണുന്നു.

*ഞാൻ കടല്പുറത്ത് മണലിൽ നിന്നപ്പോൾ, ഒരു മൃഗം സമുദ്രത്തിൽ നിന്ന് കയറുന്നത് കണ്ടു.*

168 ഇപ്പോൾ 12-ൽ അവൻ തള്ളി പുറത്താക്കപ്പെട്ടു. ഇപ്പോൾ ശ്രദ്ധിക്കുക.

*...പത്തുകൊമ്പുകളും, ഏഴു തലയും, കൊമ്പുകളിൽ പത്തു രാജമുടിയും തലയിൽ ദൂഷണനാമങ്ങളും ഉള്ളോരു മൃഗം സമുദ്രത്തിൽ നിന്നും കയറുന്നത് ഞാൻ കണ്ടു.*

*ഞാൻ കണ്ട് മൃഗം പുള്ളിപ്പുലിക്ക് സദൃശ്യവും*

169 ഓ, നമുക്കിപ്പോൾ സമയമുണ്ടായിരുന്നെങ്കിൽ, നാം ബാക്കിയുള്ള ഈ രാത്രികളിൽ, പ്രതിരൂപങ്ങളെ എല്ലാം എടുത്ത് നേരെ തിരികെ വീണ്ടും, ഇത് അവൻ തന്നെയാകുന്നു എന്ന് കാണിക്കാൻ കഴിയുമായിരുന്നു. എങ്കിലും നിങ്ങളിൽ പലർക്കും മറ്റുള്ള വിഷയങ്ങളിൽ നിന്നും ഇതിനെക്കുറിച്ച് അറിയാമല്ലോ.

*...അതിന്റെ കാൽ കരടിയുടെ കാൽ പോലെയും, വായ്... സിംഹത്തിന്റെ വായ് പോലെയും ആയിരുന്നു. അതിന്നു മഹാസർപ്പം തന്റെ ശക്തിയും...സിംഹാസനവും...വലിയ അധികാരവും...കൊടുത്തു.*

170 ഹം! മനുഷ്യാവതാരമായിത്തീർന്ന സാത്താനെ! കാണുന്നോ?

*അതിന്റെ തലകളിൽ ഒന്ന് മരണകരമായ... മുറിവേറ്റതുപോലെ ഞാൻ കണ്ടു...*

171 നാം അത് താഴോട്ട് വായിക്കുമ്പോൾ, നിങ്ങൾ ആഗ്രഹിക്കുന്ന പക്ഷം നിങ്ങൾക്ക് അവസരം കിട്ടുമ്പോൾ അത് വായിക്കുക. വേണ്ട, നമുക്ക് കുറച്ചുകൂടി താഴോട്ട് വായിക്കാം.

*അതിന്റെ തലകളിൽ ഒന്ന് മരണകമായ മുറിവേറ്റത്... പോലെ ഞാൻ കണ്ടു; അതിന്റെ മരണകരമായ മുറിവ് പൊറുത്തു പോയി; സർവ്വഭൂമിയും മൃഗത്തെ കണ്ട് വിസ്മയിച്ചു.*

172 നിങ്ങൾ ശ്രദ്ധിക്കുക മാത്രം ചെയ്യുക! നിങ്ങൾ ഒരിക്കലും കമ്മ്യൂണിസത്തെ ശ്രദ്ധിക്കേണ്ടതില്ല. ഏതെങ്കിലും ഒരു ദിവസം "രക്തത്തിന് പ്രതികാരം നടത്തുന്നതിന്," നിങ്ങളെ സഹായിക്കുന്നതിന് ദൈവത്തിന്റെ കയ്യിൽ പ്രവർത്തിക്കുടുന്ന ഒരു

ഉപകരണം മാത്രമല്ലാതെ അത് മറ്റൊന്നുമല്ല. അതിനെക്കുറിച്ച് നാളെ രാത്രിയിൽ നാം എടുക്കുന്നതായിരിക്കും. കാണുന്നോ?

*അവൻ മഹാസർപ്പത്തെ നമസ്കരിച്ചു...*

173 ഈ മഹാസർപ്പം ആരായിരുന്നു? സാത്താൻ. അത് ശരിയല്ലേ? "മഹാസർപ്പം." ശരി

> *...മൃഗത്തിന് അധികാരം കൊടുത്തതുകൊണ്ട്* (അവന് അധികാരം കിട്ടിയത് എവിടെ നിന്നാണെന്നു നോക്കു): *അവർ മഹാസർപ്പത്തെ നമസ്കരിച്ചു. മൃഗത്തോടു തുല്യൻ ആർ? അതിനോട് പൊരുതുവാൻ ആർക്ക് കഴിയും എന്ന് പറഞ്ഞ് മൃഗത്തെയും നമസ്കരിച്ചു.*
>
> *വമ്പും ദൂഷണവും സംസാരിക്കുന്ന വായ് അതിന്നു ലഭിച്ചു; നാല്പത്തിരണ്ടു മാസം പ്രവർത്തിപ്പാൻ അധികാരവും ലഭിച്ചു.*
>
> *അവൻ ദൈവത്തിന്റെ നാമത്തെയും,* (അവിടെയാണ് നിങ്ങൾ നോക്കു, ശരി)*...അവനൊരു തലപ്പേര് നല്കപ്പെട്ടു.* (ഒരു സ്ഥാനപ്പേര്)*...അവന്റെ കൂടാരത്തെയും,* (അത് പരിശുദ്ധാത്മാവിന്റെ വാസസ്ഥലമാകുന്നു) *സ്വർഗ്ഗത്തിൽ വസിക്കുന്നവരെയും ദുഷിപ്പാൻ ദൈവദൂഷണത്തിനായി വായ് തുറന്നു.*

174 അത് റോമിൽ ഒരു സ്ഥലത്ത്, ഒരു വത്തിക്കാൻ നഗരം ഉണ്ടാക്കുന്നതിന് വേണ്ടിയായിരുന്നു. നിങ്ങൾക്ക് വീണ്ടും താഴോട്ട് വായിക്കാം.

*...സ്വർഗ്ഗത്തിൽ വസിക്കുന്നവരെയും.*

175 അവർ മദ്ധ്യസ്ഥന്മാരാണെന്ന് പറഞ്ഞുകൊണ്ട്, അവരെ ദുഷിച്ചു.

> *വിശുദ്ധന്മാരോട് യുദ്ധം ചെയ്ക* (അവൻ അതു ചെയ്തു) *അവരെ ജയിപ്പാനും അതിന്നു അധികാരം ലഭിച്ചു.* (അവൻ അത് ചെയ്തു.)

176 അവരെ കൊലകുറ്റിയിൽ കെട്ടി തീകൊണ്ട് കത്തിയെരിച്ചു. സിംഹങ്ങൾക്ക് ഇരയാക്കി! അവന് കഴിയാവുന്ന രീതിയിലെല്ലാം അവരെ കൊന്നു.

> *...സകല ഗോത്രത്തിന്മേലും വംശത്തിന്മേലും ഭാഷമേലും ജാതിമേലും അധികാരവും ലഭിച്ചു.*

177 റോമിൽ അത് വിഗ്രഹാരാധനക്കാരായ റോം പോപ്പിന്റെ റോം ആയി മാറ്റപ്പെടുന്നതുവരെ ആ രീതിയിൽ ഒരിക്കലും അത് സംഭവിച്ചിരുന്നില്ല, കത്തോലിക്കാ സഭയുടെ ശക്തി ലോകം മുഴുവൻ

പടർന്ന് അതിനെ സർവ്വ ലൗകീക കത്തോലിക്കാ സഭയാക്കി തീർത്തു.

*ജീവപുസ്തകത്തിൽ പേർ എഴുതിയിട്ടില്ലാത്ത ഭൂവാസികൾ ഒക്കെയും അതിനെ നമസ്കരിക്കും.*

178 "എന്റെ എണ്ണക്കും വീഞ്ഞിനും കേടുവരുത്തരുത്." കാണുന്നോ?

*ലോകസ്ഥാപനം മുതൽ അറുക്കപ്പെട്ട കുഞ്ഞാടിന്റെ ജീവപുസ്തകത്തിൽ പേർ എഴുതീട്ടില്ലാത്ത ഭൂവാസികൾ ഒക്കെയും അതിനെ നമസ്കരിക്കും.*

*ചെവിയുള്ളവർ കേൾക്കട്ടെ.*

*അടിമയാക്കി കൊണ്ടുപോകുന്നവൻ അടിമയായിപ്പോകും; വാൾ കൊണ്ടു കൊല്ലുന്നവൻ വാളാൽ മരിക്കേണ്ടിവരും; ഇവിടെ വിശുദ്ധന്മാരുടെ സഹിഷ്ണുതയും വിശ്വാസവും കൊണ്ട് ആവശ്യം.*

179 ഇപ്പോൾ, കഴിഞ്ഞ രാത്രിയിൽ, കൊല്ലുവാൻ, അവൻ തന്റെ വലിയ വാളുമായി വരുന്നത് നാം കണ്ടിരുന്നു.

180 അവനും ദൈവത്തിന്റെ വചനമായ വാളാൽ തന്നെ കൊല്ലപ്പെട്ടും എന്നതും കൂടെ നാം കണ്ടിരുന്നു. ദൈവത്തിന്റെ വചനമായ, ഇരുവായ്ത്തലയുള്ള, മൂർച്ചയേറിയ വാൾ, അവനെ കൊന്നുകളയുകയും നേരെ നിലത്താക്കുകയും ചെയ്യും. ദൈവത്തിന്റെ വചനത്തെ യഥാർത്ഥമായി എടുത്ത്, അതിനെ കഷ്ണങ്ങളായി നുറുക്കാൻ കഴിയുന്ന, കൂട്ടരായ ആ ഏഴു ഇടിനാദങ്ങൾ അവരുടെ ശബ്ദം മുഴക്കുവോളം കാത്തിരിക്കുക. അവർക്ക് ആകാശങ്ങളെ അടക്കാൻ കഴിയും. അവർക്ക് *ഇത്* അടച്ചുകളയാനും, *അത്* ചെയ്യാനും, അവർക്ക് ആഗ്രഹിക്കുന്നതെന്തും കഴിയും. മഹത്വം! അവന്റെ വായിൽ നിന്ന് പുറപ്പെടുന്ന, ഇരുവായ്ത്തലയുള്ള വാളിനെക്കാളും മൂർച്ചയേറിയ ആ വചനത്താൽ അവൻ കൊല്ലപ്പെട്ടും. അവർ ആഗ്രഹിക്കുന്ന പക്ഷം വേണമെങ്കിൽ കോടിക്കണക്കിന് ടണ്ണോളം ഈച്ചകളെ അവർക്ക് വിളിച്ചു വരുത്താൻ കഴിയും. ആമേൻ. അവർ പറയുന്നതെന്തും, സംഭവിക്കാൻ പോകുകയാണ്, എന്തുകൊണ്ടെന്നാൽ അത് ദൈവത്തിന്റെ വായിൽ നിന്ന് വരുന്ന ദൈവത്തിന്റെ വചനമാകുന്നു. അതെ. ആമേൻ. ദൈവം, എല്ലായ്പ്പോഴും അത് അവന്റെ വചനമാകുന്നു. എന്നാൽ അവൻ എല്ലായ്പ്പോഴും മനുഷ്യനെ അത് പ്രാവർത്തികമാക്കുന്നതിനു വേണ്ടി ഉപയോഗിക്കുന്നു.

181 മിസ്രയീമിൽ വച്ച് തേനീച്ചകളെ വിളിച്ചുവരുത്താൻ ദൈവത്തിന് കഴിയുമായിരുന്നു, എന്നാൽ അവൻ പറഞ്ഞു, "മോശെ, അത്

നിന്റെ ജോലിയാകുന്നു, നീ എന്തു ചെയ്യണമെന്ന് ഞാൻ നിന്നോട് പറയുകമാത്രം ചെയ്യും, നീ ചെന്ന് അത് ചെയ്യുക." അവൻ അത് മുഴുവനായി ചെയ്തു നിവൃത്തിയാക്കി. കാണുന്നോ? അവയെ വിളിച്ചു വരുത്തുന്നതിന് അവന്—അവന്—അവന് ചന്ദ്രനെ തിരഞ്ഞെടുക്കാമായിരുന്നു, അല്ലെങ്കിൽ കാറ്റിനെ അതിനുവേണ്ടി വിളിക്കാമായിരുന്നു. എന്നാൽ അവൻ—അവൻ പറഞ്ഞു, "മോശെ," അത്, അത്...ദൈവം അവന്റെ മനുഷ്യനെ തിരെഞ്ഞെടുത്തു. ശരി,

182 ഇപ്പോൾ, ഈ സാത്താൻ സ്വർഗ്ഗത്തിൽ നിന്ന് പുറന്തള്ളിയപ്പോൾ, ഈ മൃഗത്തിൽ അവനെത്തന്നെ സ്വയം ജഡാവതാരം ചെയ്യുന്നു നാം ഇവിടെ കാണുന്നു. ഇപ്പോൾ അവൻ ഒരു മൃഗമാകുന്നു; എതിർക്രിസ്തു, കള്ളപ്രവാചകൻ, ഇപ്പോൾ മൃഗം. അവന് മരണം എന്ന പേരും നല്കപ്പെട്ടിരിക്കുന്നു! പാതാളം അവനെ പിൻതുടരുന്നു! പൂർണ്ണ സാത്താനായി, അവന്റെ സിംഹാസനത്തിലായിരിക്കുന്നു! ഓ, എന്റെ! ഭൂമിയിൽ, അവൻ സാത്താനാകുന്നു, പ്രതിനിധിയായിട്ട്, ഭൂമിയിൽ, മത്തായി 4-ൽ നമ്മുടെ കർത്താവായ യേശുവിന് നല്കാമെന്ന് അവൻ കാണിച്ചുകൊടുത്ത, ലോകരാജത്വങ്ങളുടെ തലവനാകുന്നു ഇപ്പോൾ അവൻ. അങ്ങനെ സാത്താൻ ഇപ്പോൾ ഒരു മുഴുവൻ രാജാവായിതീരുന്നു.

183 ഇപ്പോൾ, ഇതു സംഭവിക്കുന്നത് പിന്നീടാണ്. ഇപ്പോൾ അവൻ ഒരു കള്ളപ്രവാചകനാകുന്നു. അല്പം കഴിയുമ്പോൾ, അവൻ അവിടെ വെച്ചു യഹൂദരുമായുള്ള തന്റെ ഉടമ്പടി തകർത്തു കഴിഞ്ഞിട്ട്, അവൻ ഒരു മൃഗമായിതീരും. അത് എങ്ങനെയാണെന്നു നിങ്ങൾക്കറിയാം... ശരി, ഇപ്പോൾ ശ്രദ്ധിക്കു, അവന് ഒരു മൃഗത്തിന്റെ ഹൃദയം കൊടുക്കും, ആ സമയത്ത്, സ്വയം സാത്താൻ ജഡാവതാരമെടുക്കും. എന്തെന്നാൽ, സഭ മുകളിലേയ്ക്ക് പോകുമ്പോൾ, സാത്താനെ പുറത്താക്കിക്കളയും. കാണുന്നോ? കാണുന്നോ? അവന്റെ സകല അപവാദവും ചെയ്തുകഴിഞ്ഞശേഷം, അപ്പോഴാണ്, അത് ചെയ്യുന്നത്. കാണുന്നോ? ഇപ്പോൾ അത് ഉള്ളടത്തോളം...

184 നോക്കു, മദ്ധ്യസ്ഥൻ സിംഹാസനത്തിൽ ആയിരിക്കുന്നിടത്തോളം കാലം, സാത്താന് അവിടെ നിന്നുകൊണ്ട് അപവാദം പറയാം, കാരണം അവനാണ് മറുവശത്തെ വക്കീൽ. അവൻ ക്രിസ്തുവിന്റെ എതിരഭിപ്രായക്കാരനാണ്. ക്രിസ്തു...അവൻ അവിടെ നിൽക്കുന്നു, ആ—ആ—ആ എതിരാളിയും അവിടെ നിന്നുകൊണ്ട്, പറയുന്നു, "എന്നാൽ, നിൽക്കു! ആദാം വീണു! ആദാം *ഇതു* ചെയ്തു! ഞാൻ അവനെ പടവെട്ടി ജയിച്ചു. അവന്റെ ഭാര്യയെ ഒരു കള്ളം

വിശ്വസിപ്പിക്കാനായി എനിക്കു കിട്ടിയിരുന്നു. നീ അതിനാൽ തന്നെ നശിച്ചു പോകുമെന്നു നീ പറഞ്ഞിരുന്നു. എനിക്ക് അത് കിട്ടി!"

185 എന്നാൽ ഇവിടെ ഇതാ മദ്ധ്യസ്ഥൻ നിൽക്കുന്നു, ആമേൻ, ചാർച്ചക്കാരനായ വീണ്ടെടുപ്പുകാരൻ, ആമേൻ, ദുഷ്ടനായ പാപിയുടെ ഹൃദയത്തെ എടുത്തു മാറ്റാൻ കഴിയുന്ന രക്തവുമായി അവിടെ നിൽക്കുന്നു. മദ്ധ്യസ്ഥൻ സിംഹാസനത്തിലാണ്. അതെ, ശ്രീമാൻ.

സാത്താൻ, പറഞ്ഞു, "അവർ കുറ്റക്കാരാണ്!"

"അവർ കുറ്റക്കാരല്ല," എന്ന് അവന് പറയാൻ കഴിയും.

186 ആ മഷിയുടെ നിറത്തെയും, മറ്റുള്ള കറകളെയും, മാറ്റാൻ കഴിയുന്ന, ക്ലോറോക്സ് കണ്ടുപിടിച്ചുകഴിഞ്ഞിരിക്കുന്നു അല്ലെങ്കിൽ നിർമിക്കപ്പെട്ടു കഴിഞ്ഞിരിക്കുന്നു. അവർക്ക് അത് കിട്ടിയിരിക്കുന്നു. ഇനിയും ഒരിക്കലും നിങ്ങൾക്ക് അത് കണ്ടുപിടിക്കാൻ കഴിയാത്ത വിധം അത് അതിനെ ശിഥിലീകരിച്ചു കളയും. അത് വാതകമായും, നേരെ പ്രപഞ്ചരശ്മികളായും തിരികെ അതിന്റെ വഴിയിലേക്ക് പോകുന്നു. അതിന്റെ തന്മാത്രകളായും മറ്റെല്ലാമായിട്ട് അത് എവിടെ നിന്ന് വന്നിരുന്നുവോ, അതിന്റെ മൂല അവസ്ഥയിലേക്ക് അത് തിരികെ പോകുന്നു. അതൊരു സൃഷ്ടിയാകുന്നു. ഉണ്ടായിട്ട്...ഒരു സൃഷ്ടിക്ക് സൃഷ്ടാവിൽ നിന്നും വരേണ്ടതാവശ്യമാകുന്നു. എന്നാൽ രാസവസ്തുക്കളായി, നിർമിക്കപ്പെട്ടിട്ടുള്ളതെല്ലാം, കൂടിച്ചേർത്ത് ഒരുമിച്ച് അതിലേക്ക് ഇട്ടത്, വിഘടിക്കപ്പെട്ടുമ്പോൾ, അതിനെകുറിച്ച് അതാണ് പിന്നെ ഉള്ളത്. അവിടെ ഇനിയും ഒന്നും ശേഷിക്കുന്നില്ല. അതിലുള്ള വെള്ളത്തിന്റെ അംശംപോലും ഈ ക്ലോറോക്സുമായി ലയിച്ചുപോകുന്നു, അത് ചാരമാകുന്നു.

187 ആമേൻ! ദൈവത്തിന് സ്തുതിയായിരിക്കട്ടെ! അതെല്ലാം ശുദ്ധിയാക്കിയിരിക്കുന്നു. അതാണ് ദൈവത്തിന്റെ ഒരു യഥാർത്ഥ പൈതൽ, തന്റെ ആ പാപങ്ങളെ ഏറ്റുപറഞ്ഞുകൊണ്ട്, അവന്റെ... കൃപയാലും! മഹാകരുണയാലും! ന്യായീകരിക്കപ്പെട്ടവനായി അവിടെ നിൽക്കുമ്പോൾ സംഭവിക്കുന്നത്. അത് അത്രയും വലുതായിട്ട് ദൈവം പറയുന്നു, "എനിക്കത് ഇനിയും ഓർക്കാൻ പോലും കഴിയുന്നില്ല. അവൻ തികച്ചും എന്റെ മകനാകുന്നു."

188 "ആമേൻ, ആരെങ്കിലും തന്റെ ഹൃദയത്തിൽ സംശയിക്കാതെ, താൻ പറയുന്നത് സംഭവിക്കും എന്ന് വിശ്വസിച്ചുകൊണ്ട് ഈ മലയോട് കടലിൽ ചാടിപോക എന്നുപറഞ്ഞാൽ, അവൻ പറഞ്ഞതുപോലെ സംഭവിക്കും എന്ന് ഞാൻ സത്യമായി നിങ്ങളോട്

പറയുന്നു.” നിങ്ങൾ ഒരു വീണ്ടെടുക്കപ്പെട്ട പുത്രനാകുന്നു. ആമേൻ! അത് സത്യമാണെന്ന് ഞാൻ അറിയുന്നു.

189 ആറ് വ്യത്യസ്തമായ അവസരങ്ങളിൽ, അണ്ണാനുകൾ ഉളവായി വരുന്നത് ഞാൻ കണ്ടിട്ടുണ്ട്, അവയിൽ ഒന്നുപോലും എവിടെയാണ് ഇരുന്നതെന്ന് ഞാൻ അറിഞ്ഞിരുന്നില്ല. അവൻ ഈച്ചകളെയും, തവളകളെയും അല്ലെങ്കിൽ മറ്റെന്തിനെയും സൃഷ്ടിക്കാൻ കഴിഞ്ഞ അതേ വിധത്തിൽ തന്നെ അവൻ അണ്ണാനുകളെയും ഉളവാക്കി. അവൻ, അവൻ, സൃഷ്ടാവായ, ദൈവമാകുന്നു. ശരിയാണ്! ഒരു മനുഷ്യനും...

190 ഏറ്റു പറയപ്പെട്ട ആ മർത്യന്റെ പാപങ്ങൾ അത് ക്ലോറോക്സിലേയ്ക്ക്, യേശുക്രിസ്തുവിന്റെ ബ്ലീച്ചിലേയ്ക്ക് വീഴുമ്പോൾ, അത് എല്ലാ പാപത്തെയും, ബ്ലീച്ച് ചെയ്യുന്നു. അവൻ കളങ്കരഹിതനായി, പാപം കൂടാതെയും, കുറ്റം കൂടാതെയും, പരിശുദ്ധനായി തീരുന്നു. “ദൈവത്തിൽ നിന്ന് ജനിച്ചവൻ ആരും പാപം ചെയ്യുന്നില്ല. അവന് പാപം ചെയ്യാൻ കഴിയുകയില്ല.” അവനും ദൈവത്തിനും മദ്ധ്യേ ആ ബ്ലീച്ച് നില്ക്കുന്നു. അതിനെ പൊട്ടിച്ച് തകർത്ത് നേരെ അത് വൈകൃമാക്കിയവന്റെ അടുക്കലേക്ക് തിരികെ അയച്ചപ്പോൾ പിന്നെ എങ്ങനെ അതിന് അവിടെ എത്തിച്ചേരാൻ കഴിയും! ആമേൻ!

191 വൂ, എനിക്ക് ആത്മീയാവേശം അനുഭവപ്പെടുന്നു. ഇത് വെളിപ്പെടാൻ തുടങ്ങുമ്പോഴേക്കും എനിക്ക് ഉത്തേജനം ഉണ്ടാകാൻ തുടങ്ങുന്നു എന്ന് ഞാൻ—ഞാൻ നിങ്ങളോട് പറയട്ടെ.

192 ശ്രദ്ധിക്കൂ, മുഴു സാത്താൻ, അവന്റെ സിംഹാസനത്തിലായിരിക്കുന്നു. അതെ, ശ്രീമാൻ. ദൈവത്തിന് നല്ലാമെന്ന് പറഞ്ഞു, നമ്മുടെ കർത്താവിന് നല്ലാമെന്ന് പറഞ്ഞു. ഇവിടെ ഇതാ അവൻ, തന്റെ മൃഗീയ ഹൃദയം അവനിലായി, ഇവിടെ ഇരിക്കുന്നു, പിശാചിന്റെ അവതാരമായ ഈ വ്യക്തി ഇവിടെയായിരിക്കുന്നു. അവൻ തന്റെ പ്രത്യക്ഷത ഈ ഭൂമിയിൽ ഒരു കപടവേഷത്തിന് കീഴിലായി നടത്തുന്നു. ഓ, എന്റെ വൈശിഷ്ട്യം! സത്യവചനത്തിന് കീഴിൽ കപടവേഷധാരിയായി സ്വയം വചനത്തോട് പങ്കാളിയാകുന്നു.

193 അവന്റെ മാതൃക ചെയ്തു, അതേ കാര്യം തന്നെ അവനും ചെയ്തു, അത് രണ്ടായിരം വർഷങ്ങൾക്ക് മുമ്പുണ്ടായിരുന്ന, യൂദാസ് ആയിരുന്നു. അവൻ എന്താണ് ചെയ്തത്? യൂദാസ് ആദ്യം മുതലെ ഒരു പിശാചായിട്ട്, ഒരു വിശ്വാസിയെപ്പോലെ കടന്നുവന്നു. “അവൻ നാശത്തിന്റെ പുത്രനായി ജനിച്ചിരുന്നു.” അവന് യേശുവിന്റെ മുമ്പിൽ ഒന്നും വലിച്ചുനീട്ടാൻ കഴിഞ്ഞിരുന്നില്ല, കാരണം, ആദിമുതലെ

അവൻ അവനെ അറിഞ്ഞിരുന്നു, ആമേൻ, കാരണം അവൻ വചനമായിരുന്നു. ശരി, യൂദാ ഖജാൻജിയുടെ സ്ഥാനം എടുക്കുകയും, പണത്താൽ വീണുപോയി എന്ന കാര്യം ഓർത്തുകൊള്ളുക.

194 അങ്ങനെ തന്നെ ഇന്നത്തെ സഭയും ചെയ്തിരിക്കുന്നു! കത്തോലിക്ക സഭ, നോവീനായ്ക്കുവേണ്ടി പണം ഈടാക്കുകയും, പ്രാർത്ഥനക്ക് വേണ്ടി പണം ഈടാക്കുകയും, എല്ലാക്കാര്യങ്ങൾക്കും വേണ്ടി പണം ഈടാക്കിയി വരുന്നതിനെയും പറ്റി കഴിഞ്ഞ രാത്രിയിൽ നാം പറഞ്ഞിരുന്നു, അത് മിക്കവാറും അതേകാര്യം തന്നെയായിട്ട്, കത്തോലിക്കാ സഭയുടെ പുത്രിമാരായ പ്രൊട്ടസ്റ്റാന്റുകളും അതേ കാര്യത്തിലാണ് വീണ് പോയത്. സകല കാര്യങ്ങളും പണത്തിൽ ചെന്ന് അവസാനിക്കുന്നു. അവിടെയാണ് യൂദാ വീണുപോയത്, അവിടെ അവൻ വീണു, അതുപോലെ തന്നെ അവിടെ പ്രൊട്ടെസ്റ്റാന്റുകളും വീണിരിക്കുന്നു.

195 ശ്രദ്ധിക്കുക, ഈ അവസാനത്തെ സവാരിക്കാരൻ, തന്റെ കുതിര സവാരിയിൽ ഒരു തവിട്ടു നിറത്തിലെ കുതിരമേൽ സവാരി ചെയ്ത് പ്രത്യക്ഷപ്പെടുന്നു. അവൻ ഇപ്പോൾ തന്റെ അവസാനത്തെ സവാരിയിലാകുന്നു. ഇപ്പോൾ, ഇത് നമ്മുടെ കാലത്തിലല്ല. അത് പിന്നീടാകുന്നു. അത് മുദ്രയിൽ മുൻകൂട്ടി പറയപ്പെട്ടിരിക്കുന്നു. കാരണം, നോക്കൂ, ഈ കാര്യം സംഭവിക്കുമ്പോൾ സഭ മുകളിലേക്ക് എടുക്കപ്പെട്ടു കഴിഞ്ഞിരിക്കും. ക്രിസ്തു ഇവിടെ ഭൂമിയിൽ പ്രത്യക്ഷപ്പെടുമ്പോൾ, ഈ വ്യക്തിയും, എതിർക്രിസ്തുവിൽ നിന്ന് കള്ളപ്രവാചകനായി, പിന്നീട് മൃഗത്തിലേയ്ക്ക്, പിശാച് സ്വയം മുഴുവൻ പൂർണ്ണ പിശാചായിട്ട് പ്രത്യക്ഷപ്പെട്ടും. അവൻ ഒരു തവിട്ടു നിറമുള്ള കുതിരയുടെ മേൽ, എല്ലാം കൂടിക്കലർന്നത്, സവാരി ചെയ്യുകയും, അത് അവനെ തവിട്ടു നിറമാക്കുകയും ചെയ്യുന്നു.

196 എന്നാൽ നമ്മുടെ കർത്താവ് ഭൂമിയിൽ കാഴ്ചയിൽ വരുമ്പോൾ, അവൻ ഒരു ശുവെള്ള കുതിരമേൽ സവാരി ചെയ്യും. അവൻ പൂർണ്ണമായും, മുഴുവനായും, ഇമ്മാനുവേൽ എന്ന ദൈവത്തിന്റെ വചനം ഒരു മനുഷ്യനായി അവതരിച്ചതായിരിക്കും. കാണുന്നോ? അത്രയും വ്യത്യസ്തമായിരിക്കും അവർ തമ്മിൽ അവിടെയുണ്ടായിരിക്കുന്നത്. അവർ തമ്മിലുള്ള വ്യത്യാസം അതായിരിക്കും.

197 ശ്രദ്ധിക്കുക, എതിർക്രിസ്തു, നിറങ്ങൾ കൂട്ടിക്കലർന്ന്, ഒരു തവിട്ടു കുതിരപ്പുറത്തായിരുന്നു. ഒരു കുതിര ഒരു മൃഗമായിട്ട് അധികാരത്തെ പ്രതിനിധികരിക്കുന്നു. അവന്റെ അധികാരം എല്ലാം കൂടിക്കലർന്നതാകുന്നു. എന്താണ്? അത് രാഷ്ട്രീയമാകുന്നു. അത് രാഷ്ട്രീയ അധികാരങ്ങളാകുന്നു. അത് മതപരമായ

അധികാരങ്ങളാകുന്നു, അത് പൈശാചിക ശക്തികളാകുന്നു. ഇത് എല്ലാതരത്തിൽപ്പെട്ട ശക്തികളും കൂടി തമ്മിൽ ഒരുമിച്ച് കൂടിയിട്ട്, ഒരു മിശ്രിതമായ തവിട്ടുകുതിരയാകുന്നു. അവന്റെ പക്കൽ എല്ലാതരത്തിൽപ്പെട്ട ശക്തികളുമുണ്ട്.

198 എന്നാൽ യേശു വരുമ്പോൾ, അത് ഒരു ദൃഢമായ നിറമുള്ള കുതിരയായ, വചനത്തിന്മേലായിരിക്കും വരുന്നത്. ആമേൻ!

199 എന്നാൽ ഇത് അതിന്റെ നിറങ്ങളെ ചുവപ്പും, വെളുപ്പും, കറുപ്പും കൂടി കൂട്ടിക്കലർത്തി, ഒരു സമ്മിശ്ര നിറമാക്കുന്നു; ഈ മൂന്ന് ശക്തികളും, ഒന്നിനെ പ്രതിനിധികരിക്കുന്നു; വെള്ള കുതിര, കറുത്ത കുതിര, ചുവന്ന കുതിര, എന്നിവയാകുന്നു. മൂന്ന് കിരീടങ്ങൾ, ഒന്നിലാകുന്നു. കാണുന്നോ? തീർച്ചയായും.

200 ഞാൻ, ആ കിരീടം കണ്ടിട്ടുണ്ട്; അവിടെ നിന്നുകൊണ്ട് *അത്രയും* അടുത്തായിട്ട് ഞാൻ അതിലേയ്ക്ക് നോക്കി. അതിന്മേലുള്ള കണ്ണാടിക്കൂടിന്റെ കാരണത്താൽ എനിക്ക് അതിന് അടുത്ത് എത്തുവാൻ കഴിഞ്ഞിരുന്നില്ല. അങ്ങനെ അത് അവിടെ അതിന്മേൽ ഒരു വലിയ താഴ് ഇട്ടിരുന്നു, ഒരു കണ്ണാടിക്കൂട്ടിനകത്ത്; ഈ മുക്കിരീടം വച്ചിരിക്കുന്നു. അതുകൊണ്ട് ഇത് സത്യമാണെന്ന് ഞാൻ അറിയുന്നു. ഊഹ്-ഹാ അതെ, അങ്ങനെ ഇതാ അവൻ, ത്രിത്വകിരീടവുമായി; സ്വർഗ്ഗത്തിന്റെയും, പാപവിമോചന സ്ഥാനത്തിന്റെയും, ഭൂമിയുടെയും, പകരക്കാരനായിരിക്കുന്നു.

201 മൂന്ന് ശക്തികൾ ഒരുമിച്ച് കൂടി, നോക്കു, എല്ലാംകൂടി ഒരു, തവിട്ടു നിറത്തിൽ ഒരുമിച്ചായിരിക്കുന്നു. ഈ മുഴവൻ കാര്യങ്ങളും മരണത്തെക്കുറിച്ച് സംസാരിക്കുന്നു; രാഷ്ട്രീയവും, മതപരവും, പൈശാചികവുമായ ശക്തികളും, ഒരുമിച്ച് കൂടിയിരിക്കുന്നു. രാഷ്ട്രീയം അവൻ രാഷ്ട്രീയത്തിന്റെ രാജാവാണ്, സാത്താൻ, മിടുക്കനാകുന്നു! വൂ! തീർച്ചയായും. അവനെ മറികടക്കാൻ ശ്രമിക്കരുത്. കർത്താവിൽ മാത്രം വിശ്വസിക്കുക. അത്രമാത്രം.

202 ഞാൻ ഈ കാര്യങ്ങളിലെല്ലാം കൂടെ ഇതിനു മുമ്പും പോയിട്ടുണ്ടായിരുന്നു. എല്ലാവിധ മിടുക്കും, വിദ്യാഭ്യാസവും അതുപോലെയുള്ള കാര്യങ്ങളും, തെറ്റായ വശത്തുനിന്നും വന്നിരിക്കുന്നു. അത് ശരിയാണോ എന്ന് തിരുവെഴുത്ത് പിന്തുടർന്ന് കണ്ടുപിടിക്കാൻ ശ്രമിക്കുക. കയീന്റെ സന്തതികളെ പിന്തുടർന്ന് അവർ എന്തായി തീർന്നു എന്ന് കാണുക. അതിനുശേഷം ശേത്തിന്റെ സന്തതികളെ പിനന്തുടർന്ന് അവർ എന്തായി തീർന്നു എന്ന് കണ്ടുപിടിക്കുക. ഞാൻ അറിവില്ലായ്മയെ പന്താങ്ങുകയില്ല; ഒട്ടുമല്ല. അല്ല ശ്രീമാൻ. എന്നാൽ

നിങ്ങൾ വേദപുസ്തകത്തിലെ ഏതൊരു വ്യക്തിയെ പരിശോധിച്ചാലും, വളരെ കുറച്ചുപേർ മാത്രം...

203 പൗലോസ് എന്ന് പേരുള്ള ഒരു വ്യക്തി ഉണ്ടായിരുന്നിട്ട്, അവൻ ഒരു മിടുക്കനായ മനുഷ്യനായിരുന്നു, അവൻ പറഞ്ഞു, ക്രിസ്തുവിനെ അറിയുന്നതിനായി താൻ പഠിച്ചതെല്ലാം മറക്കേണ്ടി വന്നു. അവൻ പറഞ്ഞു, "ഞാൻ നിങ്ങളുടെ അടുക്കൽ വന്നത് മനുഷ്യന്റെ ജ്ഞാനത്തിന്റെ വശീകരണ വാക്കുകളാൽ അല്ല. എന്നാൽ ക്രിസ്തുവിന്റെ പുനഃരുത്ഥാനത്തിന്റെ ശക്തിയാലായിരുന്നു." അത് ശരിയാണ്. അത് ശരിയാണ്. പരിശുദ്ധാത്മാവിന്റെ ശക്തിയാൽ!

204 ബാക്കിയുള്ളവരെ നോക്കുക. അവരിൽ ചിലർക്ക് ഇടകൈയ്യും വലകൈയ്യും ഏതെന്നു അറിയാൻ പാടില്ലാത്തവരായിരുന്നു. അങ്ങനെ, ഓ, പ്രവാചകന്മാരുടെ കാലങ്ങളിൽ, കൂടെ കടന്നുചെന്ന് അവർ എവിടെനിന്നു വന്നിരുന്നു എന്നും മറ്റും നോക്കുക. ഞാൻ എന്താണ് അർത്ഥമാക്കുന്നതെന്ന് മനസ്സിലായോ?

205 നോക്കൂ, ഇതൊരു മിടുക്കും, ബുദ്ധിയും, ജ്ഞാനവുമുള്ള കാര്യമാകുന്നു. ജ്ഞാനം എന്ന കാര്യമാകുന്നു യഥാർത്ഥത്തിൽ നിങ്ങളെ ദൈവത്തിൽനിന്നും അകറ്റികളയുന്നത്.

206 അവന്റെ പക്കൽ മൂന്ന് അധികാരങ്ങൾ, മൂന്ന്—മൂന്ന് അധികാര അതിർത്തികളുണ്ടായിരുന്നു ഉണ്ടായിരുന്നു: ഭൂമി, സ്വർഗ്ഗം, പാപവിമോചനസ്ഥാനം.

207 അവൻ ഒരു മൂന്നിൽ യാത്ര ചെയ്യുന്നു. അവന്റെ അധികാരങ്ങൾ ഒരു ത്രിത്വത്തിലാകുന്നു. അവന്റെ കിരീടം ഒരു ത്രിത്വമാകുന്നു. അവന്റെ കുതിര ഒരു ത്രിത്വത്തിലാകുന്നു. അതാകുന്നു അവൻ, ഒരു ത്രിത്വം; അധികാരത്തിന്റെ ഒരു ത്രിത്വം, ഒരു ത്രിത്വത്തിന്റെ കിരീടം, ഒരു ത്രിത്വത്തിന്റെ കുതിരസവാരി; അത് കാര്യാലയങ്ങളാകുന്നു, വീണ്ടും ഒരു നാല് ആകുന്നു, നോക്കു വീണ്ടും ഒരു നാലാകുന്നു. ശരി.

208 അവന്റെ മിനിസ്ട്രിയുടെ മൂന്ന് ഘട്ടങ്ങൾ, അവനെ സാത്താന്റെ അവതാരമായ, ഒരു വ്യക്തിയാക്കുന്നു. അവന്റ പ്രവർത്തികളുടെ മൂന്ന് ഘട്ടങ്ങൾ...എതിർക്രിസ്തു, കള്ളപ്രവാചകൻ, മൃഗം എന്നിവയാകുന്നു. ആ മൂന്നും, മാതൃകയാകുന്നു, നോക്കൂ. ഇപ്പോൾ ഈ മൂന്ന് മാതൃകകളാണ്, അവനെ അവിടെ ഉണ്ടാക്കുന്നു.

209 ദൈവവും, ദൈവം സ്വയം തന്നെ വെളിപ്പെടുത്തുന്നതും, ജലം, രക്തം, ആത്മാവ്; എന്നിവയിലാകുന്നു, അത് ദൈവത്തിന്റെ വചനത്താൽ, ഒരു ക്രിസ്ത്യാനിയെ ഒരു ദൈവപുത്രനാക്കുന്നു. കാണുന്നോ? *ഈ* മൂന്ന് അധികാരങ്ങളും അവനെ ഒരു പിശാചാക്കുന്നു.

കാണുന്നോ? ഓ, ഇവിടെ ഇത്, ജലവും, രക്തവും, ആത്മാവും, അത് ദൈവത്തിന്റേതാകുന്നു. *അവിടെ* അത് രാഷ്ട്രീയം, മതം, പൈശാചികശക്തി തമ്മിൽ ഒരുമിച്ച് അവനെ ഒരു പിശാചാക്കുന്നു.

210 ക്രിസ്തുവിന്റെ ആദ്യത്തെ വരവ് ഒരു മർത്യനായിട്ടായിരുന്നു. അവൻ മൂന്ന് പ്രാവശ്യം വരുന്നു. ക്രിസ്തു മൂന്നിലാകുന്നു. കാണുന്നോ? (അവൻ എങ്ങനെയാണ് വരുന്നതെന്ന് ശ്രദ്ധിക്കുക; അവന്റേത് നാലാകുന്നു) ക്രിസ്തുവിനെ ശ്രദ്ധിക്കുക. ആദ്യത്തെ വരവിൽ ഒരു മർത്യനായിട്ട്, രക്തം ചീന്തി മരിക്കുന്നതിനായി വരുന്നു. അത് ശരിയല്ലേ? അത് അവന്റെ ആദ്യത്തെ വരവായിരുന്നു. രണ്ടാമത്തെ വരവ് മേഘങ്ങളിലേക്കുള്ള എടുക്കപ്പെടലാകുന്നു; നാം അമർത്യരായി, അവനെ മേഘങ്ങളിൽ കണ്ടുമുട്ടുന്നു. അവന്റെ മൂന്നാമത്തെ വരവ്, അവൻ ജഡത്തിൽ അവതരിച്ച് വരുന്നു. ആമേൻ! [ബ്രദർ ബ്രൺഹാം ഒരുപ്രവാശ്യം കൈ കൊട്ടുന്നു—Ed.] ഭൂമിയിൽ വാഴുന്നതിനായി, ദൈവം, ഇമ്മാനുവേലായി! അത് ശരിയാണ്. വെറും മൂന്ന്.

211 കുതിര സവാരിക്കാരന്റെ നാലാമത്തെ ഘട്ടം, ശ്രദ്ധിക്കുക. ഈ കുതിര സവാരിക്കാരന്റെ നാലാം ഘട്ടത്തെ മരണം എന്ന് വിളിച്ചിരിക്കുന്നു. *മരണം* എന്നുവച്ചാൽ "ദൈവത്തിൽ നിന്നു നിത്യമായ വേർപെടൽ എന്നാകുന്നു." അതാണ് മരണം എന്നതിന്റെ അർത്ഥം, എന്നന്നേക്കുമായി ദൈവത്തിൽ നിന്നും വേർപെടുത്തുക.

212 ഇപ്പോൾ, നമ്മുടെ പാഠങ്ങളിൽ നാം ഈ വ്യക്തിയെ, അവൻ ആരാണെന്നും, കൂടാതെ അവൻ മലമുകളിൽ ഇരിക്കുന്നവനാണെന്നും അങ്ങനെ എല്ലായിടത്തും, അവനെകുറിച്ചുള്ള കാര്യങ്ങൾ കൃത്യമായും ബൈബിളിന്റെ സഹായത്താൽ കാണിച്ചു തന്നിരിക്കുന്നു. എന്നാൽ ഇപ്പോൾ ഈ കഴുകനാൽ അവനെ "മരണം" എന്ന് വിളിക്കുന്നു. അങ്ങനെയാണ് അവൻ അവനെ വിളിക്കുന്നത്. ഓർക്കുക, ഇവിടെ, നോക്കു മരണം നിത്യവേർപാടാകുന്നു.

213 വിശുദ്ധന്മാർ മരിക്കുന്നില്ല എന്ന കാര്യം ഓർത്തുകൊള്ളുക. അവർ നിദ്രകൊള്ളുന്നു, മരിക്കുന്നില്ല. "എന്റെ വചനം കേട്ട് എന്നെ അയച്ചവനെ വിശ്വസിക്കുന്നവന് നിത്യജീവൻ ഉണ്ട്." അത് ശരിയാണ്. "ന്യായവിധിയിലാകാതെ; മരണത്തിൽനിന്നും ജീവങ്കലേക്ക് കടന്നിരിക്കുന്നു. ഞാൻ തന്നെ പുനഃരുത്ഥാനവും ജീവനും ആകുന്നു." യേശു പറഞ്ഞു, "എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും. ജീവിച്ചിരുന്നു എന്നിൽ വിശ്വസിക്കുന്നവൻ ആരും ഒരു നാളും മരിക്കയില്ല." ലാസർ മരിച്ചിരുന്നോ? "അവൻ നിദ്രകൊള്ളുകയാണ്."

214 "ഭയപ്പെടേണ്ട, അവൾ മരിച്ചിട്ടില്ല, ഉറങ്ങുകയത്രേ." അവരോ അവനെ പരിഹസിച്ചു. അത് ശരിയല്ലേ? ഓ, എന്റെ! നോക്കു, വിശുദ്ധന്മാർ മരിക്കുന്നില്ല.

215 ദൈവത്തിൽ നിന്നുള്ള വേർപെടൽ മരണമാകുന്നു, നിത്യമായ മരണം. അങ്ങനെ ഈ വ്യക്തിയെ "മരണം," എന്ന് വിളിക്കുന്നു, അതുകൊണ്ട് അവനെ വിട്ട് അകന്ന് നിന്നുകൊള്ളുക. അവൻ എന്താകുന്നു? ഒരു സംഘടിതമായ സഭാസമ്പ്രദായമാകുന്നു; ആദ്യത്തെ, ഒന്നാമത്തെ സഭ സംഘടിതമായി, അത് അവൻ നിഖ്യാ സമിതിയിൽവച്ച്, കോൺസ്റ്റന്റൈന്റെ ആശയത്തെ എടുത്തപ്പോഴായിരുന്നു.

216 കഴിഞ്ഞ രാത്രിയിൽ, ആദ്യത്തെ മണവാട്ടി, ഹൗവ്വയെ ഏദെൻ തോട്ടത്തിൽവച്ച്, അവളുടെ ഭർത്താവ്, അവളെ അറിയുന്നതിന് മുമ്പായി ദൈവത്തിന്റെ വചനത്തിൽ അവിശ്വസിക്കുന്നതിൽ കൂടെ എപ്രകാരം അവൾ വീണുപോയി എന്ന് നാം ആ സ്ത്രീകളെ കൊണ്ടുവന്ന് കാണിക്കുന്നതിൽ കൂടെ കണ്ടിരുന്നു. ക്രിസ്തുവിന്റെ പെന്തക്കോസ്തു നാളിൽ ജനിച്ച ആദ്യ ആത്മീയ മണവാട്ടിയും അവൻ അവളെ പ്രാപിക്കുന്നതിനുമുമ്പ് എന്താണ് സംഭവിച്ചത്? അവൾ റോമിൽ വച്ച് വീണുപോയി. എന്തുകൊണ്ട്? അവളുടെ വചനത്തിന്റെ പരിശുദ്ധിയെ മതപ്രമാണങ്ങൾക്ക് വേണ്ടി അവൾ നഷ്ടപ്പെടുത്തികളഞ്ഞു. ആമേൻ. ഓ, എന്റെ!

217 ഓ, അതിനെക്കുറിച്ച് ചിന്തിക്കുമ്പോൾ, വീണ്ടും ആവേശം എനിക്ക്—എനിക്ക്—എനിക്ക് അനുഭവപ്പെടും പോലെ തോന്നുന്നു. അതെ ശ്രീമാൻ. അതെപ്പറ്റി ചിന്തിക്കുമ്പോൾ...വിചിത്രമായി പെരുമാറാൻ ഞാൻ അർഥമാക്കുന്നില്ല. ഞാൻ അത് അർത്ഥമാക്കുന്നില്ല. എന്നാൽ അത്...എന്നിൽ ഉളവാക്കുന്നത് എന്താകുന്നു എന്നുള്ളകാര്യം നിങ്ങൾക്ക് മനസിലാക്കാൻ കഴിയുകയില്ല. ഞാൻ ഈ കാര്യത്തിലായി ഇരിക്കാൻ തുടങ്ങിയിട്ട് നാല് ദിവസങ്ങളായിരിക്കുന്നു. എനിക്കു വീണ്ടും എന്നെ തന്നെ മനുഷ്യനാണ് എന്ന് അനുഭവപ്പെടുന്നതിലേയ്ക്ക് എനിക്കു എന്തെങ്കിലും പറയേണ്ടിയിരിക്കുന്നു. ഞാൻ എന്താണ് അർത്ഥമാക്കുന്നതെന്ന് നിങ്ങൾക്കറിയാം. അതെ. അങ്ങനെ പറയാനായി തുടങ്ങുമ്പോൾ, എല്ലായിടത്തു നിന്നും ദർശനങ്ങൾ വരാൻ തുടങ്ങും. അത് ശരിയാണ്. നോക്കു, അതുകൊണ്ടാണ് ഞാൻ എന്നെത്തന്നെ തിരികെ കൊണ്ടുവരാനായി എന്തെങ്കിലും പറയുന്നത്, തിരികെ കലുക്കേണ്ടതിനാണ്. കാണുന്നോ?

218 ഞാൻ ഹൃദയ വിവേചനം നടത്തുമ്പോൾ നിങ്ങൾ എപ്പോഴെങ്കിലും ശ്രദ്ധിച്ചിട്ടുണ്ടോ? ഞാൻ എന്തെങ്കിലും പറയും, അത് ജനങ്ങളെ ചിരിക്കുന്നതിനിടയാക്കും; അതിനുശേഷം ഞാൻ എന്തെങ്കിലും പറയും, അത് ജനങ്ങളെ കരയുന്നതിനിടയാക്കും; അതിനുശേഷം ഞാൻ എന്തെങ്കിലും അത് അവരെ ദേഷ്യപ്പെടുത്തും. എനിക്കെന്തെങ്കിലും കണ്ടെത്തേണ്ടതായിട്ടുണ്ട്. എപ്രകാരം അത് പോകുന്നു എന്ന് കണ്ടെത്താനായിട്ട് അതിനുശേഷം ഏതുതരത്തിൽപ്പെട്ട വെളിച്ചമാണ് അവരുടെമേൽ ആയിരിക്കുന്നതെന്നും എന്താണ് സംഭവിക്കുന്നതെന്നും ഞാൻ കാണുന്നു. അപ്പോൾ അത് എവിടെയാണെന്നും അത് വിളിക്കുന്നുണ്ടോ ഇല്ലയോ എന്ന് ഞാൻ അറിയുന്നു. അത് വിളിക്കുന്നില്ലെങ്കിൽ...അവിടെ ഇരിക്കുന്നത്, ഒരു യഥാർത്ഥ വിശ്വാസിയാണ്, കുഴപ്പമൊന്നുമില്ല. നിങ്ങൾ അവരെ വിളിക്കുകയും "നിങ്ങൾ *ഇന്ന-ഇന്ന,*" വ്യക്തിയാകുന്നു എന്ന് പറയുകയും ചെയ്യുന്നു. നോക്കൂ.

219 അങ്ങനെ നിങ്ങൾ അതിലേയ്ക്ക് കടക്കുമ്പോൾ, ആത്മാവ് അഭിഷേകം ചെയ്യാൻ തുടങ്ങുകയും, ആ സമയത്ത് ആ വെളിച്ചം മുറിയിൽ എല്ലായിടത്തുമായി, ചുറ്റി ചുറ്റി മിന്നിപ്രകാശിക്കാൻ തുടങ്ങുന്നത് നിങ്ങൾ കാണുന്നു, ആ കാരണത്താലാണ്, ഞാൻ വീണ്ടും തിരികെ അതൊന്ന് തുടങ്ങുന്നതിന് വീണ്ടും, പുതുതായി ആരംഭിക്കുന്നതിനും വേണ്ടി ഞാൻ എന്തെങ്കിലും പറയുന്നത്. നോക്കൂ.

220 കഴിഞ്ഞ ഞായറാഴ്ച്ച മുതൽ, ഞാൻ ഒരു മുറിയിൽതന്നെ ഇരുന്നുകൊണ്ട്, ആ അഭിഷേകത്തിനടിയിലായി, പ്രാർത്ഥിച്ചുകൊണ്ട് മാത്രം ഇരിക്കുകയാണ്. അതുകൊണ്ട് ഇത് ശരിയാണെന്ന് എനിക്കറിയാം. നിങ്ങൾ ദൈവത്തിൽ വിശ്വസിക്കുന്നു. നിങ്ങൾ അതു ചെയ്യുന്നു. നിങ്ങൾ ആഴ്ചയുടെ അവസാനം ശ്രദ്ധിക്കുക. ഊഹ്-ഹാ, കാണുന്നോ? ശരി. കാണുന്നോ?

221 ഇപ്പോൾ, മരണം എന്നാൽ ദൈവത്തിൽ നിന്നും നിത്യമായ വേർപാട് എന്നാകുന്നു. കൂടാതെ വിശുദ്ധൻമാർക്ക് മരിക്കാനാകില്ലെന്നും കൂടെ ഇപ്പോൾ ഓർത്തുകൊള്ളുക.

222 ഒർക്കു, അവന്റെ മണവാട്ടിക്കു ഒരു തവിട്ടു കുതിര കൊടുക്കപ്പെട്ടു... ഈ കുതിര സവാരിക്കാരന് സവാരി ചെയ്യുന്നതിന് ഒരു തവിട്ടു നിറമുള്ള കുതിരയെ കൊടുത്തിരുന്നു എന്നാണ് ഞാൻ അർത്ഥമാക്കിയത്. അവന് സവാരി ചെയ്തു പോകുന്നതിന് ഈ—ഈ തവിട്ടു കുതിരയെ കൊടുത്തിരുന്നു. അത് ഏത് സഭയായിരുന്നെന്നും നമുക്കറിയാം.

223 ഓർക്കുക, കഴിഞ്ഞ രാത്രിയിൽ, നാം അവൾ വെറുമൊരു "വേശ്യ" മാത്രമായിരുന്നില്ല, അവൾ "വേശ്യകളുടെ മാതാവ്" കൂടിയായിരുന്നു എന്ന് നാം കണ്ടിരുന്നു.

224 അതിനെ ഒരു സ്ത്രീയുമായി താരതമ്യപ്പെടുത്തുമ്പോൾ, എന്താണ് അവളെ ഒരു വേശ്യയാക്കിതീർത്തത് എന്ന് നാം കണ്ടിരുന്നു. ഒരു മിശ്രിത ശ്രോതാക്കളുടെ ഇടയിൽ ഇതൊരു നല്ല പദമല്ല. എന്നാൽ ബൈബിൾ അങ്ങനെ വിളിക്കുന്നു എന്ന് നിങ്ങൾ കാണുന്നു. അങ്ങനെ ഇത്, ഒരു സ്ത്രീ അവളുടെ വിവാഹ പ്രതിജ്ഞകളോട് അസത്യമായി ജീവിക്കുന്നു എന്നുള്ളതാണെന്ന് നാം മനസ്സിലാക്കുന്നു. അതുകൂടാതെ, അവൾ സ്വയം അവളെത്തന്നെ "സ്വർഗ്ഗത്തിലെ രാജ്ഞി" എന്ന് വിളിക്കുന്നു. (അത് ആയിരിക്കേണ്ടത് ദൈവത്തിന്റെ മണവാട്ടി ആകുന്നു. ദൈവം ക്രിസ്തുവാകുന്നു.) അവൾ പരസംഗം ചെയ്യുന്നതായും, ഭൂമിയിലെ ധനവാന്മാരും മഹാന്മാരും അവളോട് വേശ്യാവൃത്തി ചെയ്യുവാൻ അവൾ പ്രേരിപ്പിക്കുന്നു എന്ന് നാം കാണുന്നു. ലോകം മുഴുവൻ അവളുടെ പിന്നാലെ പോയിരുന്നു. കാണുന്നോ?

225 അതിനുശേഷം അവൾ കുറച്ചു പുത്രിമാരെ ഉല്പാദിപ്പിച്ചതായി നാം കാണുന്നു, അവരും വേശ്യമാരായിരുന്നു. ഒരു വ്യഭിചാരിണി എന്താകുന്നു എന്നാൽ, അതേ കാര്യം തന്നെ. ഒരു പരസംഗം ചെയ്യുന്നവൾ, പരസംഗം ദുഷ്ടത, വ്യഭിചാരം മുതലായ പ്രവർത്തികൾ ചെയ്യുന്നവളാകുന്നു. അവർ എന്താണ് ചെയ്തത്? അവർ സംഘടിതമായിട്ട്, ഒരു സമ്പ്രദായം ഉണ്ടാക്കി മനുഷ്യ-നിർമ്മിതമായ പ്രമാണങ്ങൾ പഠിപ്പിച്ചു, അത് പെന്തക്കോസ്തും മുഴുവൻ കൂട്ടരുമാകുന്നു!

226 ഇപ്പോൾ, പെന്തക്കോസ്തുകാരായ നിങ്ങൾ നിങ്ങളുടെ മനസാക്ഷിയെ കീശയിൽ ഇട്ടുകളയരുത്. ഞാൻ നിങ്ങളോട് ചിലതു പറയട്ടെ. നമുക്ക് ആ കാര്യത്തിന്റെ നേരെ മുഖത്തേക്ക് നോക്കാം. നമ്മുടെ വിളിയിൽ ഇപ്പോൾ തന്നെ നാം വളരെ താമസിച്ചായിട്ട് ഇനിയും വഴക്കു കൂടുവാനുള്ള നേരമില്ല. ഇവിടേയ്ക്ക് നോക്കു.

227 നാം ലേവോദിക്യാ സഭാകാലഘട്ടത്ത് ജീവിക്കുന്നു. അത് ബാക്കിയുള്ള സഭാകാലഘട്ടങ്ങളെക്കാൾ, ഏറ്റവും നികൃഷ്ടമായ ഒന്നായിട്ട് ഒരു ശീതോഷ്ണവാനായിട്ട്, ക്രിസ്തു സഭയ്ക്ക് വെളിയിൽ നിന്നുകൊണ്ട് അകത്തുകടക്കുവാൻ ശ്രമിക്കുന്ന ഏക സഭാകാലഘട്ടമാകുന്നു. അതാണ് ആ പെന്തക്കോസ്തിന്റെ സന്ദേശം പോയ്ക്കൊണ്ടിരിക്കുന്നത്. പറയുന്നു, "ഞാൻ ധനവാൻ!" മനുഷ്യാ നീ ആദ്യം ദരിദ്രനായിരുന്നു. ഇപ്പോൾ നീ വാസ്തവമായും ധനികനാണ്. നോക്കു, "എനിക്ക് ഒന്നിനും മുട്ടില്ല!" അങ്ങനെ, ഓ, നീ എന്തായിരുന്നു!

228 അവൻ പറഞ്ഞു, "നീ നഗ്നനും, നിർഭാഗ്യനും, കുരുടനും, അരിഷ്ടനും എന്ന് അറിയുന്നില്ല താനും."

229 ഇപ്പോൾ, തെരുവിൽ ഒരു മനുഷ്യൻ, താൻ നഗ്നനാണെന്ന് അറിയാൻ കഴിഞ്ഞാൽ, അവൻ സ്വയം അവനെത്തന്നെ മറക്കാൻ ശ്രമിക്കും. എന്നാൽ അവന്—അവന് അത് തിരിച്ചറിയാൻ സാധിച്ചില്ലെങ്കിൽ, പിന്നെ നിങ്ങൾക്ക് വ്യത്യസ്തമായി ഒന്നും പറയാൻ കഴിയില്ല, അപ്പോൾ അവൻ തീരെ മോശമായ അവസ്ഥയിലായിരിക്കും. ദൈവത്തിന് അവനോട് കരുണ തോന്നാനിടയാകട്ടെ. ശരി. ശ്രദ്ധിക്കുക. ഓ, എന്റെ!

230 ഇപ്പോൾ, ഓർക്കുക, ഈ എതിർക്രിസ്തു, സ്വയം, മനുഷ്യനായിരിക്കെ; അവന്റെ മണവാട്ടിയ്ക്ക്, അത് അവന്റെ സഭയാകുന്നു. "അനുതപിക്കാൻ ഒരു കാലയളവ് നല്കുകയും, അവൾ അനുതപിച്ചതുമില്ല," അത് തുയത്തൈരയുടെ സഭാകാലഘട്ടത്തിൽ ആയിരുന്നു. നിങ്ങൾ ഇത് ഓർക്കുന്നുണ്ടാകുമല്ലോ? നിങ്ങൾക്ക് കഴിയുന്നോ...?

231 ശരി, നമുക്ക് ഒരു നിമിഷം പിന്നിലേക്ക് പോകാം. ഒരു നിമിഷത്തേക്ക് പുറകോട്ട് പോകുന്നത് നമുക്ക് യാതൊരു ദോഷവും ചെയ്യുകയില്ല. നമുക്ക് രണ്ടാം അദ്ധ്യായത്തിലേക്ക് ഒരു നിമിഷത്തേക്ക് തിരിച്ചുപോകാം. ഒന്നു വായിച്ചു നോക്കാം 2-ാം അദ്ധ്യായം...ഇപ്പോൾ തുയത്തൈര. ഇപ്പോൾ എളുപ്പത്തിലായിക്കൊണ്ട് ഇത് ശ്രദ്ധിക്കുക. അത് നാം അവസാനിപ്പിക്കുന്നതിനുള്ള സമയത്തേക്ക് ഏകദേശം അടുത്തിരിക്കുന്നു. എന്നാൽ തുടങ്ങിയിട്ടുപോലുമില്ല. എന്നാൽ തുയത്തൈരയെ ശ്രദ്ധിക്കുക. ഇപ്പോൾ ഇത് 2-ാം അദ്ധ്യായത്തിന്റെ 18-ാം വാക്യം തൊട്ട് തുടങ്ങുന്നു.

> *...തുയത്തൈരയിലെ സഭയുടെ ദൂതനു എഴുതുക.* (അത് ദൂതനാണ്.) *അഗ്നിജ്വാലെക്കു ഒത്ത കണ്ണും വെള്ളോട്ടിന്നു സദൃശമായ കാലും ഉള്ള ദൈവപുത്രൻ അരുളിച്ചെയ്യുന്നത്;*
>
> *ഞാൻ നിന്റെ പ്രവൃത്തിയും നിന്റെ സ്നേഹം, വിശ്വാസം, ശുശ്രൂഷ, സഹിഷ്ണുത എന്നിവയും നിന്റെ ഒടുവിലത്തെ പ്രവൃത്തി ആദ്യത്തേതിലും ഏറെയെന്നും അറിയുന്നു.*
>
> *എങ്കിലും ഈസേബെൽ എന്ന സ്ത്രീയെ നീ അനുവദിക്കുന്നു എന്നൊരു കുറ്റം നിന്നെക്കുറിച്ച് പറവാനുണ്ട്...*

232 അവിടെയാണ് നിങ്ങൾ. ബൈബിളിൽ, നിങ്ങൾ അവളെ അറിയുന്നു. അവൾ ആഹാബിന്റെ ഭാര്യയായിരുന്നു. ഇവിടെ ഇതാ സഭയായ, ഈസേബെൽ, കള്ളപ്രവാചകന്റെ ഭാര്യയായ, അത്

യഥാർത്ഥത്തിൽ ദൈവത്തിന്റെ പ്രവാചകനാകേണ്ടിയിരുന്നു, പോപ്പ്; ശരിയാണ്, യഥാർത്ഥ പ്രവാചകനും അവന്റെ ഭാര്യ ഈസേബെലും. ഇപ്പോൾ, ആഹാബ് ഒരു യഥാർത്ഥ യഹൂദനാകേണ്ടതായിരുന്നു, എന്നാൽ അവൻ ഒരു തെമ്മാടിയായിരുന്നു, നിങ്ങൾക്കറിയാം. കാരണം അവന്റെ ഭാര്യ അവന് തോന്നിയിടത്തെല്ലാം അവനെ നയിച്ചിരുന്നു. ഈസേബെൽ അവളുടെ പണം കൂടെ ചിലവാക്കി അവർക്ക് തോന്നിയ വഴിയിൽ അവരെ നടത്തിയിരുന്നു എന്നും നാം കാണുന്നു.

> *...താൻ പ്രവാചകി എന്ന് പറഞ്ഞ്...* (മനസ്സിലായോ?) *എന്റെ ദാസന്മാരെ ഉപദേശിക്കുകയും തെറ്റിച്ചുകളകയും,* (നോക്കൂ, ഈ ഈസബേൽ ഉപദേശം രാജ്യം മുഴുവൻ ആഞ്ഞടിച്ചിരുന്നു.) *ദുർന്നടപ്പ് ആചരിപ്പാനും, വിഗ്രഹാർപ്പിതം തിന്മാനും എന്റെ ദാസന്മാരെ തെറ്റിച്ചുകളയുകയും ചെയ്യുന്ന*

> *...ഞാൻ അവൾക്ക് മാനസാന്തരപ്പെട്ടുവാൻ* (കാണുന്നോ?) *സമയം കൊടുത്തിട്ടും ദുർനടപ്പു വിട്ടു, മാനസാന്തരപ്പെട്ടുവാൻ അവൾക്ക് മനസ്സില്ല.*

233 അടുത്തവാക്യം ശ്രദ്ധിക്കുക.

> *...ഞാൻ അവളെ കിടപ്പിലും* (അത് നരകമാകുന്നു) *അവളുമായി വ്യഭിചരിക്കുന്നവരെ, അവളുടെ നടപ്പു വിട്ട് മാനസാന്തരപ്പെടാതിരുന്നാൽ, വലിയ കഷ്ടതയിലും ആക്കിക്കളയും.* (അത് മഹാകഷ്ടകാലത്തിൽ പോകുന്നതാണ്. ഇപ്പോൾ അത് സഭയല്ല.)

234 ഇപ്പോൾ ഇവിടെ ഇത് ശ്രദ്ധിക്കുക.

> *...ഞാൻ അവളുടെ മക്കളെയും* (അവളുടെ വേശ്യകളെയും) മരണം കൊണ്ടു കൊല്ലും, (ആത്മീയ മരണമാകുന്നു.)

235 നിങ്ങൾ ഇത് വിശ്വസിക്കുന്നുണ്ടോ? [പള്ളിയിൽ കൂടിയിരിക്കുന്നവൻ പറയുന്നു, "ആമേൻ,"—Ed.] അത് വചനമാകുന്നു. "ഞാൻ അവരെ മരണം കൊണ്ട് കൊന്നുകളയും." അങ്ങനെ അവർ കൊല്ലപ്പെട്ടാൽ, അവർ നിത്യമായി വേർപെട്ടുപോകും. ശരി, ഓർക്കുക, അവൻ അവൾക്ക് മാനസാന്തരപ്പെട്ടുവാൻ ഒരവസരം കൊടുത്തിരുന്നു.

236 തുയഥൈര്യ കാലഘട്ടം ഇരുണ്ട കാലഘട്ടമായിരുന്നു. കറുത്ത കുതിര സവാരിക്കാരൻ ആ സമയത്ത് ഓടിച്ചുപോയിരുന്നു. ആ സമയത്ത് എല്ലാ മാസ്സിനു വേണ്ടിയും, പ്രാർത്ഥനയ്ക്കുവേണ്ടിയും...

നോവിനെയ്ക്കു വേണ്ടിയും അങ്ങനെ എല്ലാത്തിനും പണം കൊടുക്കേണ്ടിയിരുന്നു. ഇപ്പോൾ അവന്റെ കറുത്തകുതിരയെ ശ്രദ്ധിക്കുക, തുയതൈര്യയിൽ അവൻ മാനസാന്തരപ്പെടുന്നത് നിരസിച്ചുകളയുകയും തന്റെ കറുത്ത കുതിരപ്പുറത്ത് നിന്ന് മരണമായ, ഒരു തവിട്ടു കുതിരയിലേക്ക്, തന്റെ അവസാനത്തെ മിനിസ്ട്രിയ്ക്കുവേണ്ടി മാറ്റുകയും ചെയ്യുന്നു.

237 ഇപ്പോൾ, വ്യക്തിപരമായി, ഞാൻ ഇവിടെ ഒന്ന് പിടിച്ച് കുലുക്കി എന്നുവരാം. ദൈവത്തെ നിഷേധിക്കുക, ദൈവത്തിന്റെ വിളി നിരസിക്കുക, ചിലപ്പോൾ അവസാനമായി നിങ്ങൾ ചെയ്യേണ്ടിരിക്കും. സഭ അവിടെ ചെയ്തപോലെ, അത് അവിടെ കഴിഞ്ഞിരിക്കും, ദൈവത്തിന്റെ സഹിഷ്ണുത, എല്ലായ്പ്പോഴും മനുഷ്യനായി വാദിച്ചുകൊണ്ടിരിക്കുകയില്ല.

238 അവൾ അത് നിരസിക്കുകയും, അത് സ്വീകരിക്കുന്നത് നിഷേധിക്കുകയും ചെയ്തപ്പോൾ, അവൾക്ക് മാറ്റം വന്നിട്ട്...ഇപ്പോൾ അവൾക്ക് "മരണം," വേർപ്പെടുത്തൽ എന്ന പേരു ലഭിച്ചു. ദൈവം പറഞ്ഞു, "ഞാൻ അവളുടെ പുത്രിമാരെ, അത് പ്രൊട്ടസ്റ്റാന്റുകളാണ്, മറ്റുള്ളവരുമാകുന്നു, അവരെ നിത്യവേർപാടിനാൽ കൊന്നുകളയും." അവിടെയാണ് നിങ്ങൾ. തുയതൈര എന്ന കാലഘട്ടമായ, ഇരുണ്ട കാലമാകുന്നു. അവന്റെ കറുത്ത കുതിര, ഇപ്പോൾ അവന്റെ അവസാന പ്രവർത്തിക്കായി മരണത്തിലേക്ക് തിരിച്ചിരിക്കുന്നു.

239 സഭാ കാലഘട്ടങ്ങൾ മുദ്രകളുമായി എപ്രകാരം, മിശ്രിതമായിരിക്കുന്നു എന്ന് കാണുന്നോ? സമ്പൂർണ്ണമായിട്ടുമാകുന്നു. അത് ശരിയാണെന്ന് നമുക്കറിയാം. പരിശുദ്ധമാതാവ് ഒരു തെറ്റും വരുത്തുന്നില്ല. കഴിഞ്ഞ തവണ, സഭാകാലഘട്ടങ്ങളെക്കുറിച്ച് എടുക്കുമ്പോൾ, അവൻ നമുക്ക് മഹത്തായ ഒരു സമർത്ഥനം നൽകിയത്, നിങ്ങൾക്ക് അറിയാമല്ലോ.

240 നോക്കു, ദൈവത്തിന്റെ വാത്സല്യമേറിയ ദീർഘക്ഷമ! അവളുടെ മേൽ ന്യായവിധി പുറപ്പെടുവിക്കും മുമ്പ്, അവൾക്ക് മാനസാന്തരപ്പെടാൻ അവൻ ഒരു അവസരം കൊടുത്തു. ഞാൻ ഇത് കർത്താവിന്റെ നാമത്തിൽ പറയുകയാണ്: അവൻ പ്രൊട്ടസ്റ്റാന്റ് സഭയ്ക്കും അതേ കാര്യം തന്നെ നല്കി, എന്നാൽ അവൾ അത് ചെയ്തില്ല. സന്ദേശം എല്ലായിടത്തും ഇളക്കിമറിച്ചു എന്നിട്ടും, അവൾ അത് ചെയ്യുകയില്ല. അവൾക്ക് തന്റെ മതപ്രമാണങ്ങളും, തത്വസംഹിതകളും, ആയിട്ട്, നിങ്ങൾ എത്ര വിശദീകരണം നൽകിയാലും ഞാൻ കാര്യമാക്കില്ല.

241 ഞാൻ കഴിഞ്ഞ, ദിവസം ഷിക്കാഗോയിൽ വച്ച് പറഞ്ഞത് പോലെ, കാരണം ഇവിടെ ഇരിക്കുന്ന ജനങ്ങളെക്കാൾ കൂടുതൽ ധർമ്മോപദേശികൾ അവിടെ ഇരിക്കുന്നുണ്ടായിരുന്നു! അവിടെ അവർ എന്റെ ഉപദേശത്തെക്കുറിച്ചും സർപ്പസന്തതിയെയും, അങ്ങനെയുള്ള മറ്റു കാര്യങ്ങളെയുംകൊണ്ട് കുരുക്കാൻ ശ്രമിച്ചിരുന്നു. ഞാൻ പറഞ്ഞു, "അങ്ങനെ എങ്കിൽ ആരെങ്കിലും തന്റെ ബൈബിൾ എടുത്തുകൊണ്ട്, ഇവിടെ കടന്നുവന്ന് എന്നോടൊപ്പം നില്ക്കുക." ആരും ഒരക്ഷരം മിണ്ടിയില്ല.

242 ടോമി ഹിക്ക്സ് പറഞ്ഞു. "ബ്രദർ ബ്രൺഹാം, ഞാൻ—ഞാൻ ഇതിന് മുമ്പ് ഒരിക്കലും ഇതുപോലെ കേട്ടിട്ടില്ല. എനിക്കതിന്റെ മുന്നൂറ് ടേപ്പുകൾ വേണം, ഞാൻ എന്റെ സകല ധർമ്മോപദേശികൾക്കും അത് അയച്ചുകൊടുക്കാൻ പോകുന്നു."

243 അവിടെ ഏകദേശം അമ്പതോ എഴുപത്തിയഞ്ചോ പേർ പറഞ്ഞു, "ഞാൻ വീണ്ടും സ്നാനപ്പെടാനായി അവിടെ വരുന്നതാണ്." അവർ വന്നോ? അവരിൽ ഒരാൾപോലും വന്നില്ല. എന്തുകൊണ്ടാണ്? അവൻ അവർക്ക് മാനസാന്തരപ്പെടാൻ അവസരം കൊടുത്തു! അവൻ നിന്റെ മക്കളെ മരണത്തിലേയ്ക്ക്, ആത്മീയ മരണത്തിലേക്ക് എറിഞ്ഞ് കളയും.

244 കർത്താവ് അനുവദിക്കുന്ന പക്ഷം, നാം അത് നാളെ രാത്രി അല്ലെങ്കിൽ ശനിയാഴ്ച രാത്രി, കടന്നുവരാനിരിക്കുന്ന ബാധകളെകുറിച്ച് എടുക്കുന്നതാണ്. അവിടെ എന്താണ് സംഭവിക്കുന്നതെന്ന് നിങ്ങൾ ശ്രദ്ധിക്കുക.

245 അവൻ മിസ്രയീമിന് നല്കിയതുപോലെ, അവൻ മിസ്രയീമിന് മാനസാന്തരപ്പെടാൻ അവസരം നല്കി. അവസാനത്തെ ബാധ എന്തായിരുന്നു. അത് മരണമായിരുന്നു.

246 പെന്തക്കോസ്ത സഭയിൽ ബാധിച്ച അവസാന ബാധയും അതായിരുന്നു, ആത്മീയ മരണം. അവൾ മരിച്ചിരിക്കുന്നു. ഇത് കർത്താവിന്റെ നാമത്തിൽ ആകുന്നു. അവൾ ആത്മീയമായി മരിച്ചിരിക്കുന്നു. അവൻ അവൾക്ക് മാനസാന്തരത്തിനായി ഒരു അവസരം നല്കി, അവൾ അത് നിരസിച്ചുകളഞ്ഞു. ഇപ്പോൾ അവൾ മരിച്ചിരിക്കുന്നു. അവൾ ഇനി ഒരിക്കലും ഉയിർത്തെഴുന്നേല്ക്കുകയില്ല.

247 അവിടെയുള്ള ജനങ്ങൾ, എപ്പിസ്കോപ്പിലിയന്മാരുടെ പുരോഹിതരെയും, മറ്റും കൊണ്ടുവരാൻ ശ്രമിച്ചിട്ട്, അവരെ "വിശുദ്ധ പിതാവ് *ഇന്ന-ഇന്നയാൾ,*" എന്നു വിളിക്കുന്നു. അവർ തന്നെത്താൻ ലജ്ജിക്കേണ്ടതുണ്ട്. മനുഷ്യന് എത്രമാത്രം അന്ധരായിരിക്കാൻ

സാധിക്കും! ബുദ്ധിയില്ലാത്ത മണവാട്ടി എണ്ണ വാങ്ങാൻ പോയി, അവൾക്ക് അത് കിട്ടിയില്ലെന്നു, യേശു തന്നെ പറിഞ്ഞിട്ടില്ലേ?

248 എല്ലാവരും, "എനിക്ക് പരിശുദ്ധാത്മാവ് കിട്ടി. ഞാൻ അന്യഭാഷകളിൽ സംസാരിച്ചു," എന്നു ജനങ്ങൾ പറയുന്നതു കേട്ടിട്ടില്ലേ. എന്നാൽ അവർ ഇത്തരത്തിലെ ഒരു സഭയിലേക്ക് വരാൻ ഇഷ്ടപ്പെടുന്നില്ല, "ഓ, ഞാൻ അത്തരത്തിലുള്ള ഒരു സ്ഥലത്തേയ്ക്ക് പോകേണ്ടതുണ്ടെന്ന്, ഞാൻ വിചാരിക്കുന്നില്ല." എന്നിട്ടും നിങ്ങൾക്ക് പരിശുദ്ധാത്മാവ് പ്രാപിച്ചിരിക്കുന്നു എന്നു നിങ്ങൾ പറയുന്നോ?

249 നിങ്ങൾ നിങ്ങളുടെ അന്തസ്സറ്റ രീതിയിൽ ആഗ്രഹിക്കുന്നു. നിങ്ങൾ ബാബിലോണിൽ താമസിക്കുകയും, അപ്പോഴും സ്വർഗ്ഗത്തിൽ നിന്നും അനുഗ്രഹങ്ങളെ ആഗ്രഹിക്കുകയും ചെയ്യുന്നു. നിങ്ങൾക്കു നിങ്ങളുടെ തിരഞ്ഞെടുപ്പ നടത്തേണ്ടതുണ്ട്. നിങ്ങൾക്ക് അവിടെ ലോകത്തിൽ താമസിച്ചുകൊണ്ട് അതേ സമയം നിങ്ങൾക്ക് ദൈവത്തെയും സേവിക്കാൻ സാദ്ധ്യമല്ല. മാമ്മോനെയും ദൈവത്തെയും ഒരേ സമയം സേവിക്കാൻ കഴിയില്ലെന്നു യേശു പറഞ്ഞിരിക്കുന്നു. അതിനാൽ നിങ്ങൾ അങ്ങനെ പ്രതീക്ഷിക്കുന്നില്ലെങ്കിൽ...

250 നിങ്ങൾ യഥാർത്ഥമായി രക്ഷിക്കപ്പെട്ടിട്ടുണ്ടെങ്കിൽ, ദൈവത്തിന്റെ വചനം ഇപ്രകാരം ആകുന്നു എന്നായിട്ട് പരിശുദ്ധാത്മാവ് സ്വയം സമർത്ഥിച്ചു കാണിക്കുന്ന യോഗങ്ങളിൽ നിങ്ങൾ ആനന്ദിക്കും.

251 ആരോ പറഞ്ഞു, "ജനങ്ങൾ വളരെയധികം ശബ്ദം ഉണ്ടാക്കുന്നവരാണ്, അത് എനിക്ക് മാനസിക തകർച്ച ഉണ്ടാക്കുന്നു." നിങ്ങൾ സ്വർഗ്ഗത്തിൽ കടന്നാൽ മാനസികമായും പിന്നെ തകർന്നുപോകും. ഈ ജനങ്ങളെല്ലാം കൂടി അവിടെ എത്തുമ്പോൾ, പിന്നെ എന്തായിരിക്കുമെന്ന് നിങ്ങൾ തന്നെ ചിന്തിച്ചുകൊള്ളുക. ഓ, എന്റെ! എപ്രകാരം കർത്താവ് ഇത് മനസ്സിലാക്കിത്തരാൻ...

252 അവൻ നോഹയുടെ കാലത്തെപ്പോലെ തന്നെ, ദീർഘക്ഷമ ഉള്ളവനാകുന്നു. അവൻ കഠിനമായി ശ്രമിച്ചു. അവർ മാനസാന്തരപ്പെടാൻ നൂറ്റിയിരുപത് വർഷത്തോളം ദീർഘക്ഷമയോടെ കാത്തിരുന്നു. അവർ മാനസാന്തരപ്പെട്ടില്ല.

253 മിസ്രയീലായിരുന്ന കാലത്ത്, അവൻ ബാധയും മറ്റെല്ലാം അയച്ചു. അവൻ മാനസാന്തരപ്പെട്ടില്ല.

അവൻ യോഹന്നാനെ അയച്ചു. അവർ മടങ്ങി വന്നില്ല.

254 വചനം കേൾക്കുന്ന ആ മുഴുവൻ കൂട്ടരും രക്ഷപ്പെടാനായി, മരിക്കാതിരിക്കാനായി, അവൻ യേശുവിനെ അയച്ചു.

255 അങ്ങനെ ഇപ്പോൾ, ഈ അവസാന ദിവസങ്ങളിൽ, അവളെ വിളിച്ച് പുറത്താക്കി, തിരികെ വചനത്തിലേയ്ക്ക്, മൂല പിതാക്കന്മാരിലുണ്ടായിരുന്ന വിശ്വാസത്തിലേയ്ക്ക തിരികെ കൊണ്ടുപോകുന്നതിനുള്ള, ഒരു സന്ദേശം അവൻ അയക്കുമെന്ന് വാഗ്ദത്തം ചെയ്തിരുന്നു. അവർ അത് സ്വീകരിക്കുകയില്ല. അവർ അവരുടെ മതവിശ്വാസപ്രമാണങ്ങളിലും, മതതത്വസംഹിതകളിലും അത്രമാത്രം പ്രാമാണികമായിട്ട്, അവർക്ക് അതിന്റെ ആവശ്യമില്ല. ഓ അവർ വിചാരിക്കുന്നത്, അവർക്ക് ഒരു ദൂതൻ താഴേക്കിറങ്ങി...വന്നിട്ട്; എന്നാൽ ദൈവം അപ്രകാരം പ്രവർത്തിക്കുന്നില്ല.

256 അവൻ ഏതെങ്കിലും, അജ്ഞനെയോ മന്ദബുദ്ധിയേയോ, അവരുടെ എബിസിഡിയോ മറ്റെന്തെങ്കിലുമോ അറിയാത്തവരെ എടുക്കുന്നു. അവൻ ഈ തരത്തിൽപ്പെട്ട ഒരു മനുഷ്യനെ എടുക്കുന്നു, കാരണം ഒന്നുമില്ലാത്ത ഒന്നിനെ എടുത്തു, അതിൽക്കൂടി പ്രവർത്തിക്കാൻ കഴിയുന്നു. ആരെങ്കിലും അവർ എന്തോ ആകുന്നുവെന്ന് ചിന്തിക്കുന്നിടത്തോളം, അവർക്ക് അതുമായി യാതൊന്നും ചെയ്യാൻ കഴിയുകയില്ല. അവൻ എല്ലായ്പ്പോഴും അത് ചെയ്തിരിക്കുന്നു. ദൈവത്തോടൊപ്പം ആരെങ്കിലും ആകുന്നതിന്, നിങ്ങൾക്ക് ഒന്നുമില്ലാത്തതായി തീരേണ്ടതാവശ്യമാകുന്നു. ഓ, എന്റെ!

257 ശ്രദ്ധിക്കുക, എന്നിട്ടും, "അവൻ അവൾക്ക് മാനസാന്തരപ്പെടാൻ ഒരവസരം കൊടുത്തു, അവൾ അത് ചെയ്തില്ല."

258 അവൻ അത് വീണ്ടും ചെയ്തു; അവൾ അതു ചെയ്തില്ല. അവളുടെ നിരസിക്കൽ, അവളെ തയ്യാറാക്കി...അഥവാ അവളുടെ നിരാകരണം, സാത്താൻ അവളുടെ ഉള്ളിലേയ്ക്ക് കടന്നുവന്ന് അവതരണം ചെയ്യുന്നതിന് ഒരു പൂർണ്ണമായ വഴിയൊരുക്കി. അത് ശരിയാണ്. അവൾ വചനത്തെ നിരസിച്ചതിനാൽ, നേരെ അവളിലേയ്ക്ക് തന്നെ ജഡാവതാരം ചെയ്യാൻ ഇടയാക്കി. അത് കാര്യം തന്നെയാണ് കൃത്യമായും പ്രൊട്ടെസ്റ്റാന്റ് സഭയെ, ഒരു വേശ്യയാക്കി തീർത്തിരിക്കുന്നത്, കാരണം അവൾ വചനത്തിന്റെ സമർത്ഥിക്കപ്പെട്ട സത്യത്തെ ഒരിക്കൽ നിഷേധിച്ചുകളഞ്ഞു, അത് പിശാചിന് നേരെ അവളുടെ ഉള്ളിൽ കടന്ന് സ്വയം അവതരിക്കുന്നതിന് ഒരു സ്ഥാനം കൊടുക്കുന്നു. അവർ തമ്മിൽ ഒന്നായി യോജിച്ചുകഴിയുമ്പോൾ, അവൻ മൃഗത്തിന് ഒരു പ്രതിമ ഉണ്ടാക്കും. അതു വളരെ അടുത്തു വന്നിരിക്കുന്നു, അങ്ങനെ ഇതെല്ലാം കൃത്യമായും ദൈവം പറഞ്ഞതുപോലെ സംഭവിച്ചുകൊണ്ടിരിക്കുന്നു. അത് ശരിയാണ്. ആമേൻ

259 എനിക്ക് വിദ്യാഭ്യാസമുണ്ടായിരുന്നെങ്കിൽ, എനിക്കത് വിശദീകരിക്കാൻ കഴിയുമായിരുന്നു. എനിക്ക് ശരിയ്ക്കുള്ള

വിദ്യാഭ്യാസമില്ല. പരിശുദ്ധാത്മാവ് നിങ്ങൾക്കത് വെളിപ്പെടുത്തി തരുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു. അവൻ ആഗ്രഹിക്കുന്നവർക്ക്... അവൻ അത് വെളിപ്പെടുത്തും അത് ശരിയാണ്. അവൻ അത് ചെയ്യും. അതെ. ശ്രദ്ധിക്കുക.

260 അവൾ, എന്താണ് ഇവിടെ ചെയ്തിരിക്കുന്നതെന്ന് നോക്കുക. അവൾക്ക് മാനസാന്തരപ്പെടുന്നതിനുള്ള ദൈവത്തിന്റെ സന്ദേശത്തെ അവൾ നിഷേധിച്ചുകളഞ്ഞു. അവൾ ഒരു എതിർക്രിസ്തുവായി ആരംഭിച്ചു, അവൾ അതുതന്നെയായിരുന്നു. അവൾ കള്ളപ്രവാചകനായി വന്നു, ഒരു മനുഷ്യവതാരത്തിലെ പിശാചായിട്ട് അവതരിച്ചു, അതായിരുന്നു അവളുടെ കള്ള ഉപദേശത്താൽ, അവൾ ചെയ്തുപോന്നത്. ഇതിനെല്ലാം പുറമെയും, അവളെ തിരികെ കൊണ്ടുവരാൻ ശ്രമിച്ചുകൊണ്ട് ദൈവം അവൾക്ക് മാനസാന്തരപ്പെടുന്നതിന് അവസരം നല്കി.

261 എത്രയധികം ദീർഘക്ഷമയാകുന്നു എന്ന് കാണുന്നോ? എന്തൊരു അത്ഭുതകരമായ സ്നേഹം! ഇതുപോലെ മറ്റൊരു സ്നേഹമില്ല! അവന്റെ മുഖത്തു തുപ്പുകയും അതുപോലെയുള്ള കാര്യങ്ങളും ചെയ്ത അവരെ നോക്കുക. അവൻ അവരോട് ക്ഷമിച്ചു. അതാണ് ദൈവം, നോക്കു. ചെയ്യരുത്...

262 ദൈവത്തിന്റെ സന്ദേശത്തെ നിഷേധിക്കുക! നോക്കു, അവളോട് മാനസാന്തരപ്പെടുന്നതിന് ആവശ്യപ്പെടുകയും, അവൾ ഏതിൽ നിന്നും വീണുപോയോ അവിടേയ്ക്ക് തിരികെപ്പോകാൻ പറയുകയും ചെയ്തു.

263 അവൾക്ക് വീഴ്ച സംഭവിച്ചത് എവിടെ നിന്നാണ്? വചനത്തിൽ നിന്ന്. ശരിയാണ്. ഹൗവ്വ എവിടെ നിന്നാണ് വീണത്? [പള്ളിയിൽ കൂടിയിരിക്കുന്നവർ പറയുന്നു, "വചനം,"—Ed.] വചനത്തിൽ നിന്ന്. വിഭാഗീയ സഭ എവിടെനിന്നാണ് വീണത്? ["വചനം,"] അവിടെയാകുന്നു നിങ്ങൾ. കാണുന്നോ? മറ്റൊരു വഴിയുമില്ല, ഓരോ സമയത്തും, തിരികെ വചനത്തിലേക്ക് വരിക, നേരെ തിരികെ വചനത്തിലേക്ക് മാത്രമാകുന്നു. കാണുന്നോ? അവർ ഒരു സമ്പ്രദായത്തിലേക്ക് കടന്നപ്പോൾ, അത് അവരെ വചനത്തിൽനിന്ന് പിന്നിലേക്ക് അകറ്റുകയും വചനത്തിലേക്ക് ഓടിച്ചെല്ലുന്നതിന് പകരം വചനത്തിൽനിന്നും ഓടിച്ചുകളയുന്നു. ശ്രദ്ധിക്കുക

264 അവൾക്ക് തിരികെപോയി, മാനസാന്തരപ്പെടുന്നതിന് ഒരവസരം നല്കി. *മാനസാന്തരം* എന്നുവച്ചാൽ "തിരികെ പോകുക, പിന്നോട്ട് തിരിയുക," മുഖം തിരിക്കുക, എന്നാകുന്നു. *മാനസാന്തരപ്പെടുക*, "തിരികെ പോകുക." അവൾക്ക് തിരികെപോയി അത് ചെയ്യുന്നതിന് ഒരവസരം നല്കി...

265 ഇപ്പോൾ ഓർക്കുക, അവൾ പെന്തക്കോസ്ത നാളിൽ, പരിശുദ്ധാത്മാവ് ചൊരിയപ്പെട്ട യഥാർത്ഥ പെന്തക്കോസ്ത സഭയായിരുന്നു. ബൈബിൾ വിജ്ഞാനികളായ എത്രപേർക്കതറിയാം? തീർച്ചയായും അവൾ ആയിരുന്നു. എവിടെ നിന്നാണ് അവൾ വീണത് കാണുന്നോ? വിശ്വാസപ്രമാണങ്ങളെ സ്വീകരിച്ചുകൊണ്ട്, വചനത്തിൽ നിന്നും വീണുപോയി. അവൾ അംഗീകരിച്ചു...പരിശുദ്ധാത്മാവിന് പകരം അവൾ വിശുദ്ധ പിതാക്കന്മാരെ ആഗ്രഹിച്ചു. "ഡോക്ടർ എൽഎൽ., പിഎച്ച്., ക്യൂ. യു." പിന്നെ അവനെ ഒരു പോപ്പാക്കിതീർത്തു. കാണുന്നോ? തീർച്ച. എന്നാൽ, അവൾ, അതാണ് അവൾക്ക് ആവശ്യമായിരുന്നത്, ആരെങ്കിലും അവളുടെ പ്രാർത്ഥന നടത്തണം. ആരെങ്കിലും...അവൾ അതിന്റെ കാശ് മാത്രം ചിലവാക്കും, അതുമാത്രമാണ് അവൾക്ക് ചെയ്യാൻ കഴിയുന്നത്. കാണുന്നോ?

266 ഇപ്പോൾ, അതേ കാര്യം തന്നെ ഇന്നും. അവർക്ക് ഇരിക്കാനായി പള്ളിയിലെ ഇരിപ്പിടം കിട്ടിയിട്ട്, കാണിക്കയെടുക്കുമ്പോൾ വളരെ കൂടുതലായി അതിലേയ്ക്കിട്ടാൽ, അത് അത്രയും നല്ലത്. അവർ ആ ആലയത്തിലെ ഒരു അംഗമാകുന്നു. അതിനെക്കുറിച്ചല്ലാതെ മറ്റൊന്നും അവരോട്ടു പറയരുത്; അവർ അതറിയാൻ ആഗ്രഹിക്കുന്നില്ല. അത് അവളുടെ പെൺമക്കളാകുന്നു.

267 ഇപ്പോൾ, എവിടെ നിന്നാണ് അവൾ വീണത്? അപ്പോസ്തലന്മാരുടെയും പ്രവാചകന്മാരുടെയും മൂലവചനമായ അപ്പോസ്തല ഉപദേശത്തിൽ നിന്നുമാകുന്നു. അവിടെ നിന്നാണ് അവൾ വീണുപോയത്. അവിടെ നിന്നാണ് പെന്തെക്കോസ്തുകൾക്ക് വീഴ്ച സംഭവിച്ചത്.

268 മാനസാന്തരപ്പെടുക! തിരികെ പോകുക! വളരെ താമസിച്ചുപോകും മുമ്പ് തിരികെ പോകുക. ഇപ്പോൾ തന്നെ വളരെ താമസിച്ചു പോയിരിക്കുന്നു. ഈ വരും ദിവസങ്ങളിലൊന്നിൽ കുഞ്ഞാട് സിംഹാസനം വിട്ടുവരും, അപ്പോൾ അതെല്ലാം കഴിഞ്ഞിരിക്കും. അതുകൊണ്ടാണ് അവളുടെ പുത്രിമാരോട് അവളോടൊപ്പം ന്യായം വിധിക്കപ്പെടുന്നതിന് മുമ്പായി "തിരികെ പോകുക" എന്ന് ഇപ്പോൾ ആവശ്യപ്പെടുന്നത്.

269 ഇപ്പോൾ, അവസാനത്തെ സന്ദേശം അവർക്ക് ലഭിക്കുന്നത്, ഞാൻ സംസാരിച്ചുകൊണ്ടിരിക്കുന്ന ഈ പ്രവാചകൻ വരുമ്പോഴാകുന്നു. അതിനെ, അതിനെകുറിച്ച് പുസ്തകങ്ങളിൽ കൂടി ഞാൻ വായിക്കുകയായിരുന്നു. യഥാർത്ഥത്തിൽ, ഉന്നതന്മാരായ വിവേകവും ആത്മീയ ചിന്തയുമുള്ള മനുഷ്യർ, അത് വരുന്നു

എന്നതിനെക്കുറിച്ച് അറിയുന്നു. അവർക്ക് അത് അറിയാം. അത് വരുന്നു എന്ന് അവർക്കറിയാം. നോക്കു, അവർ...എന്നാൽ അതിന്റെ കുഴപ്പമെന്തെന്നാൽ, “നമുക്കത് ആവിശ്യമാണ്. അത് വരാൻ പോവുകയാണ്,” എന്ന് അവർ തുടർച്ചയായി പറഞ്ഞുകൊണ്ടിരിക്കുന്നു എന്നതാണ്. അത് വന്നുകഴിയുമ്പോൾ, അവരെ അത്രയും എളിമയിലായിട്ട്; ഒരു പക്ഷേ മറ്റുള്ള സമയങ്ങളിലെപ്പോലെതന്നെ അവർ അത് കാണാതെ പോകുന്നതിനിടയായേക്കും എന്നുള്ളതാണ്. അത് ശരിയാണ്. ജനങ്ങൾ അതിനെക്കുറിച്ച് എഴുതുകയും, “ഓ അതേ, അതിന്റെ ആവശ്യമുണ്ട്,” എന്നെല്ലാം പറയും അതിനുശേഷം നേരെ അത് അവരുടെ മുമ്പിൽ, കാണിക്കുമ്പോൾ, അവർ അത് മറികടന്ന് പോയ്ക്കളയും നോക്കു, അങ്ങനെ തന്നെ, അവർ എല്ലായ്പ്പോഴും അത് ചെയ്തിരിക്കുന്നു.

270 ഇപ്പോൾ ശ്രദ്ധിക്കു, മൂല വചനം. അവർ...അവർ...അവൾക്ക് ഇനിയും, തിരികെ പോയി, മാനസാന്തരപ്പെടേണ്ടതുണ്ട്, അങ്ങനെ തന്നെ അവളുടെ പെൺമക്കളോടും ചെയ്യാൻ ആവശ്യപ്പെടുന്നു. അതിലേയ്ക്ക തള്ളപ്പെട്ട...അവരെയും ന്യായം വിധിച്ച്, അതേ കിടക്കയിലേയ്ക്ക തന്നെ, അവളോടൊപ്പം കൊന്നുകളയും. മൂല വചനത്തിലേക്ക്, അപ്പോസ്തലന്മാരുടെ ഉപദേശത്തിലേക്ക് തിരികെ പോകുന്നതിനായി അവരോടു ആവശ്യപ്പെട്ടിരിക്കുന്നു. എന്നാൽ അവരുടെ മതതത്വസംഹിതകളുമായി അവർ അത്രമാത്രം കെട്ടപ്പെട്ടിട്ട്, അവർ അത് ചെയ്യുന്നില്ല. അവർ അതിനെ പരിഹസിക്കുക മാത്രം ചെയ്യുന്നു.

271 അതിനുശേഷം അവർ എന്താണ് ചെയ്യുന്നത്? അവർ അവസാനമായി മറ്റൊരു ശക്തിയെ; മൃഗത്തിന്റെ പ്രതിമയെ ഉണ്ടാക്കും. ശ്രദ്ധിക്കുക, എന്നിട്ട് വെളിപ്പാട് 13:14-ൽ അവൾ ചെയ്തിരിക്കുന്നതുപോലെ കുഞ്ഞാടിന്റെ മണവാട്ടിയായി പെരുമാറും. ആ വിധത്തിലാണ് അവർ ചെയ്യുന്നത്. ഉപദ്രവിക്കുകയും മറ്റുമായി, അതേ കാര്യം തന്നെ ചെയ്യുന്നതാണ്. റോം എല്ലായ്പ്പോഴും ചെയ്തിരുന്നതുപോലെ സഭകൾ ക്രിസ്തുവിന്റെ യഥാർത്ഥ മണവാട്ടിയെ പരിഹസിക്കുന്നു. ശരിക്കും സത്യമാകുന്നു. അതേ ശ്രീമാൻ, അവൾ വെളിപ്പാടിന്റെ 13:14-ൽ ചെയ്തിരുന്നതുപോലെ തന്നെ കുഞ്ഞാടിന്റെ മണവാട്ടിയോട് ചെയ്യും.

272 ഇപ്പോൾ ശ്രദ്ധിക്കുക. ദൈവത്തിന്റെ വാഗ്ദത്തം ചെയ്യപ്പെട്ട വചനത്താൽ, അവൻ—അവൻ അവളുടെ മക്കളെ, അവളുടെ പുത്രിമാരായ വിഭാഗീയ സഭകളെ ആത്മീയ മരണം കൊണ്ട്

കൊല്ലും എന്ന് നാം കാണുന്നു. ഇപ്പോൾ, അത് വെളിപ്പാട് 2:22 ആകുന്നു. അത് മറന്നുപോകരുത്. കൊല്ലുക എന്നുവെച്ചാൽ മരണത്തിനിരയാക്കുക എന്നാകുന്നു. *മരണം* എന്ന് വച്ചാൽ "ദൈവസന്നിധിയിൽ നിന്നുമുള്ള നിത്യമായ വേർപാട്" എന്നാകുന്നു. അതൊന്ന് ചിന്തിച്ചു നോക്കൂ, സ്നേഹിതരെ. മനുഷ്യ നിർമ്മിതമായ യാതൊരു മതപ്രമാണത്തിലും നിങ്ങൾ വിശ്വസിക്കുന്നത്. ദൈവത്തിന്റെ വചനത്തിന് വിപരീതമായ ഏതൊരു കാര്യത്തിൽ നിന്നും അകന്നുമാറി നിന്നുകൊള്ളുക.

273 ഇപ്പോൾ ശ്രദ്ധിക്കൂ, ഇവിടെ ബൈബിളിൽ ശ്രദ്ധിക്കൂ. അവന്റെ പേര് നരകം എന്നാണ് അത് പറയുന്നത്. അതല്ല...ഞാൻ അർത്ഥമാക്കിയത്:

> *...അവനു മരണം എന്നു പേർ, പാതാളം അവനെ പിന്തുടർന്നു.*

274 ഇപ്പോൾ, പ്രാകൃതമായും, പാതാളം എപ്പോഴും മരണത്തെ പിന്തുടരുന്നു. പ്രാകൃത മനുഷ്യൻ മരിക്കുമ്പോൾ, പാതാളം അവനെ പിൻതുടരുന്നു; അത് ശവക്കുഴിയും നരകവുമാകുന്നു, നോക്കൂ, അത് പ്രാകൃത്യാലാകുന്നു. എന്നാൽ ആത്മീയമായി, അത് തീ പൊയ്കയാകുന്നു, നോക്കൂ, ശരിയാണ് നിത്യമായ വേർപാടിൽ, അവൻ അഗ്നിയിൽ ദഹിപ്പിക്കപ്പെടുന്നു.

275 മലാഖിയുടെ 4-ൽ "വേരും കൊമ്പും ശേഷിപ്പിക്കാതെ അവരെ ദഹിപ്പിച്ചു കളയും എന്ന് പറയുന്നു." ആയിരമാണ്ടു കാലത്തേക്ക്, ഈ ലോകത്തെ വീണ്ടും ശുദ്ധീകരിക്കുന്നിനുള്ള വഴി അതാകുന്നു.

276 കുതിര സവാരിക്കാരൻ ഒരു "പുരഷൻ" ആണെന്നുള്ള കാര്യം നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടോ? "അവൻ" "അവന്റെ" കയ്യിൽ എന്ന് എല്ലാമായിട്ട് അവൻ പുരുഷനാകുന്നു, "കള്ള പ്രവാചകൻ." എന്നാൽ അവന്റെ മണവാട്ടിയെ സഭ എന്ന്, "അവൾ" ഒരു സ്ത്രീയായിട്ട് ഈസേബെൽ എന്നു വിളിക്കുന്നു. ആഹാബും; ഈസേബെലും അത് മറ്റെന്തും പോലെ കൃത്യമായിരിക്കുന്നു. കാണുന്നോ? കാണുന്നോ?

277 *പുത്രിമാർ* എന്ന് വിളിക്കുന്നതും "സ്ത്രീകൾ," തന്നെയാകുന്നു എന്നാൽ ഒരിക്കലും ഒരാളുടെ നേതൃത്വം സ്വീകരിച്ചിട്ടില്ല; അത് പ്രൊട്ടെസ്റ്റാന്റുകാരായി ഇപ്പോഴും, വേശ്യയുടെ അടിസ്ഥാനതത്വങ്ങളിൽ, തന്നെയായിട്ട് അവരുടെ ഉപദേശവും, സഭാസംഘടനയും, സമ്പ്രദായങ്ങളുമായി തുടരുന്നു. അതങ്ങനെ... അതാണ് അതെപ്പറ്റി പറഞ്ഞിരിക്കുന്നത്.

278 ശ്രദ്ധിക്കുക. ഇതെല്ലാം കൂടി എന്തിലേയ്ക്കാണ് വരുന്നത്? ഇപ്പോൾ നമ്മുടെ പക്കൽ ഏകദേശം പന്ത്രണ്ടോ പതിനാലോ നിമിഷനേരം കൂടിയുണ്ട് എന്ന് ഞാൻ ഊഹിക്കുന്നു. നോക്കൂ, ഇതെല്ലാം കൂടി എന്തിലേക്കാണ് വരുന്നത്? എന്താകുന്നു ഇത്? ഇത് സ്വർഗ്ഗത്തിൽ എന്താണോ ആരംഭിച്ച്, നേരെ ആ വഴിക്ക് തന്നെ തിരികെ പോകുകയാണ്. ഇത് അന്ത്യകാല യുദ്ധത്തിലേക്ക് വന്നുകൊണ്ടിരിക്കുകയാണ്.

279 സ്വർഗ്ഗത്തിൽ ആദ്യമായി നടന്നത്, യുദ്ധമായിരുന്നു. ലൂസിഫറിനെ തൊഴിച്ചു പുറത്താക്കി ഭൂമിയിലേക്കിട്ടു. അങ്ങനെ അവൻ ഏദെൻ തോട്ടം അശുദ്ധമാക്കി; അപ്പോൾ മുതൽ അവൻ ഭൂമി മുഴുവൻ അശുദ്ധമാക്കി കൊണ്ടിരിക്കുകയായിരുന്നു. ഇപ്പോൾ, സ്വർഗ്ഗത്തിൽ ആ യുദ്ധം തുടങ്ങി, ആ യുദ്ധം ഭൂമിയിലേയ്ക്ക് വന്നുകൊണ്ടിരിക്കുന്നു. അത് ഈ ഭൂമിയിൽവച്ച് ഹർമ്മഗെദ്ദോൻ എന്ന് വിളിക്കപ്പെടുന്ന, ഒരു യുദ്ധമായി അന്ത്യകാലത്ത് അവസാനിക്കേണ്ടതാവശ്യമാകുന്നു. ഇപ്പോൾ ഇതിനെകുറിച്ച് ഏതൊരു വ്യക്തിക്കും അറിയാം. ആ യുദ്ധം വിശുദ്ധമായ സ്വർഗ്ഗത്തിൽ നിന്ന് ആരംഭിച്ചു, അങ്ങനെ അവർ അവനെ തൊഴിച്ചു പുറത്താക്കി. മീഖായേലും അവന്റെ ദൂതന്മാരും കൂടി അവനെ കീഴ്പ്പെടുത്തിയിട്ട്, തള്ളി പുറത്താക്കി. അങ്ങനെ അവർ ചെയ്തപ്പോൾ, അവൻ നേരെ ഏദെൻ തോട്ടത്തിൽ വന്ന് വീഴുകയും, അങ്ങനെ ഇവിടെനിന്നും ഈ യുദ്ധം ഇവിടെ തുടങ്ങുകയും ചെയ്തിരിക്കുന്നു. സന്ധിച്ചിട്ട്...

280 ദൈവം തന്റെ മക്കളെ തന്റെ വചനമായ കോട്ടക്കുള്ളിൽ മറച്ചിരുന്നു. ഹൗവ്വ അതിനുള്ളിൽ നിന്നും കഴുത്ത് പുറത്തേക്കിട്ടിട്ട് പറഞ്ഞു, "നീ പറയുന്നത് ഒരുപക്ഷേ ശരിയായിരിക്കാനിടയുണ്ട് എന്ന് ഞാൻ വിശ്വസിക്കുന്നു." അവിടെ നിന്ന് അത് തുടങ്ങി. അന്നു മുതൽ അത് എന്നേക്കുമായി തുടരുന്നു. അതിനുശേഷം ദൈവം ഇറങ്ങിവന്നു. ഇപ്പോൾ അവന് അത് ചെയ്യേണ്ടതുണ്ട്...താഴാൻ തയ്യാറുള്ളവരെ വീണ്ടെടുക്കുന്നതിനായി അവൻ ഇറങ്ങിവന്നു.

281 ഞാൻ പറഞ്ഞതു പോലെ, ദൈവം ഒരു ഉടമ്പടിക്കാരനാണ്. (contractor) അവൻ തന്റെ സാധനങ്ങൾ ഈ ഭൂമിയിൽ സ്വരൂപിച്ചിട്ട്, തന്റെ കെട്ടിടങ്ങൾ നിർമ്മിക്കുന്നു. ഇപ്പോൾ ഓർക്കുക, ഈ ഭൂമിയിൽ ഒരു വിത്തിന്റെ തരിപോലും ഉണ്ടാക്കുന്നതിനുമുമ്പ്, സൂര്യപ്രകാശം ഈ ഭൂമിയിൽ പതിക്കുന്നതിന് മുമ്പേ നിങ്ങളുടെ ശരീരം ഈ ഭൂമിയിൽ കിടന്നിരുന്നു, കാരണം നിങ്ങൾ ഭൂമിയിലെ പൊടിയാകുന്നു. കാണുന്നോ? നിങ്ങൾ ആകുന്നു. ദൈവം ഉടമ്പടിക്കാരനാകുന്നു.

282 ഇപ്പോൾ, അത് ചെയ്യുന്നതിനായാണ് അവൻ പോയത്, ആദാമിനെ സൃഷ്ടിച്ചതുപോലെ അവൻ താഴേക്കിറങ്ങിവന്ന്, കുറച്ച് കാൽഷ്യവും, പൊട്ടാസ്യവും പ്രപഞ്ച വെളിച്ചവും എടുത്ത് "വൂ!" എന്ന് ഊതിയിട്ട് പറയുകയാണ് "ഇതാ എന്റെ മറ്റൊരു മകൻ" മനസ്സിലായോ? അതിനുശേഷം അവൻ കുറച്ചുപേരെക്കൂടി അതുപോലെ കൊണ്ടുവന്നിട്ട് "വൂ!" എന്ന് ഊതിയിട്ട് "ഇതാ മറ്റൊരുവൻ" എന്ന പ്രകാരമായിരുന്നു.

283 എന്നാൽ ഹൗവ്വ എന്താണ് ചെയ്തത്? അവൾ ആ രീതിയെ നശിപ്പിച്ചു കളഞ്ഞു. അവൾ അത് ഒരു ലൈംഗിക പ്രക്രിയയിൽ കൂടെ ആക്കിതീർത്തു അപ്പോൾ, മരണം അതിന്മേൽ ആഞ്ഞടിച്ചു.

284 ഇപ്പോൾ ദൈവം ചെയ്യുന്നത് എന്താണ്? അവന് വളരെയധികം വിത്തുകൾ കാലാകാലങ്ങളായി മുൻനിയമിക്കപ്പെട്ട് കിടപ്പുണ്ടായിരുന്നു; വളരെയധികം മുൻനിയമിക്കപ്പെട്ടത്. പിന്നെ, അന്ത്യകാലത്ത്, വന്നിട്ട് "ഹൗവ്വേ, നീ മറ്റൊരു കുഞ്ഞിനെക്കൂടി ഉദരത്തിൽ വഹിക്കു" എന്ന് അവൻ പറയുകയില്ല. എന്നാൽ, ("വൂ") അവൻ വിളിക്കും, ഞാൻ ഉത്തരം നല്കും. അത്രമാത്രം. അതാകുന്നു ഇത്. അതാകുന്നു ആശയം, അങ്ങനെ അവസാനത്തോളം കടന്നുവന്ന് കഴിയുമ്പോൾ, അത് എല്ലാം അവസാനിച്ചിരിക്കും.

285 ഇപ്പോൾ, യുദ്ധം സ്വർഗ്ഗത്തിൽ നിന്ന് ആരംഭിച്ചു, അത് ഭൂമിയിൽ ഹർമ്മഗെദ്ദോൻ എന്ന യുദ്ധത്തിന്റെ രൂപത്തിൽ അവസാനിക്കും.

286 ഇപ്പോൾ ഇത് തുറക്കപ്പെടുന്നത് നമുക്ക് ശ്രദ്ധിച്ചു കാണാം. ഒരുപക്ഷേ നമുക്കതിപ്പോൾ ചുരുളഴിക്കാൻ കഴിയും. ഇപ്പോൾ തന്നെ അത് ചെയ്യാനായി ദൈവം നമ്മെ സഹായിച്ചേക്കാം. അത് ചുരുളഴിക്കുന്നത് ശ്രദ്ധിക്കുക.

287 ഈ നിഗൂഢാത്മകമായ കുതിര സവാരിക്കാരൻ, ഇപ്പോൾ എന്താണ് ചെയ്യുന്നതെന്ന് ശ്രദ്ധിക്കുക; "എതിരാളി" മാനസാന്തരപ്പെട്ട് രക്തത്തിന്റെ വചനമായ മൂലവചനത്തിലേക്ക് തിരികെപോകാൻ വിസമ്മതിച്ചുകളഞ്ഞു. വചനം ജഡവും രക്തവും ആയി തീർന്നു കഴിഞ്ഞു. കാണുന്നോ? അവൻ അതിലേക്ക് തിരികെ പോകാൻ വിസമ്മതിച്ചു. എതിർക്രിസ്തുവാകുന്നു! യഥാർത്ഥ വചനമണവാട്ടി...അവൻ ഈ യഥാർത്ഥ വചന മണവാട്ടിയോടു എതിർക്കുന്നവനാകുന്നു. അവന്റെ സ്വന്ത മണവാട്ടിയെ എടുക്കുന്നു! അവൻ ഈ യഥാർത്ഥ മണവാട്ടിയോടു എതിർക്കുകയും കൂടെ ചെയ്യുന്നു. വിശ്വാസപ്രമാണങ്ങളും മതസംഹിതകളും ഉൾക്കൊള്ളുന്ന ഒരു മതം എന്ന് വിളിക്കപ്പെടുന്ന രൂപത്തിലാക്കി, അവൻ തന്റെ മണവാട്ടിയെ, എടുത്ത്, അവൻ അവളെ

തന്റെ അടുക്കലേയ്ക്ക് കൊണ്ടുവരുന്നു. കാണുന്നോ? ഇപ്പോൾ, ഈ വിശുദ്ധമണവാട്ടിയെ കാണുന്നത്, അവൻ അവൾക്ക് എതിരാകുന്നു, എന്നാൽ അവൻ എതിർക്രിസ്തു, എന്നു വിളിക്കുന്ന, തന്റെ സ്വന്തമണവാട്ടിക്ക്, എതിർക്രിസ്തുവിന്റെ ഉപദേശങ്ങളാൽ, അത് ക്രിസ്തുവിന് എതിരായിട്ടുള്ളതാകുന്നു, അതിനു രൂപം കൊടുക്കുന്നു അവൻ എത്രമാത്രം കൗശലക്കാരനാണെന്നുള്ള കാര്യം നോക്കുന്നോ? സ്നേഹത്തിന്റെ ഐക്യത്തിനും, ദൈവീക നിയന്ത്രണത്തിനും, രക്തത്തിൽ കീഴിലുള്ള ആരാധനയ്ക്കും പകരം, അവന് ഒരു വിഭാഗീയ സഭയുണ്ടായിരിക്കുന്നു. വചനത്തിന് പകരം, മതതത്വസംഹിതകളെയും, മതവിശ്വാസ പ്രമാണങ്ങളെയും അതുപോലെയുള്ള കാര്യങ്ങളെയും അവൻ എടുത്തിരുന്നു.

288 ഇങ്ങനെ, പ്രൊട്ടെസ്റ്റാന്റുകൾ "അപ്പോസ്തലിക 'വിശ്വാസപ്രമാണം'" എന്നു പറയുന്നതുപോലെയാണ്. ബൈബിളിൽ അങ്ങനെ ഒരു വാക്ക് നിങ്ങൾ എനിക്ക് കണ്ടുപിടിച്ചു കാണിച്ചു തരുന്നതിനായി ഞാൻ ആഗ്രഹിക്കുന്നു. അപ്പോസ്തലന്മാർ എന്നല്ലാതെ, "അപ്പോസ്തലിക 'വിശ്വാസപ്രമാണം'" എന്ന് ബൈബിളിൽ ഇല്ല.

289 അധികനാളുകളായിട്ടില്ല, ഞാൻ ഇത് ഇവിടെവച്ചോ അതോ മറ്റെവിടെയോ വച്ച് പറഞ്ഞിട്ടുള്ളതാണ്. അപ്പോസ്തലന്മാർക്ക് ഒരു മതവിശ്വാസപ്രമാണം ഉണ്ടായിരുന്നെങ്കിൽ അത് പ്രവർത്തികൾ 2:38 ആകുന്നു. അവർക്ക് എപ്പോഴെങ്കിലും ഉണ്ടായിട്ടുള്ളതായി കൃത്യമായും എനിക്കറിയാവുന്നത് അതാകുന്നു. അതാണ് എല്ലാവരോടും ചെയ്യുന്നതായി അവർ ആഹ്വാനം ചെയ്തിട്ടുള്ളത്. ക്രിസ്ത്യാനികളെപ്പോലെ കണ്ടിരിക്കുന്ന ഒരു കൂട്ടം ആളുകളെ അവൻ കണ്ടുമുട്ടിയപ്പോൾ അവൻ അവരോട് ചോദിച്ചത് അത് തന്നെയാണ് "നിങ്ങൾ വിശ്വസിച്ചിട്ട് പരിശുദ്ധമാവിനെ പ്രാപിച്ചുവോ?"

അവർ പറഞ്ഞു, "പരിശുദ്ധാത്മാവ് ഉണ്ടെന്നുപോലും ഞങ്ങൾ കേട്ടിട്ടില്ല."

ചോദിച്ചു, "എന്നാൽ നിങ്ങൾ എങ്ങനെയാണ് സ്നാനമേറ്റത്?"

290 ഇപ്പോൾ, യേശുവിന്റെ നാമത്തിൽ സ്നാനപ്പെട്ടതു കൊണ്ടോ, അല്ലെങ്കിൽ ശരിയ്ക്കും പറഞ്ഞാൽ, കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ എന്ന് ആയതുകൊണ്ടോ, അതെല്ലാം ശരിതന്നെ, എന്നാൽ അത് അതിന്റെ എല്ലാമല്ല. ഇല്ല, ശ്രീമാൻ. അപ്രകാരം നിങ്ങൾക്ക് വേണമെങ്കിൽ അമ്പതു വട്ടം സ്നാനം ഏല്ക്കാം എന്നാൽ പരിശുദ്ധാമാവ് നിങ്ങളുടെ ഹൃദയത്തിൽ മാറ്റംവരുത്തുന്നത് വരെ അത് ഒരംശം പോലും നന്മ ചെയ്യുകയില്ല. അത് എല്ലാംകൂടി

ഒരുമിച്ച്ചേർന്ന് പോകേണ്ടതാകുന്നു. ശ്രദ്ധിക്കുക ഇത്—ഇതു ക്രിസ്തുവാകുന്നു.

291 എതിർക്രിസ്തു, യഥാർത്ഥ മണവാട്ടിയുടെ ഉപദേശത്തെ നിഷേധിച്ചു കളയുന്നു, ആ കാരണത്താൽ തനിക്ക് സ്വന്തമായി ഒരു മണവാട്ടിയെ, തന്റെ സ്വന്തമായ ഒരു മത വിശ്വാസ പ്രമാണത്തിന് കീഴിലായി നിർമ്മിച്ച് എടുക്കുന്നു. അവൻ തന്റെ സ്വന്ത മണവാട്ടിയെ ഉണ്ടാക്കി എടുത്ത് ഒരു മതസംഘടനയാകുന്നു! അവൾ മറ്റ് സഭാസംഘടനകൾക്ക് ജന്മം നൽകുന്നു, അത് ഈ വിശ്വാസ തിരുവെഴുത്തിൽ, അവൾ പുത്രിമാർക്ക് ജന്മം നൽകി എന്ന് ഉദ്ധരിക്കപ്പെട്ടിരുന്നു. അവളുടെ മാതാവിനെപ്പോലെ പ്രാകൃതമായും ലൗകീകമായും സഭാ സംഘടനയായിട്ട്; ആത്മീയ മണവാട്ടിയായ, വചനത്തെ എതിർക്കുന്നു.

292 അവർ സഭയിൽ ഉൾപ്പെട്ടവരല്ല എന്നവർ പറയുകയില്ല. നിങ്ങൾ ഒരു സഭാസംഘടനയിലെ വ്യക്തിയോട്, സംസാരിച്ചു നോക്കുക. "തീർച്ചയായും ഞാൻ സഭയിൽ അംഗമാകുന്നു." നിങ്ങൾ ഒരു ക്രിസ്ത്യാനിയാണോ? "ഞാൻ സഭയിൽ ഉൾപ്പെട്ടിരിക്കുന്നു!" അതിനു ഇതുമായിട്ട് യാതൊന്നും ചെയ്യാനില്ല! അവർ പറയും... നിങ്ങൾ ഒരു സഭയിൽ ഉൾപ്പട്ടിരിക്കണമെന്നില്ല...സഭ എന്നു നിങ്ങൾ വിളിക്കപ്പെടുന്ന എന്തെങ്കിലും ഒന്നിൽ അംഗമായിരിക്കാനിടയുണ്ട്. അത് ഒരു സഭയല്ല അവ ഒന്നും സഭകളല്ല. അത് ലോഡ്ജുകൾ എന്ന് പറയപ്പെടുന്ന താൽക്കാലിക വാസസ്ഥലവും അവിടെ ജനങ്ങൾ ഒരുമിച്ചുകൂടുകയും, അവിടെ "ഒരേ തരത്തിലെ പക്ഷികൾ," ഒരുമിച്ചു കൂടുന്നതുപോലെയാണ്.

293 എന്നാൽ നിങ്ങൾ ഒരേ ഒരു സഭയിലാകുന്നു, അത് ക്രിസ്തുവിന്റെ ആത്മീയ ശരീരമാകുന്നു, നിങ്ങൾ അതിൽ ചേരുകയല്ല, ജനിക്കുകയാണ് ചെയ്യുന്നത്.

294 അത് ഞാൻ എല്ലായ്പ്പോഴും പറയാറുള്ളതുപോലെ, ഞാൻ ബ്രൺഹാം കുടുംബത്തിൽ അമ്പത്തിമൂന്നു വർഷത്തോളമായിരിക്കുന്നു. ഞാൻ അതിൽ ജനിച്ചിരിക്കുന്നു. കാണുന്നോ?

295 ഇപ്പോൾ ശ്രദ്ധിക്കുക. ഇത് വളരെ മനോഹരമായി മാതൃകയാക്കിയിരിക്കുന്നു. എന്റെ പക്കൽ തിരുവെഴുത്ത് എഴുതി കൊണ്ടുവന്നിട്ടുണ്ട്. എന്നാൽ എനിക്ക് അത് എടുക്കുന്നതിനുള്ള സമയമില്ല; അത് ഏശാവിനെയും യാക്കോബിനെയും പോലെയാകുന്നു.

296 ഇപ്പോൾ, ഏശാവ് ഒരു മതഭക്തിയുള്ള മനുഷ്യനായിരുന്നു. അവൻ തന്നെ ഒരു അവിശ്വാസിയാണെന്നു ഒരിക്കലും അവകാശപ്പെട്ടിരുന്നില്ല. അവൻ യാക്കോബ് വിശ്വസിച്ചിരുന്ന അതേ ദൈവത്തെയും അവന്റെ പിതാവ് വിശ്വസിച്ചിരുന്ന അതേ ദൈവത്തെയും വിശ്വസിച്ചിരുന്നു. എന്നാൽ അവൻ ഒരു മനസ്സ് കട്ടിയില്ലാത്തവനായിരുന്നു, എന്റെ പദപ്രയോഗത്തോട് ക്ഷമിക്കണം അവൻ ഒരു ഗുണവുമില്ലാത്തവനായിരുന്നു. അവൻ—അവൻ സദാചാരപരമായി വളരെ മെച്ചമുള്ളവനായിരുന്നു, യഥാർത്ഥമായി പറഞ്ഞാൽ അവൻ യാക്കോബിനെക്കാളും വളരെ നല്ല സദാചാര പ്രവർത്തികളോട് കൂടിയ ഒരു മനുഷ്യനായിരുന്നു. എന്നാൽ, ഈ കാര്യത്തെക്കുറിച്ച്, "ഓ ആ ജേഷ്ഠാവാകാശവുമായിട്ട് എനിക്കു എന്തു ചെയ്യാനുണ്ട്?" എന്ന് അവൻ ചിന്തിച്ചില്ല. അങ്ങനെ ആ ജ്യേഷ്ഠാവകാശം അവൻ യാക്കോബിനു വിറ്റുകളഞ്ഞു. കാണുന്നോ?

297 എന്നാൽ യാക്കോബ്, അവന്റെ പക്കൽ ഏശാവിന്റെ പക്കലുണ്ടായിരുന്നപോലെ വലിയ കാര്യങ്ങൾ ഉണ്ടായിരുന്നില്ല. അവനുണ്ടായിരുന്ന പോലെ പാരമ്പര്യസ്വത്ത് അവനുണ്ടായിരുന്നില്ല. എന്നാൽ ഒരു കാര്യം യാക്കോബിന് ആവിശ്യമായിരുന്ന അത് ആ ജേഷ്ടാവകാശം ആയിരുന്നു. അത് എങ്ങനെ സ്വന്തമാക്കണമെന്നു ഇതിനെക്കുറിച്ച് അവൻ കാര്യമാക്കിയില്ല; അവൻ അത് സ്വന്തമാക്കാൻ പോകുകയായിരുന്നു. ദൈവത്തിന് അവനോട് ആദരവ് തോന്നിയിരുന്നു.

298 അതുപോലെ ഇന്ന്, ജഡികരായ, ശാരീരികമായ ലൗകീക മനസ്സുള്ള മനുഷ്യനും ആയിരിക്കുന്നു. "കൊള്ളാം ഞാൻ സംസ്ഥാന സഭയിലെ അംഗമാകുന്നു. ഞാൻ *ആ* സഭയിലെ അംഗമാകുന്നു. ഞാൻ *ആ* സഭയിലെ അംഗമാകുന്നു." അതിന് ഇതുമായിട്ട് ഒരു കാര്യം പോലുമില്ല, ഒറ്റ കാര്യവും ചെയ്യാനില്ല.

299 ശ്രദ്ധിക്കുക. അവരെ ഇപ്പോൾ അവന്റെ മിശ്രിത നിറങ്ങളോട് കൂടിയ കുതിരയോട് കൂടെ ഒരുമിച്ചുകൂട്ടുകയാണ്. അവൻ തന്റെ മിശ്രിതമായ നിറത്തിലെ കുതിരയാൽ അവൻ അവരെ ഒരുമിച്ചു കൂട്ടുന്നു, കാരണം അവന്റെ പക്കൽ രാഷ്ട്രീയ അധികാരമുണ്ടായിരുന്നു

300 അവന് അതുണ്ടെന്ന് നിങ്ങൾ വിശ്വസിക്കുന്നില്ലേ? ഇപ്പോൾ ഈ രാഷ്ട്രപതി എങ്ങനെയാണ് അധികാരത്തിൽ വന്നിരിക്കുന്നത്? ഈ അബദ്ധം എങ്ങനെയുണ്ടായി? ഊഹ്-ഹാ! അതെ മതസ്വാതന്ത്ര്യത്തിന് വേണ്ടി ഇവിടെ കടന്നുവരുകയും നിങ്ങൾ ഒരു കൂട്ടം ജനാധിപത്യവാദികൾ നിങ്ങളുടെ ജ്യേഷ്ഠാവകാശത്തെ രാഷ്ട്രീയത്തിനുവേണ്ടി വിറ്റുകളയുകയും ചെയ്തിരിക്കുന്നു! ജനാധിപത്യ

പാർട്ടി ശരിയാണെന്നു ഞാൻ പറയുന്നതല്ല, അവ രണ്ടും അഴുകി ദുഷിച്ചതാണ്. ഞാൻ ക്രിസ്തുമതത്തെക്കുറിച്ചാണ് പറയുന്നത്. എന്നാൽ നിങ്ങൾ നിങ്ങളുടെ ജ്യേഷ്ഠാവകാശത്തെ, ഡെമോക്രേറ്റിന്റെ സീറ്റിനു വേണ്ടിയോ, അതുപോലെയുള്ള ഒന്നിലേയ്ക്ക് കടക്കാനായി വിറ്റുകളഞ്ഞിരിക്കുന്നു. നിങ്ങൾ ലജ്ജിക്കേണ്ടിയിരിക്കുന്നു.

301 ഈ രാജ്യം യിസ്രായേൽ, രാജ്യത്തിന്റെ അതേ മാതൃകയിലുള്ള ഒരു രാജ്യമാണെന്ന് നിങ്ങൾ തിരിച്ചറിയുന്നില്ലേ? യിസ്രായേൽ എന്താണ് ചെയ്തത്? യിസ്രായേൽ ഒരു അപരിചിത ദേശത്തേക്ക് കടന്നുവന്നിട്ട് അവിടെയുള്ള ആദിവാസികളെ കൊന്ന് പുറത്താക്കിക്കളഞ്ഞിട്ട് ആ ദേശം കൈവശമാക്കിയെടുത്തു. അത് തന്നെയാണ് നാമും ചെയ്തത് അത് പുരാതന നിവാസികളായ ഇൻഡ്യക്കാരായിരുന്നു. അതാണ് നമ്മുടെ പുരാതന അധിവാസികളായ ഇൻഡ്യക്കാരായ സ്നേഹിതർ.

302 അതിനുശേഷം അവർ എന്താണ് ചെയ്തത്? യിസ്രായേലിന്റെ പക്കൽ കുറച്ച് മഹാന്മരായ മനുഷ്യനുണ്ടായിരുന്നു ആദ്യത്തെ കാര്യം നിങ്ങൾക്കറിയാമോ...അവർക്ക് ദാവീദുണ്ടായിരുന്നു, അവർക്ക് ശലോമോനുണ്ടായിരുന്നു. അവർക്ക് മഹാന്മാരായ മനുഷ്യനുണ്ടായിരുന്നു. അവസാനം അവർക്ക് അവിടെ ഈസബേൽ എന്നു പേരുള്ള ഒരു അവിശ്വാസിയെ വിവാഹം കഴിച്ച, ആഹാബ് എന്നൊരു വിശ്വാസ വഞ്ചകനെ കിട്ടി.

303 ശരി, അതേകാര്യം നാമും ചെയ്തിരിക്കുന്നു. നമുക്കും ഒരു വാഷിങ്ടണും ഒരു ലിങ്കനും ഉണ്ടായിരുന്നു, എന്നാൽ ഇന്ന് നമുക്ക് കിട്ടിയിരിക്കുന്നതെന്ന് നോക്കുക. അതിലെ മുഖ്യകാര്യം എന്നത്, അവൻ വിവാഹം കഴിച്ചിട്ട്, അച്ചാറിട്ട മാംസമായി, സമീപനം മാറ്റാത്ത ഈസേബെലിന്റെ കമ്പിളിക്കത്തായിരിക്കുന്നു. അവൻ ഒരുപക്ഷേ ഒരു നല്ല രീതിയിലുള്ള മനുഷ്യനായിരിക്കാനിടയുണ്ട്. എന്നാൽ അവളാണ് കച്ചവടങ്ങളെല്ലാം നടത്താൻ പോകുന്നത്. അങ്ങനെ ഇപ്പോൾ നിങ്ങൾ നോക്കുകയാണെങ്കിൽ, ആ മുഴുവൻ കുടുംബവും കടന്നുവരുന്നതു കാണാം.

304 ഏകദേശം മുപ്പത്തിയഞ്ചു വർഷങ്ങൾക്ക് മുമ്പ് പരിശുദ്ധാത്മാവ് എന്താണ് എന്നോട് പറഞ്ഞിരുന്നറിയാമോ? അവസാനത്തിന് മുമ്പ് സംഭവിക്കാൻ പോകുന്ന ഏഴ് കാര്യങ്ങളെക്കുറിച്ച് പഴയ സമയത്തുള്ളവരായ നിങ്ങൾക്ക് എല്ലാവർക്കും അത് അറിയാം. അങ്ങനെ ഇത് അവസാനത്തോതായി, അവസാനത്തിന് തൊട്ടു മുമ്പുള്ളത് ഇപ്പോൾ കടന്നുവന്നുകൊണ്ടിരിക്കുന്നു. മറ്റുള്ളതെല്ലാം കൃത്യമായും മാറ്റപ്പെടാതെ സംഭവിച്ചിട്ട് യുദ്ധങ്ങളും അതുപോലെയുള്ള

എല്ലാകാര്യങ്ങളും ആകുന്നു. കാണുന്നോ? അങ്ങനെ ഇപ്പോൾ, ഈ രാജ്യം, ഒരു സ്ത്രീ ഭരിക്കേണ്ടതിന്, ശരിയ്ക്കും അവൾ വന്നുകൊണ്ടിരിക്കുന്നു. ഈസേബെൽ! കാണുന്നോ?

305 എന്നാൽ, ഓർക്കുക, ഈസേബെലിന്റെ കാലത്ത്, ഒരുവൻ അവരുടെ നിറത്തെ യഥാർത്ഥത്തിൽ അവർക്ക് പറഞ്ഞു കൊടുത്തിരുന്നു. കാണുന്നോ?

306 അവരുടെ മിശ്രിത നിറമുള്ള കുതിരയിലേക്ക് അവരെ ഒരുമിച്ച് കൂട്ടുന്നു. കൂടാതെ, നോക്കൂ, അവൻ, മതവിശ്വാസപ്രമാണങ്ങളും, സഭാസംഘടനകളും, മനുഷ്യ-നിർമ്മിത ധർമ്മോപദേശങ്ങളും, അതുമായി ഈ കാര്യങ്ങളെ കൂട്ടിച്ചേർക്കുന്നു. അത് ശരിയല്ലേ? [പള്ളിയിൽ കൂടിയിരിക്കുന്നവർ പറയുന്നു, "ആമേൻ."—Ed.] തീർച്ചയായും, മരണത്തിന്റെ ഒരു മിശ്രിത നിറം, ലോകത്തിന്റെ തവിട്ടു കുതിര! ഇപ്പോൾ അത് ശരിയാണ്. മരണത്തിന്റെ മിശ്രിത നിറവും, തവിട്ടു കുതിരയുടെ ലൗകീക രൂപവും, ഓ, എന്റെ, വചനത്തിന്റെ യാതൊരു പരിശുദ്ധ രക്തവും ഇല്ല, ഒരിക്കലുമില്ല.

307 ശ്രദ്ധിക്കുക. നാലു മൂലയ്ക്ക് നിന്നും..."ഭൂമിയുടെ നാലു മൂലകളിൽ നിന്നും അവർ അവരെ ഒരുമിച്ചുകൂട്ടുന്നു; അവരെ ഹർമ്മഗദ്ദോനിലേക്ക് ഒരുമിച്ചുകൂട്ടുന്നു," എന്ന് ബൈബിൾ പറയുന്നു. ഞാൻ തിരുവെഴുത്തുകളെ ഓർക്കാൻ ശ്രമിക്കുകയാണ്, എനിക്ക് അവയെ കിട്ടിയപ്പോൾ അതിവിടെ കുറിച്ചെടുത്തുകൊണ്ട് വന്നിട്ടുണ്ട്. ഞാൻ അതിപ്പോൾ വായിക്കുന്നില്ല; എന്നാൽ അത് എഴുതിയിരിക്കുന്നത് എവിടെയാണെന്നും, അത് എന്താണെന്നും നോക്കുക. "സർവ്വശക്തനായ ദൈവത്തിന്റെ മഹാദിവസത്തിലെ യുദ്ധത്തിന് കൂട്ടിചേർക്കും." ശ്രദ്ധിക്കുക. ഇപ്പോൾ, ഈ മിശ്രിത നിറത്തോട് കൂടിയ, ലൗകികമായ തവിട്ടു, നിറമുള്ള രോഗം ബാധിച്ച കുതിരയെപ്പറ്റി ഒന്ന് ചിന്തിച്ചുനോക്കുക; അതൊരു മോശമായ കാര്യമാണെന്ന് നിങ്ങൾക്കറിയാം. ഇപ്പോൾ അവൻ എവിടെയാണ് അവരെ ഒരുമിച്ച് കൂട്ടുന്നത്, ശ്രദ്ധിക്കുക. "ഭൂമിയുടെ നാലു മൂലകളിൽ നിന്നും ആകുന്നു." വലിയ ശക്തി പ്രകടനത്തിനായി അവർ ഇപ്പോൾ ഒരുമിച്ചുകൂടുകയാണ്. തിരുവെഴുത്ത് പ്രകാരം ഈ വലിയ ശക്തിപ്രകടനം "ഹർമ്മഗദ്ദോൻ" എന്ന സ്ഥലത്തുവച്ചായിരിക്കും. കാണുന്നോ?

308 തവിട്ടു കുതിരയുടെ മേൽ, "മരണം" എന്ന പേര് തന്റെമേൽ വഹിച്ചുകൊണ്ട്, സവാരി ചെയ്യുന്നവൻ "മരണം" എതിർക്രിസ്തുവാകുന്നു! ശ്രദ്ധിക്കൂ. എതിർക്രിസ്തു, ആദ്യത്തെ സഭാസംഘടനയാകുന്നു (അത് തർക്കമില്ലാത്ത കാര്യമാകുന്നു);

വചനത്തിന്റെ ഒരു വ്യഭിചാരിണി അവന്റെ ഈസേബെലും; അവളുടെ പുത്രിമാരായ, അവളുടെ, പ്രൊട്ടാസ്റ്റാന്റുകളും; ഒരുമിച്ച് കൂടി ഇപ്പോൾ ഐക്യത്തിലേക്ക് വന്നുകൊണ്ടിരിക്കുന്നു!

309 കഴിഞ്ഞദിവസം ഇവിടെവച്ച് ബാപ്റ്റിസ്റ്റുകാരായ ജനങ്ങൾ സംസാരിച്ചിരുന്നത് നിങ്ങൾ കേട്ടിരുന്നില്ലേ? നിങ്ങൾക്കറിയില്ലേ? ഏ? "ഓ, ഞങ്ങൾ അവരുമായി ഒത്തുചേരുകയില്ല. അവരുമായി സൗഹൃദവും, ഒരുവിധത്തിലുള്ള ഒരു മനസ്സിലാക്കലുമായിരിക്കും. ഞങ്ങൾക്ക് അവരുടെ സഭയിൽ ചേരേണ്ട ആവശ്യമില്ല. എന്നാൽ..." അവിടെയാണ് നിങ്ങൾ തിരുവെഴുത്ത് പറഞ്ഞിരിക്കുന്ന പ്രകാരം ശരിക്കും കൃത്യമായും നിങ്ങൾ അവിടെയായിരിക്കുന്നു. കാണുന്നോ? കാണുന്നോ? ആദ്യ സ്ഥാനത്തെ, ആ പഴയ വേശ്യതന്നെ.

310 ഇപ്പോൾ ഇവിടെ അവർ, തമ്മിൽ ഒത്തൊരുമിച്ച് ചേർന്നുകൊണ്ട്, ഒരു മിശ്രിത നിറത്തോടു കൂടിയ, കുതിരപ്പുറത്ത് സവാരിചെയ്ത ആ വലിയ ശക്തി പ്രകടനത്തിനായി ഹർമ്മദ്ദോനിലേക്ക്, വരുകയാണ്; അതിൽ ഒരു വെള്ള കുതിരയും, ഒരു ചുവന്ന കുതിരയും, ഒരു കറുത്ത കുതിരയും ഉണ്ട്. മൂന്ന് വ്യത്യസ്തമായ കാര്യങ്ങളായിട്ട്; രാഷ്ട്രീയ—രാഷ്ട്രീയ ശക്തി, പൈശാചികമായി നിയന്ത്രിക്കപ്പെടുന്ന ആത്മീയ ശക്തി, അത് എതിർക്രിസ്തുവാകുന്നു. ഇവയെല്ലാം കൂടി ഒരുമിച്ച് കൂട്ടിച്ചേർത്ത് നിങ്ങൾക്കൊരു വ്യാധി പിടിച്ച തവിട്ടു നിറമുള്ള കാര്യത്തിന്മേൽ അവൻ സവാരി ചെയ്യുകയാണ്. ശരിയാണ്. ഇപ്പോൾ ശ്രദ്ധിക്കുക. അവൻ എന്തിന്മേലാണ് യാത്രചെയ്യുന്നത്, ഈ തവിട്ടുനിറത്തോടുകൂടിയ, ദുഃർമുഖം കാട്ടുന്ന നിറത്തോടു കൂടിയ, കറുപ്പും ചുവപ്പും വെള്ളയും കൂടിക്കലർന്ന ഈ കുതിരയുടെ മേൽ ആകാശത്തിൻ കീഴിലുള്ള എല്ലാ രാജ്യങ്ങളിൽ നിന്നും തന്റെ പ്രജകളെ ഒരുമിച്ചുകൂട്ടിക്കൊണ്ട് യുദ്ധത്തിനുവേണ്ടി വരുന്നു! ദാനീയേൽ തന്റെ സ്വപ്നം വ്യാഖ്യാനിച്ചുകൊണ്ട്, റോമിന്റെ ആ ഇരുമ്പ് ലോഹം സകല രാജത്വങ്ങളുടെ മേലും വ്യാപരിക്കുന്നത് കണ്ടതായി പറഞ്ഞിരുന്നില്ലേ? ഇവിടെ ഇതാ അവർ ഒരുമിച്ചുകൂടി വരുന്നു.

ഇപ്പോൾ ഒരു നിമിഷത്തേക്ക് ഇത് അവസാനിപ്പിക്കുന്നതുവരെ സ്വസ്ഥമായിരുന്നു ശ്രദ്ധിച്ചു കേൾക്കുക.

311 ഇത് ചെയ്യുന്നതിനു വേണ്ടി അവർ ഇപ്പോൾ ഒത്തൊരുമിച്ചു കൂടുകയാണ്. ഭൂമിയുടെ നാലു മൂലകളിൽ നിന്നും, അവന്റെ പ്രജകളെ കൊണ്ടുവരുകയും; ഒരുവ്യാധി പിടിച്ച മൂന്ന് നിറമുള്ള മിശ്രിത നിറത്തോടുകൂടിയ ഒരു തവിട്ടു കുതിരയുടെ മേൽ സവാരി ചെയ്യുന്നു. അതേ വ്യക്തിതന്നെയാകുന്നു!

312 ഇപ്പോൾ, വെളിപ്പാടിന്റെ 19-ൽ അവൻ തയ്യാറാക്കുക മാത്രമല്ല; എന്നാൽ ക്രിസ്തുവും അവനെ എതിരിടാനായി തയ്യാറായിക്കൊണ്ടിരിക്കുന്നു. ആ യുദ്ധം വളരെ തീവ്രവും ഭയങ്കരവുമായിരിക്കാൻ പോകുന്നു. ക്രിസ്തു വെളിപ്പാടിന്റെ 19-ൽ ആകുന്നു. ക്രിസ്തു തന്റേതിനെ ഒരുമിച്ച് കൂട്ടുന്നത് ഭൂമിയുടെ നാലു മൂലക്ക് നിന്നുമല്ല, കാരണം, അവിടെ ഒരു ചെറിയകൂട്ടം ശേഷിപ്പ് മാത്രമെ ഉണ്ടായിരിക്കുകയുള്ളു. അവൻ എന്താണ് ചെയ്യുന്നത്? അവൻ അവരെ കൂട്ടുന്നത് സ്വർഗ്ഗത്തിന്റെ നാലു കോണുകളിൽ നിന്നുമാകുന്നു. നമുക്ക് അവരെ കിട്ടും, "ബലിപീഠത്തിന്റെ കീഴിലെ ആത്മാക്കൾ" എന്നായി നാളെ കിട്ടും, അത് ശരിയാണോ തെറ്റാണോ എന്നു നിങ്ങൾ തന്നെ കാണും. ഒരു വെള്ള കുതിരമേൽ; സ്വർഗ്ഗത്തിന്റെ നാലു മൂലയ്ക്കു നിന്നും!

313 അവനും ഒരു പേരുണ്ട്, മരണം എന്നല്ല, എന്നാൽ "ദൈവവചനം," ജീവൻ എന്നാകുന്നു. ആമേൻ. അവന്റെ തുടമേൽ എഴുതിയിരിക്കുന്നു. "ദൈവ വചനം." അതാണ് ഒരേ ഒരു ജീവൻ, എന്തുകൊണ്ടാണെന്നാൽ നിത്യജീവന്റെ ഉറവിടമായി ദൈവം മാത്രമെയുള്ളു. സോയീ, അതു ശരിയല്ലേ? [പള്ളിയിൽ കൂടിയിരിക്കുന്നവർ പറയുന്നു, "ആമേൻ."—Ed.]

314 അങ്ങനെ അവൻ "ജീവൻ" എന്നെഴുതിയ ഒരു വെള്ളക്കുതിരയുടെ മേൽ സവാരി ചെയ്യുന്നു; ഇവിടെ ഇതാ ഒരു മനുഷ്യൻ "മരണം" എന്ന് വിളിക്കപ്പെടുന്ന മൂന്ന് വ്യത്യസ്തമായ അധികാരങ്ങൾ തമ്മിൽ കലർത്തി അവന്റെ ഭൂമിയിലെ പ്രതിനിധികളെ കൂട്ടിച്ചേർത്തുകൊണ്ടിരിക്കുന്നു; ക്രിസ്തു തന്റെ സ്വർഗ്ഗീയ ജന്മത്തോട് കൂടിയ തന്റെ പ്രജകളായ വിശുദ്ധന്മാരെ ഒരുമിച്ചുകൂട്ടുന്നു. അവന്റെ മേൽ "മരണം," എന്നെഴുതിയിരിക്കുന്നു. ക്രിസ്തുവിന്റെ മേൽ "ജീവൻ," എന്ന് എഴുതിയിരിക്കുന്നു

315 അവനോടൊപ്പം സവാരി ചെയ്യുന്നവരും വെള്ള കുതിരകളുടെ മേലാകുന്നു അവരെ "ലോകസ്ഥാപനത്തിന് മുമ്പെ തിരഞ്ഞെടുക്കപ്പെട്ടവർ" എന്ന് വിളിക്കുന്നു. ആമേൻ! അവർ വചനത്തോട് വിശ്വസ്തരാകുന്നു. ആമേൻ! വൂ! ഞാൻ അതിനെ ഇഷ്ടപ്പെടുന്നു. "ലോകസ്ഥാപനത്തിന് മുമ്പെ തിരഞ്ഞെടുക്കപ്പെട്ടവർ." അതിനുശേഷം അവരുടെ തിരഞ്ഞെടുപ്പിനാൽ, അവർ വചനത്തോട് വിശ്വസ്തരും, അവർ എല്ലാം എണ്ണയാലും പുതുവീഞ്ഞിനാലും ഉത്തേജിക്കപ്പെട്ടവരായിട്ട്, അവനെ എതിരിടുന്നതിനായി അവനോടൊപ്പം സവാരിചെയ്തു വരുന്നു. വളരെ വേഗത്തിൽ തന്നെ

ഇടിനാദം നമുക്കു വേണ്ടി ആ വിവാദ വിഷയത്തെ തരും എന്ന് അവർ അറിയുന്നു.

316 ശ്രദ്ധിക്കുക. അവൻ എപ്രകാരമാണ് ഇത് ചെയ്യുന്നത്? അങ്ങനെ, അവൻ വചനവും അവന്റെ പേരും വചനം ആണെങ്കിൽ പിന്നെ വചനം ജീവനാകുന്നു. എതിർക്രിസ്തു; എതിരായിട്ടുള്ളത് എന്തും "വിരോധമായിട്ടുള്ളതാകുന്നു." അതുകൊണ്ട് *എതിരായിട്ടുള്ളത്* ക്രിസ്തുവിന് എതിരാകുന്നു, അതിനാൽ വചനത്തിന് എതിരാകുന്നു. അതുകൊണ്ട് അത് ഒരു മതസംഹിതയോ, അല്ലെങ്കിൽ ഒരു വിഭാഗീയ സഭയോ ആയിട്ട്, അത് വചനത്തിന് എതിരായിരിക്കുന്നു.

317 ഈ കാര്യം നിങ്ങൾക്ക് എങ്ങനെ കാണാൻ കഴിയാതെ പോകുന്നു എന്ന് എനിക്ക് മനസ്സിലാകുന്നില്ല. നിങ്ങൾ—നിങ്ങൾ ഇത് മനസ്സിലാക്കുന്നെങ്കിൽ നിങ്ങൾക്കിതെങ്ങനെ കാണാതിരിക്കാൻ കഴിയും? അത് എങ്ങനെയെന്ന് കാണാൻ പോകുന്നതെന്ന് എനിക്കറിയില്ല.

318 അത് സത്യമാകുന്നു. *എതിർ* എന്നുവച്ചാൽ "വിരോധമാകുന്നു." അത് ശരിയല്ലേ? "എടുത്തുമാറ്റുക" അതാണ് അവൻ ആയിരിക്കുന്നത്. അവൻ തന്റെ കൂട്ടികലർത്തിയ കുതിരമേൽ സവാരിചെയ്യുന്നു. നാം ഇത് ഇവിടെ ദൈവത്തിന്റെ വചനത്തിൽ തന്നെ കണ്ടിരിക്കുന്നു.

319 നാം ഇതവിടെ ഏഴ് സഭാകാലഘട്ടങ്ങളിൽ തന്നെ കണ്ടിരുന്നു. ഇവിടെ ഇതാ അവൻ നേരെ തിരികെ മുദ്രകളിൽ, സഭാകാലങ്ങളിലൂടെ നടന്നതെല്ലാം തുറന്ന് കാണിക്കുന്നു.

320 *എതിർ* എന്നാൽ വചനത്തിന് "എതിർ" എന്നാകുന്നു. നോക്കു എന്തുകൊണ്ടാണ്, നാം മതതത്വസംഹിതകളോട്ടും, വിഭാഗീയസഭകളോട്ടും അത്രമാത്രം എതിരായിരിക്കുന്നത്? കാരണം അവയെല്ലാം വചനത്തിന് വിപരീതമാകുന്നു. കാണുന്നോ?

321 ഇവിടെ നാം ജീവനും മരണവും അവസാന പോരാട്ടത്തിനായി വരുന്നത് നാം കാണുന്നു. യഥാർത്ഥ ജീവന്റെ, വെള്ളക്കുതിരയും; മിശ്രിത മതപ്രമാണങ്ങളുടെ, തവിട്ടുക്കുതിരയും. ആ കാര്യം അതിന്റെ യഥാർത്ഥ പ്രകടനത്തിനായി വരുന്നത് അവർ കാണുന്നു.

322 ഇപ്പോൾ ഞാൻ ഇവിടെ ചിലതു പറയാൻ ആഗ്രഹിക്കുന്നു. നിങ്ങൾ ഒരുപക്ഷേ ഇത് വിശ്വസിച്ചേക്കില്ല. എന്നാൽ തീർച്ചയാക്കുന്നതിനു വേണ്ടി ഞാൻ അത് പരിശോധിച്ചു നോക്കി. മൂല നിറമായിട്ട് ഒരേ ഒരു നിറമെയുള്ളു, അത് വെള്ളയാകുന്നു. എത്രപേർക്ക് അതറിയാം? ഒരേ ഒരു മൂലനിറം മാത്രമെയുള്ളു. അതല്ലാതെയുള്ളതെല്ലാം മിശ്രിതമാണ്.

323 ക്രിസ്തു ആരംഭം മുതലെ ഒരു ശുവെള്ള നിറമുള്ള, കലർപ്പില്ലാത്ത വചനത്തിന്മേൽ, ആയിരുന്നു. ആമേൻ! ആമേൻ! ഏതെങ്കിലും ഒരു രസതന്ത്രം വേർപ്പിരിച്ചിരുന്നില്ലെങ്കിൽ എല്ലാം നിറങ്ങളും വെള്ള ആയിരിക്കുമായിരുന്നു. ആമേൻ! സ്തുതിയായിരിക്കട്ടെ! ഓരോ സഭയും, ദൈവത്തിന്റെ വചനമായ അപ്പോസ്തലന്മാരുടെ ഉപദേശത്തിൽ തന്നെ നിലനിന്ന്, മതപ്രമാണങ്ങളും, വിഭാഗീയ സംഘടകളും അവർ അതിലേക്ക് മിശ്രിതമാക്കാതിരിക്കുകയും ചെയ്തിരുന്നെങ്കിൽ, ദൈവം അതിനെ തീർച്ചപ്പെടുത്തുമായിരുന്നു. അവിടെയാണ് നിങ്ങൾ

ഓ, സഹോദരൻ ഈവാൻസ്, എനിക്കിപ്പോൾ നന്നായി തോന്നുന്നു! അതേ ശ്രീമാൻ , അതേ, ശ്രീമാൻ.

324 ഒരേ ഒരു മൂല നിറമേയുള്ളു, അത് വെള്ളയാകുന്നു. അത് സഭാസംഘടനകളായും മതവിശ്വാസ പ്രമാണങ്ങളോട്ടുകൂടെ ഒരിക്കലും കൂടിചേരുന്നില്ല. ഇല്ല ശ്രീമാൻ.

325 കൂടാതെ ഓർമ്മിക്കുക, അവന്റെ വിശുദ്ധമാരും, സഭാസംഘടനയിലോ മതവിശ്വാസപ്രമാണങ്ങളിലോ ഒരിക്കലും കൂടിക്കലരാതെ, വെള്ള അങ്കിയാണ് അണിഞ്ഞിരുന്നത്. ഇപ്പോൾ, വിഭാഗീയസഭകളുടെ മതവിശ്വാസപ്രമാണങ്ങളിലാണ്, ഇവിടെ നിങ്ങൾക്ക് മിശ്രിത നിറം കിട്ടുന്നതെന്ന് നാം കണ്ടുപിടിച്ചിരിക്കുന്നു. എന്നാൽ ഇതാണ് അവൻ സവാരി ചെയ്തിരുന്ന യഥാർത്ഥ നിറം. ഈ യഥാർത്ഥ നിറം അവന്റെ ജനങ്ങളുടെ മേലും ആകുന്നു. അവരെ രക്തത്തിൽ മുക്കി, അത് ആ വസ്തുത്തെ ശുദ്ധീകരിച്ച്, നേരെ തിരികെ മടക്കി അയച്ചതാകുന്നു. കാണുന്നോ? അത് ശരിയാണ്.

ആ മിശ്രിതമായത്, തവിട്ടു നിറമായി തീർന്നത് മരണത്തിലേക്ക് പോകുന്നു.

326 വെള്ളയോട് മറ്റ് നിറങ്ങൾ കലർത്തുന്നത്, അതൊരു വൈകൃതമാക്കൽ, അതൊരു വൈകൃതമാക്കലാകുന്നു, അത് ശരിയല്ലേ? യഥാർത്ഥമായ നിറം, ഏകമാത്രമായ നിറം, വെള്ളയാണെങ്കിൽ, നിങ്ങൾ അതിനോട് എന്തെങ്കിലും കൂട്ടിക്കലർത്തുന്നത്, അതിന്റെ യഥാർത്ഥ ഉദ്ദേശത്തെ, വൈകൃതമാക്കുന്നതാകുന്നു. ആമേൻ. അതു ശരിയല്ലേ?

327 അവൻ, വെള്ള കുതിരയും, അവൻ വചനവുമാണെങ്കിൽ; പിന്നെ അതിനോട് എന്തെങ്കിലും കൂട്ടിച്ചേർക്കുന്നത്, ഏതെങ്കിലും തരത്തിലുള്ള ഒരു മതവിശ്വാസപ്രമാണം, അതിനോട് ഒരു വാക്ക് കൂട്ടുകയോ, അതിൽനിന്ന് ഒരു വാക്ക് എടുത്തുമാറ്റുകയോ ചെയ്യുന്നത്,

ആ മുഴുവൻ കാര്യത്തെയും വൈകൃതമാക്കുന്നതാണ്. ഓ, എന്റെ! വചനത്തോടൊപ്പം എന്നെ കാത്തുകൊള്ളണമെ, കർത്താവെ!

328 സത്യവും തെറ്റും! ഓ എന്റെ! എത്ര നന്നായി കണ്ടാലും കാര്യമല്ല... സത്യവും തെറ്റും തമ്മിൽ ഒരിക്കലും മിശ്രിതമാവുകയില്ല. അത് തമ്മിൽ കൂടിച്ചേർക്കാൻ കഴിയുകയില്ല. അത് ഒന്നുകിൽ കർത്താവ് ഇപ്രകാരം അരുളിചെയ്ത വചനമായിരിക്കണം അല്ലെങ്കിൽ അത് തെറ്റായിരിക്കണം. അത് ഏത് വിശുദ്ധ പിതാവ് പറഞ്ഞതായും, വിശുദ്ധ ബോണിഫറോ, അല്ലെങ്കിൽ കാന്റർബറിയെലെ ആർച്ച് ബിഷപ്പോ, ആര് പറഞ്ഞതായാലും ഞാൻ കാര്യമാക്കുന്നില്ല. അത് വചനത്തിന് വിപരീതമാണെങ്കിൽ അതൊരു വൈകൃതമാണ്. അത് ഇടകലരുകയില്ല. ചോദിക്കും, "ഈ വ്യക്തിയാണ് അത് ചെയ്തത്..." അവൻ എന്തു ചെയ്തെന്നു ഞാൻ കാര്യമാക്കിന്നില്ല, അവൻ എത്ര പവിത്രനോ, അതു എന്തു തന്നെ ആയാലും ശരി. *ഈ* ഒരേ ഒരു നേരിട്ടുള്ള സത്യമേ നമുക്കുള്ളൂ. ഒരു മതപ്രമാണത്തിലും, ഒരു പള്ളിയിലും, അത് *ഇതിൽ* നിന്നും പുറത്താണെങ്കിൽ യാതൊരു സത്യവുമില്ല.

329 അത് കിട്ടിയിട്ടുള്ള ഒന്നെങ്കിലും എനിക്ക് കാണിച്ചുതരിക. നിങ്ങൾ എന്നോട് പറയുക മാത്രം ചെയ്യുക. വേദപുസ്തകത്തിന്റെ ഒരു താൾ മറിച്ചിട്ട് ഞാൻ ചിലകാര്യങ്ങൾ നിങ്ങൾക്ക് കാണിച്ചുതരാം. കാണുന്നോ? ഒന്ന് മാത്രം പറയുക. "പെന്തകോസ്തുകാർ," എന്ന് നിങ്ങൾ പറഞ്ഞേക്കാം. ഓ, എന്റെ! ഇവിടെയുള്ള ആരിൽ നിന്നോ ആ വിചാരം ഞാൻ ഇപ്പോൾ പിടിച്ചതാണ്. ആ കാരണത്താലാണ് ഞാൻ അത് പറഞ്ഞത്. അതിപ്പോൾ തന്നെ ഒറ്റയ്ക്ക് വിട്ടുകളയുന്നതാണ് നല്ലത്. കാരണം അത് അവിടെ തന്നെ ഒരു വൃത്തത്തിന്റെ സ്ഥാനത്തെ തുടങ്ങിയിരിക്കുന്നത് ഞാൻ കാണുന്നു. ഞാൻ നിങ്ങളെ വേദനിപ്പിക്കാൻ ആഗ്രഹിക്കുന്നില്ല. എന്നാൽ അതിനെക്കുറിച്ച് നിങ്ങൾ എന്താണ് ചിന്തിക്കുന്നതെന്ന് എനിക്കറിയാം, എന്ന് നിങ്ങൾ അറിയുവാൻ മാത്രം ഞാൻ ആഗ്രഹിക്കുന്നു. കാണുന്നോ?

330 ആ കൂടികലർന്ന മിശ്രിതമായ, (എതിരായി) തിരിഞ്ഞ് മരണത്തിലേയ്ക്ക് പോയി. യാഥാർത്ഥ്യത്തോട് നിങ്ങൾ എന്തെങ്കിലും, കൂട്ടികലർത്തുമ്പോൾ, അവ മരണത്തിന്റെ നിറമായി മാറുന്നു.

331 ഇത് ക്രിസ്തു കടുകുമണിയെക്കുറിച്ച് പറഞ്ഞതു പോലെയാകുന്നു. അത് വിത്തുകളിൽ ഏറ്റവും ചെറുതാണെങ്കിലും, മറ്റ് യാതൊന്നുമായി അത് കൂടിച്ചേരുന്നില്ല. കടുകുമണി കൂടിക്കലരുകയില്ല. അവൻ യഥാർത്ഥ കടുകാകുന്നു. അതുകൊണ്ട് നിങ്ങളുടെ പക്ഷം അത്രയും വിശ്വാസം ഉണ്ടെങ്കിൽ, അതുതന്നെ മുറുകെ പിടിച്ചുകൊള്ളുക.

332 ശ്രദ്ധിക്കുക. വെള്ളക്കുതിരമേൽ സവാരി ചെയ്തിരുന്നവനെ, അവൻ വചനമായിരുന്നു, ജീവൻ പിൻതുടരുന്നു. അവനോട് കൂടെയുള്ള ഉയിർത്തെഴുന്നേല്ക്കപ്പെട്ട വിശുദ്ധന്മാരാൽ ജീവൻ സമർത്ഥിക്കപ്പെട്ടു കാണിക്കുന്നു. ഇപ്പോൾ യുദ്ധം എങ്ങനെയാണ് നടക്കാൻ പോകുന്നത്?

333 യേശു പറഞ്ഞു, "എന്നിൽ വിശ്വസിക്കുന്നവൻ, മരിച്ചാലും ജീവിക്കും," അവൻ പറഞ്ഞു, "ജീവിച്ചിരുന്ന് എന്നിൽ വിശ്വസിക്കുന്ന ഏവനും മരിച്ചാലും ജീവിക്കും. ജീവിച്ചിരുന്ന് എന്നിൽ വിശ്വസിക്കുന്നവൻ ആരും ഒരുനാളും മരിക്കുകയില്ല." വീണ്ടും, അവൻ പറഞ്ഞു, "എന്നിൽ വിശ്വസിക്കുന്നവൻ...അവൻ അവന് നിത്യജീവൻ നല്കുകയും, അന്ത്യ നാളിൽ അവനെ ഉയിർപ്പിക്കുകയും ചെയ്യും." ഇത് അവന്റെ വാഗ്ദത്തം ചെയ്യപ്പെട്ട തിരുവെഴുത്താകുന്നു.

334 ഇവിടെ ഇതാ സാത്താൻ, ഭൂമിയുടെ നാലു കോണുകളിൽ നിന്നും, തന്റെ പ്രൊട്ടസ്റ്റാന്റുകാരെയും തന്റെ—അവന്റെ കത്തോലിക്കക്കാരെയും, മറ്റുള്ള എല്ലാവരെയും ഒത്തൊരുമിച്ചുകൊണ്ട് നേരെ ഹർമ്മഗദ്ദോൻ യുദ്ധത്തിനായി അണിനിരന്നുകൊണ്ട് വരുന്നു. ശരി.

335 ഇവിടെ ഇതാ യേശുവും, സ്വർഗ്ഗത്തിൽനിന്ന്, തന്റെ ഉയിർത്തെഴുന്നേറ്റ വിശുദ്ധന്മാരോട്കൂടി സമർത്ഥിക്കപ്പെട്ട വചനവുമായി താഴേക്കുവരുന്നു.

336 ഞാൻ പറഞ്ഞു, ദൈവം സംസാരിക്കുകയോ നിങ്ങളെ അയയ്ക്കുകയോ ചെയ്യുകയാണെങ്കിൽ, അവന്റെ...അവൻ—അവൻ നിങ്ങൾ പറയുന്നതിനെ പിന്താങ്ങും. മനസ്സിലായോ? ശ്രദ്ധിക്കുക, നിങ്ങൾ സ്വർഗ്ഗത്തിൽ നിന്നുള്ള ഒരു അംബാസിഡറാണെങ്കിൽ, സ്വർഗ്ഗം മുഴുവൻ നിങ്ങളുടെ പിന്നാലെയുണ്ടാകും. സ്വർഗ്ഗം വചനത്താൽ ഉൾക്കൊണ്ടിരിക്കുന്നു. ഊഹാ-ഹാ

337 ഇപ്പോൾ, ശ്രദ്ധിക്കുക, അവൻ ഉയിർത്തെഴുന്നേറ്റ വിശുദ്ധന്മാരുമായി വന്നിട്ട്, തന്റെ വചനം സത്യമാണെന്ന് സമർത്ഥീകരിച്ചു കാണിക്കുന്നു.

338 അങ്ങനെ, അപ്പോൾ സാത്താന് അഗാധകൂപം അവനായി തയ്യാറാക്കിയിരിക്കുന്നു. എന്നറിയുന്നു. കാണുന്നോ? ഓ, എന്റെ! മരണം തവിട്ടുക്കുതിരയെ ഓടിച്ചു പോകുമ്പോൾ, മിശ്രിതമതപ്രമാണങ്ങളും, സഭാസംഘടനകളും, അവനെ പിൻതുടർന്നുകൊണ്ടിരിക്കുന്നു, ഓ, എന്റെ അത് ദൈവത്തിൽ നിന്നും ഒരു നിത്യമായ വേർപെടുത്തലായിരുന്നു. അവിടേക്കാണ്,

അത് നിത്യമായ വേർപെടുത്തലിലേയ്ക്കായിരുന്നു, അവൻ അവരെ ഓടിച്ചുകൊണ്ടുപോയത്.

ക്രിസ്തു തന്റെ സഭയെ നേരെ പുനഃരുത്ഥാനത്തിലേക്കും മഹത്വത്തിലേക്കും ഓടിച്ചുകൊണ്ടുപോകുന്നു.

339 എട്ടാം വാക്യം ഇപ്പോൾ ശ്രദ്ധിക്കുക. നാം ഇത് അവസാനിപ്പിച്ച് കൊണ്ടിരിക്കുമ്പോൾ 8-ാം വാക്യത്തിന്റെ അവസാന ഭാഗം ശ്രദ്ധിക്കുക.

*...അവർക്ക് അധികാരം ലഭിച്ചു...*

340 "അവർ," ആരാണ്? കാണുന്നോ? ശരി, എതിർക്രിസ്തുവിനെ "മരണം," എന്ന് വിളിക്കുന്നു. "പാതാളം അവനെ പിൻതുടർന്നു." അവന്റെ നാലിന പദ്ധതി ശ്രദ്ധിക്കുക.

341 എതിർക്രിസ്തു, വെള്ളക്കുതിരമേൽ; എതിർക്രിസ്തുവായി, ആത്മാവിനാൽ കൊല്ലുന്നു, ആത്മീയ കൊലയാകുന്നു.

342 സംഖ്യ രണ്ട്, ചുവപ്പു കുതിര; വാളിനാൽ കൊല്ലുന്നു; രാഷ്ട്രീയ അധികാരം, അത് സഭയും സംസ്ഥാനവും തമ്മിൽ ഒന്നിച്ചായപ്പോഴായിരുന്നു.

343 കറുത്ത കുതിര; പ്രാണനുകൾ, അവൻ തന്റെ ഉപദേശങ്ങൾ നൽകിയപ്പോൾ, അവൾ അവിടെ അവളുടെ പരസംഗവുമായിട്ട് അത് ചെയ്തു. അവൻ അവരുടെ ആഹാരത്തെ ത്രാസിൽ തൂക്കി, ഒരു പണത്തിന് ഒരിടങ്ങഴി എന്നിങ്ങനെയും മറ്റും അത് അവർക്ക് വിറ്റിരുന്നു.

344 നാലാമത്തേത്, ഒരു തവിട്ടു കുതിര; ദൈവത്തിൽ നിന്ന് നിത്യമായി വേർപെടുത്തുന്നു. വീണ്ടും നാലാകുന്നു. നോക്കൂ, ഓ എന്റെ!

ദൈവത്തിനു സ്തുതിയായിരിക്കട്ടെ!

345 ഇപ്പോൾ, അവസാനത്തേത്, ഇവിടെ അവസാനിപ്പിക്കുന്നു. അവർക്ക്...മനസ്സിലായവർക്ക്...ഞാൻ സമയം മറികടന്നിരിക്കുന്നു, എന്നാൽ നിങ്ങൾ എനിക്ക് പത്ത് മിനിറ്റ് കൂടി തരുമോ? [പള്ളിയിൽ കൂടിയിരിക്കുന്നവർ പറയുന്നു, "ആമേൻ."—Ed.] ഞാൻ ഇവിടെ സംസാരിക്കുന്നതിനെക്കുറിച്ച് എനിക്ക് വളരെയധികം വിളികൾ ഉണ്ടായിരുന്നു.

346 ഏലിയാവിനെകുറിച്ച്, വളരെയധികം മതഭ്രാന്തോടുകൂടിയ കാര്യങ്ങൾ അവിടെ തുടങ്ങിയിരിക്കുകയും,...എന്നാൽ അത് അടിച്ചമർത്തപ്പെടുകയും ചെയ്തിരിക്കുന്നു. നിങ്ങൾക്ക് കഴിയുമെങ്കിൽ... കൊള്ളാം, ഞാൻ എന്താണ് നോക്കിക്കൊണ്ടിരിക്കുന്നത് എന്നുള്ളത്

നിങ്ങൾ കാണുന്നതിന് നിങ്ങളെ സഹായിക്കുന്നതിനായി ദൈവം എന്നെ സഹായിക്കാനിടയാകട്ടെ. നിങ്ങൾ അത് ചെയ്യുമോ? നമുക്കത് ഒന്ന് കാണുന്നതിനായി ശ്രമിക്കാം. നോക്കൂ.

347 ഇത് ഇപ്പോൾ അവസാനിപ്പിക്കുമ്പോൾ സഭാകാലഘട്ടത്തിലേക്കുള്ള അവസാനത്തെ ദൂതൻ ഏലിയാ പ്രവാചകൻ ആകുന്നെന്ന് വിശ്വസിക്കാത്തവർക്കുവേണ്ടി പറയുകയാണ്, അത് പ്രവാചകന്മാരുടെ നിരയിലുള്ള അഭിഷേകം ചെയ്യപ്പെട്ട ഒരു വ്യക്തിയായിരിക്കും.

348 മരണശേഷം...ശ്രദ്ധിക്കുക. മരണത്തിനു ശേഷം, ഈ അവസാന സഭാകാലം...ഇപ്പോൾ എന്താണ് സംഭവിച്ചതെന്ന് നിങ്ങൾ ശ്രദ്ധിക്കുക. മരണത്തിനു ശേഷം അവരുടെ ശവശരീരങ്ങൾ കാട്ടുമൃഗങ്ങളാൽ നശിപ്പിക്കപ്പെട്ടു. നിങ്ങൾക്ക് അതറിയാമല്ലോ? ഇപ്പോൾ, അത് സത്യമാണ്. അവരുടെയും, ഈസേബെലിന്റെ പോലെതന്നെയാകുന്നു.

349 ഇപ്പോൾ വെളിപ്പാട് 2:18-ഉം 20-ഉം തിരിച്ചു വായിക്കാം. നാം കുറച്ചു നേരം മുമ്പ് അത് എടുത്തിരുന്നതായി ഞാൻ കരുതുന്നു. നാം എടുത്തിരുന്നില്ലേ? അതെ, നാം അത് എടുത്തിരുന്നതായി നാം വിശ്വസിക്കുന്നു. ഞാൻ അത് ഇവിടെ കുറിച്ചെടുത്തു കൊണ്ടുവന്നിട്ടുണ്ട്. ശരിയാണ്. അത് സാന്മാർഗ്ഗിക അധഃപതനത്തിന്റെ സമയമായിരുന്നു. അതെ, നോക്കൂ എപ്രകാരമായിരുന്നു എന്നും, ഈസേബെൽ എങ്ങനെ കടന്നുവന്നു എന്നും കാണുക. ഇപ്പോൾ, ഈസേബെൽ സഭകളാകുന്നു, ഈ ആധുനിക സഭകൾ; മണവാട്ടിയല്ല. വെളിപ്പാട് 2:18,20-ലെ, വചനപ്രകാരം, പഴയ നിയമത്തിലെ, ഈസേബെൽ, ഇന്നത്തെ സഭകളുടെ ഒരു മാതൃകയാകുന്നു,

> *...താൻ പ്രവാചകി എന്ന് പറയുന്ന ഈസബേൽ എന്ന് സ്ത്രീയെ നീ അനുവദിക്കുന്നു...*

350 മനസ്സിലായോ? അത് ശരിയല്ലേ? [പള്ളിയിൽ കൂടിയിരിക്കുന്നവർ പറയുന്നു, "ആമേൻ."—Ed.] ഇപ്പോൾ ഇത് ഈസബേലുമായി പൂർണ്ണമായും താരതമ്യപ്പെട്ടിരിക്കുന്നു. ഇപ്പോൾ ആദ്യമായിട്ട്...

351 നമുക്ക് ഇപ്പോൾ, തിരുവെഴുത്തിന്മേൽ തിരുവെഴുത്തുകൾ നിങ്ങൾക്ക് നല്കിക്കൊണ്ട് അന്ത്യകാലം എന്നത് സഭക്ക് വേണ്ടി അവരെ മൂല വചനത്തിലേക്ക് തിരികെ വിളിക്കുന്ന ഒരു പ്രവചന സന്ദേശമായിരിക്കും എന്ന് കാണിച്ചു തരുവാൻ കഴിയും. ഇപ്പോൾ ശ്രദ്ധിക്കൂ. അത് ശരിയല്ലേ? [പള്ളിയിൽ കൂടിയിരിക്കുന്നവർ പറയുന്നു,

“ആമേൻ.”—Ed.] മലാഖി 4 അങ്ങനെ പറയുന്നു, കൂടാതെ വെളി:10:7-ഉം തുടർന്നു പറയുന്നു. കാണുന്നോ? യേശു സ്വയം അത് മുൻകൂട്ടി പറയുകയുണ്ടായി. കൂടാതെ ഓരോന്ന് ഓരോന്നായി പറഞ്ഞിരുന്നു. “ലോത്തിന്റെ കാലത്തെപ്പോലെ” എന്നും മറ്റും അതു തുടരുന്നു. അത് അങ്ങനെ തുടർച്ചയായി പോയ്ക്കൊണ്ടിരിക്കുന്നു.

352 ഈസേബെൽ ഇന്നത്തെ ആധുനിക സഭയുടെ മാതൃകയാകുന്നു, കാരണം കത്തോലിക്കരും പ്രൊട്ടസ്റ്റാന്റുകളും ഇപ്പോൾ ഒരുമിച്ചിരിക്കുന്നു. അവിടെ—അവിടെ അതിനു ചുറ്റുമായി കൂടുന്നതല്ല. അവ രണ്ടും സഭാസംഘടനകളായിട്ട് അത് അമ്മയും സഹോദരിയും എന്നതു പോലെയാകുന്നു, അത്ര തന്നെ. അവർ അന്യോന്യം ബഹളം ഉണ്ടാക്കുകയും തർക്കിക്കയും ചെയ്യും എങ്കിലും, അവ രണ്ടു കൂട്ടരും ഒന്ന് തന്നെയാണ്, രണ്ടും വേശ്യമാരാകുന്നു. ഇപ്പോൾ ഇത് എന്റെ സ്വയമായി പറയുകയില്ല. ഞാൻ കർത്താവ് ഇപ്രകാരം അരുളിച്ചെയ്യുന്നു എന്നതിൽ നിന്നും എടുത്ത് പറയുകയാണ്. മനസ്സിലായോ? ശരി

353 ഇപ്പോൾ ദൈവത്തിന്റെ ആജ്ഞപ്രകാരം കൊല്ലപ്പെട്ടത്, അത് ഈസേബെലായിരുന്നു എന്നു നാം കാണുന്നു, ദൈവത്തിന് യേഹുവിനെ അവിടെ കിട്ടിയിട്ട്, അവിടെച്ചെന്ന് അവളെ ജനൽ വഴിയായി പുറത്തേയ്ക്ക് തള്ളിയിട്ട്, ഈസബേലിനെ കൊന്നുകളയാൻ സാധിച്ചിരുന്നു. നായ്ക്കൾ അവളുടെ മാംസം തിന്നുകയും ചെയ്തു. (അതു ശരിയല്ലേ?) പ്രാകൃതമായ ഈസേബെൽ [പള്ളിയിൽ കൂടിയിരിക്കുന്നവർ പറയുന്നു, “ആമേൻ.”—Ed.] അവളുടെ തലയും, രാജാവുമായ, ആഹാബ്, ആദ്യത്തെ ഏലീയാവ് മുൻകൂട്ടി പറഞ്ഞിരുന്നതുപോലെ, നായ്ക്കൾ അവന്റെ രക്തം നക്കികുടിച്ചു. നോക്കു, നാം എങ്ങോട്ടാണ് പോയ്ക്കൊണ്ടിരിക്കുന്നത്, എന്ന് നിങ്ങൾ കാണുന്നില്ലേ?

354 എന്തുകൊണ്ടാണ്? ആദ്യത്തെ ഏലിയാവിനെ സഭകളാൽ നിഷേധിക്കപ്പെട്ട, ഒരു മനുഷ്യനായിരുന്നു. ആ സഭകളുടെയും, സഭയും സംസ്ഥാനവും തമ്മിൽ കൂടിചേർത്തതിന്റെയും, തലവൻ ആഹാബായിരുന്നു. ഏലീയാവ് ആഹാബിനോട് അവന്റെ പാപത്തെ വെളിപ്പെടുത്തുകയും, മുഴുവൻ സഭയോടും യഥാർത്ഥ വചനത്തിലേക്ക് തിരികെ വരുന്നതിനായി കല്പിക്കുകയും ചെയ്തു.

355 ഈ കാലത്ത്, രണ്ടാമത്തെ ഏലീയാവ് വരുമ്പോൾ കൃത്യമായും അതേ കാര്യം തന്നെ ചെയ്യപ്പെടേണ്ടതായിട്ട്, അത് “മൂലവിശ്വാസത്തിലേക്ക് യഥാസ്ഥാനപ്പെടുത്തും എന്നതാകുന്നു”! അതിൽ നിന്നും നിങ്ങൾക്ക് എങ്ങനെ തെറ്റി ഒഴിയാൻ കഴിയുമെന്ന്

എനിക്ക് മനസ്സിലാകുന്നില്ല. അത് ശരിയാണ്. സത്യ വചനത്തിലേക്ക് തിരികെ കൊണ്ടുപോകുക! അത് ശരിയാണ്.

356 നിങ്ങൾ അവരുടെ ശരീരങ്ങൾ കാണാൻ ആഗ്രഹിക്കുന്നെങ്കിൽ, നമുക്ക് വെളിപ്പാടിന്റെ 19-ലേക്ക് തിരിച്ച് അവരെ കൊന്നതിനു എന്ന വാക്കിനു ശേഷം അതു കാണാൻ കഴിയും. ഇപ്പോൾ, വചനം അവരെ കൊല്ലാൻ പോകുകയാണ്. നിങ്ങൾക്ക് അതറിയാം. ശരി. വെളിപ്പാടിന്റെ 19-ൽ 17-ാം വാക്യത്തിന്റെ തുടക്കം മുതൽ ക്രിസ്തു വരുമ്പോൾ എന്തു സംഭവിക്കുന്നു എന്ന് ശ്രദ്ധിച്ചു കാണുക.

*ഒരു ദൂതൻ സൂര്യനിൽ നില്ക്കുന്നത് ഞാൻ കണ്ടു...*

357 ഇപ്പോൾ, അത് ശരിയാണ്, അതിനു മുകളിലായി ശ്രദ്ധിക്കുക, "അവൻ രക്തം തളിച്ച ഉടുപ്പ് ധരിച്ചിരുന്നു. അവൻ രാജാധി രാജാവെന്നും കർത്താധി കർത്താവെന്നും വിളിക്കപ്പെടുന്നു." 13-ാം വാക്യത്തിൽ, "അവന് ദൈവ വചനം എന്നു പേർ പറയുന്നു." മനസ്സിലായോ? ഇപ്പോൾ, അവൻ, ഇവിടെ, "രാജാധി രാജാവും, കർത്താധി കർത്താവും ആകുന്നു."

*ഒരു ദൂതൻ നില്ക്കുന്നത് ഞാൻ കണ്ടു...*

358 ഇപ്പോൾ ശ്രദ്ധിക്കുക. അവൻ മുമ്പോട്ട് തുടരുകയാണ്.

*ജാതികളെ വെട്ടുവാൻ അവന്റെ വായിൽനിന്ന് മൂർച്ചയുള്ള വാൾ പുറപ്പെടുന്നു.*

359 "അവന്റെ വായിൽ നിന്ന്." ദൈവത്തിന്റെ വായിൽ നിന്നും മോശെയുടെ വായിലേയ്ക്കുന്ന പോലെ. കാണുന്നോ?

*...അവൻ ഇരുമ്പുകോൽകൊണ്ട് അവരെ മേയ്ക്കും; സർവ്വശക്തിയുള്ള ദൈവത്തിന്റെ കോപവും ക്രോധവുമായ മദ്യത്തിന്റെ ചക്ക് അവൻ മെതിക്കുന്നു.*

*അവന്റെ വസ്ത്രത്തിന്മേലും അവന്റെ തുടമേലും ഒരു പേര് എഴുതിയിരിക്കുന്നു. രാജാധിരാജാവും കർത്താധികർത്താവും.*

*ഞാൻ ഒരു ദൂതൻ നില്ക്കുന്നത് കണ്ടു...*

360 ഇപ്പോൾ ശ്രദ്ധിക്കുക. അവൻ കൊന്നു കൊണ്ട് കടന്നുവരുന്നു. അവൻ ആരെയാണ് കൊല്ലുന്നത്? ഈസബേലിനെയും അവളുടെ കള്ളപ്രവാചകനായ, ആഹാബിനെയും.

*ഒരു ദൂതൻ സൂര്യനിൽ നില്ക്കുന്നത് ഞാൻ കണ്ടു. അവൻ ആകാശമദ്ധ്യേ പറക്കുന്ന സകല പക്ഷികളോടും; മഹാദൈവത്തിന്റെ അത്താഴത്തിന്നു വന്നുകൂടുവിൻ എന്ന് ഉറക്കെ വിളിച്ചുപറഞ്ഞു.*

361 അവൻ അവരെ മൃഗങ്ങൾക്കും പക്ഷികൾക്കും ഭക്ഷണമായി കൊടുക്കുന്നു. ഇപ്പോൾ വെളിപ്പാട് പുസ്തകത്തിലെ, മറ്റൊരു അദ്ധ്യായത്തിലേക്ക് നമുക്കിവിടെ ശ്രദ്ധിക്കാം. ഒരു നിമിഷത്തേക്ക് "അവർക്ക് വാളുകൊണ്ടും മരണം കൊണ്ടും ഭൂമിയിലെ കാട്ടുമൃഗങ്ങളെക്കൊണ്ടും കൊന്നുകളയുവാൻ അധികാരം ലഭിച്ചു." കാണുന്നോ? ഈസേബെൽ സഭ, അവളുടെ (യഥാർത്ഥ) ശരീരം, ആകാശത്തിലെ പക്ഷികളും, ഭൂമിയിലെ കാട്ടുമൃഗങ്ങളെക്കൊണ്ടും തീറ്റിക്കേണ്ടത് ആവശ്യമാകുന്നു. അത് പ്രാകൃതമായിരുന്ന ആഹാബും ഈസേബെലും എപ്രകാരമായിരുന്നുവോ, ഒരു സഭയായി ആത്മീയ രൂപത്തിലും കൃത്യമായി അതുതന്നെ ആകേണ്ടത് ആവശ്യമായിരിക്കുന്നു. ഞാൻ എന്താണ് അർത്ഥമാക്കുന്നതെന്ന് നിങ്ങൾ മനസ്സിലാക്കുന്നില്ലേ? [പള്ളിയിൽ കൂടിയിരിക്കുന്നവർ പറയുന്നു, "ആമേൻ."—Ed.] ശരി.

362 ഏലീയാവിന്റെ...ഓ! ജഡിക ആഹാബിന്റെയും ഇസബേലിന്റെയും കാലത്തുണ്ടായിരുന്ന പ്രവാചകൻ ഏലീയാവായിരുന്നു. കർത്താവ് ഇപ്രകാരം അരുളിചെയ്യുന്നു എന്ന വചനത്തിനനു അസരിച്ച്, അവൻ അതേ കാര്യം തന്നെ, വചനപ്രകാരം, ആത്മീയ ഈസബേലിനോടും, അവന്റെ ആത്മീയ രൂപത്തിലുള്ള ശുശ്രൂഷയിൽ, ചെയ്യുമെന്നു വാഗ്ദത്തം ചെയ്തിരിക്കുന്നു.

363 ശ്രദ്ധിക്കുക, ഏലീയാവ്, തന്റെ കാലത്ത്, യഥാർത്ഥമായും അത്യധികമായും, സമർത്ഥിക്കപ്പെട്ടിരുന്നിട്ടും, അവരെ വചനത്തിലേക്ക് മടക്കി കൊണ്ടുവരാൻ കഴിഞ്ഞില്ല. അത് ശരിയല്ലേ? ഏലീയാവ്, എല്ലാ രീതിയിലും ശ്രമിച്ചിട്ടും, കഴിഞ്ഞില്ല. അവൻ എല്ലാകാര്യങ്ങളും ചെയ്തു. അവൻ—അവൻ അവരെ അടയാളങ്ങളും അത്ഭുതങ്ങളും കാണിച്ചു; അവർ തന്റെ മുഖത്തുനോക്കി ചിരിച്ചു. അതേ കാര്യം തന്നെ അവർ ആത്മീയമായും ഇവിടെ ചെയ്യും, നോക്കു. അവന് അവരെ വചനത്തിലേക്ക് മടക്കി വരുത്താൻ കഴിഞ്ഞില്ല. ദശലക്ഷക്കണക്കിന് ജനങ്ങളിൽ നിന്നും...

364 ഇപ്പോൾ ശ്രദ്ധിക്കു, സഭയെ, ശ്രദ്ധിച്ചു കേൾക്കുക, ഇതിൽ നിങ്ങൾ അല്പം കുഴപ്പത്തിലാകാൻ പോകുന്നു.

365 ഏലിയാവിന്റെ കാലത്ത്, ആ കാലത്ത് ഈസേബെലും ആഹാബും ഭരിച്ചിരുന്നു, ലോകത്തിലുണ്ടായിരുന്ന ദശലക്ഷകണക്കിന് ജനങ്ങളിൽ നിന്നും, അത് താരതമ്യപ്പെടുത്തിയാൽ ഇന്നത്തെ ഒരു പ്രതിരൂപമാകുന്നു; മുഴുവൻ ലോകത്തുനിന്നും, ഏലിയാവിന്റെ പ്രസംഗത്തിൽ കൂടെ എഴുന്നൂറ് പേർ മാത്രമാണ് രക്ഷിക്കപ്പെട്ടത്. അത് ശരിയല്ലേ? അത് കൃത്യമായും ആകുന്നു.

366 നോക്കൂ, അവരിൽ ഒരാൾപോലും, ആ രീതിയിൽ ആയിരുന്നു എന്ന് ഏലീയാവ് അറിഞ്ഞിരുന്നില്ല. അവൻ മാത്രമെ രക്ഷിക്കപ്പെട്ടിരുന്നുള്ളു എന്ന് അവൻ വിചാരിച്ചിരുന്നു, എന്നാൽ ദൈവം മുദ്രകളിൽ ഒന്നുപ്പൊട്ടിച്ച്, പുസ്തകത്തിലെ രഹസ്യം അവൻ വെളിപ്പെടുത്തി കൊടുത്തിട്ട്, അതായത് അന്ന് അവർക്ക് ഉണ്ടായിരുന്ന മതസമ്പ്രദായങ്ങൾക്ക് മുമ്പിൽ ഒരിക്കലും മുട്ടുകുത്താത്ത ഏഴുന്നൂറു പേർ ദൈവത്തിനു ഉണ്ടായിരുന്നു എന്ന് അതുവരെ അവൻ അറിഞ്ഞിരുന്നില്ല. ദൈവം തന്റെ പുസ്തകം തുറന്ന് ഏലിയാവിൽ കാണിച്ചു കൊടുത്തിട്ട്, പറഞ്ഞു, "ഒരുനിമിഷം നില്ക്കൂ, മകനെ, എനിക്ക് എഴുന്നൂറ് പേർ അവിടെ ചുറ്റുമായിട്ട്, ലോകസ്ഥാപനത്തിന് മുതൽ അവരുടെ പേരുകൾ പുസ്തകത്തിൽ എഴുതിയവരായിട്ട് അവിടെയുള്ളത് അവർ എന്റേതാകുന്നു." വൂ! ദൈവം മുദ്രകളെ തുറന്നു.

367 ആ കാരണത്താലാണ് യോഹന്നാൻ കഴിഞ്ഞ രാത്രിയിൽ വളരെയധികം ഒച്ചപ്പാടുണ്ടാക്കിയിരുന്നെന്ന് ഞാൻ കരുതുന്നു. അവന്റെ പേരും അവൻ അവിടെ കണ്ടിരുന്നിരിക്കാം. കാണുന്നോ?

ഒരു ദിവസം ദൈവം തുറന്നു...

368 എലീയാവ്, അവൻ പ്രസംഗിച്ചു കഴിഞ്ഞിരുന്നു. അവൻ സകലതും ചെയ്തു കഴിഞ്ഞ് തന്റെ ഹൃദയത്തിലുള്ളതെല്ലാം പ്രസംഗിച്ച് കഴിഞ്ഞിരുന്നു. അവന് ചെയ്യാനാകുന്നതെല്ലാം അവൻ ചെയ്തിരുന്നു, അപ്പോഴും അവർ അവനെ "നിന്ദിക്കുകയും," അവർക്ക് തോന്നിയതൊക്കെയും പറഞ്ഞിട്ട് "നീയാണ് ഇതിനെല്ലാം കാരണക്കാരൻ, നീ ഒരു അദ്ധ്യാത്മവാദിയാണ്. നീ ഒരുവനാണ് ഈ കുഴപ്പങ്ങൾ എല്ലാം വരാൻ കാരണമാകുന്നവൻ. നീ കുറ്റക്കാരനാണ്." അതുപോലെ എല്ലാമായിട്ട്, അവൻ അവനോട് പറഞ്ഞു, ഈസബെൽ അവന്റെ തല വെട്ടികളയുമെന്നും മറ്റും പറഞ്ഞു ഭീഷണിപ്പെടുത്തി. അത് ശരിയാണ്. സകലരും അവന് എതിരായിരുന്നു

369 അപ്പോൾ അവൻ പറഞ്ഞു, "കർത്താവെ, നീ കല്പിച്ചതുപോലെ എല്ലാം ഞാൻ ചെയ്തിരിക്കുന്നു! നിന്റെ വചനത്തോടൊപ്പം കൃത്യമായും ഞാൻ നിന്നിരുന്നു. നീ എന്നോട് എല്ലാ കാര്യങ്ങളും പറഞ്ഞപ്പോൾ, എനിക്ക് ഒരു ഭയവും ഇല്ലായിരുന്നു. ഞാൻ നേരെ രാജാവിന്റെ മുമ്പിലേക്ക് നടന്ന് ചെന്നിട്ട്, 'കർത്താവ് ഇപ്രകാരം അരുളിചെയ്യുന്നു,' എന്ന് അവരോട് പറഞ്ഞു. നീ എന്നോട് പറഞ്ഞിട്ടില്ലാത്ത ഒരു കാര്യവും, ഞാൻ അവരോട് പറഞ്ഞിട്ടില്ല, എന്നാൽ എന്തു സംഭവിച്ചു. അങ്ങനെ ഇപ്പോൾ ഇവിടെ ഇതാ ഞാൻ ഒരുവൻ മാത്രം,

എല്ലാ കൂട്ടരിൽ നിന്നും, ശേഷിച്ചിരിക്കുന്നു. ഞാൻ ഒരുവൻ മാത്രം ശേഷിക്കുകയും അവർ എന്നെ കൊല്ലാനും നോക്കുന്നു."

370 ദൈവം പറഞ്ഞു. "ഞാൻ ഇപ്പോൾ മുദ്രകളിൽ ഒന്ന് തുറന്ന് നിന്നെ ചില കാര്യങ്ങൾ കാണിക്കാൻ പോകുകയാണ്." അവൻ പറഞ്ഞു, "നിനക്കറിയാമോ മതസമ്പ്രദായങ്ങളുടെ മുമ്പിൽ മുട്ടു മടക്കാത്ത, യാതൊരു വിഭാഗീയ സഭകളിലും ചേരാത്ത എഴുന്നൂറു പേർ എനിക്കിവിടെയുണ്ട്. മേഘങ്ങളിലേക്കുള്ള എടുക്കപ്പെടലിന് തയ്യാറായിരിക്കുന്ന അവരിലുൾപ്പെട്ട എഴുന്നൂറ് പേർ അവിടെ എനിക്കുണ്ട്, നോക്കു." ഓ! ഓ! തിരുവെഴുത്തിൽ കൂടെ, തന്റെ വചനത്തെ, വെളിപ്പെടുത്തിക്കൊടുക്കുന്ന തന്റെ പ്രവാചകനോട് അവൻ പറഞ്ഞു, നോക്കു, ഞാൻ ഈ തലമുറയിൽ നിന്നും മുൻകുറിക്കപ്പെട്ട എഴുന്നൂറുപേർ എനിക്കുണ്ടായിരിക്കുന്നു. അവർ, യാതൊന്നിന്റെ മുമ്പിലും, (അത് ഈ കാലത്തെക്കുറിച്ച് പറയുകയാണെങ്കിൽ) മതപരമായ സഭാസംഘടനകളുടെയും മതതത്വ സമ്പ്രദായങ്ങളുടെയും മുമ്പിൽ മുട്ടുകുത്തിയിട്ടില്ല.

371 ഞാൻ എന്താണ് അർത്ഥമാക്കുന്നതെന്ന് നിങ്ങൾക്ക് മനസ്സിലാകുന്നുണ്ടോ? എങ്കിൽ അത് ഉണ്ടായിരിക്കണം, അത് സംഭവിക്കുക തന്നെ വേണം. അത് വചനത്തിന് അനുസരിച്ചാകുന്നു. ആ വ്യക്തി ദൃശ്യത്ത് പ്രത്യക്ഷപ്പെടുമ്പോൾ, അവൻ ഒരു പ്രവാചകനായിരിക്കും. ഞാൻ ഈ പ്രസംഗപീഡത്തിൽ നില്ക്കുന്നത് ഉറപ്പായിരിക്കുന്നതു പോലെതന്നെ ആകുന്നു. അവൻ ഒരു വചനവുമായിട്ട് നേരായി നില്ക്കും. അവൻ ആരുടെയും മതസമ്പ്രദായമോ മറ്റ് യാതൊന്നും എടുക്കുകയില്ല. അത് ശരിയാണ്. അവൻ ഏലീയാവും യോഹന്നാനും ആയിരുന്നതുപോലെ ഒരു കാട്ടു മനുഷ്യനായിരിക്കും. അവൻ—അവൻ അസാന്മാർഗ്ഗികമായി നടക്കുന്ന സ്ത്രീകളെ വെറുക്കും! (മനുഷ്യാ) വൂ! അവൻ അവരുടെ മേൽ ശക്തിയായ പ്രഹരിക്കും! ഏലീയാവ് അത് ചെയ്തു, അതുപോലെ യോഹന്നാനും ചെയ്തു. കാണുന്നോ? കാണുന്നോ? അവൻ വചനവുമായി നേരായി നില്ക്കും. അവൻ സഭാസംഘടനകൾക്ക് എതിരായിരിക്കും. സഭാസംഘടനകളോ? "അബ്രഹാം ഞങ്ങൾക്ക് പിതാവായിട്ടുണ്ട് എന്ന് ഉള്ളം കൊണ്ട് പറവാൻ തുനിയരുത്. ഈ കല്ലുകളിൽ നിന്ന് അബ്രഹാമിന് മക്കളെ ഉളവാക്കാൻ ദൈവത്തിന് കഴിയും എന്നു ഞാൻ നിങ്ങളോട് പറയുന്നു." കാണുന്നോ? തീർച്ചയായും അതു നിറവേറി.

372 ഇപ്പോൾ നിങ്ങൾ അവിടെയാകുന്നു സ്നേഹിതരെ. ഇവിടെ ഇതാ നാലാം മുദ്ര തുറക്കപ്പെട്ടിരിക്കുന്നു. എന്റെ ഏറ്റവും നല്ല അറിവിൽ നാലു

കുതിര സവാരിക്കാരും വെളിപ്പെട്ടു കഴിഞ്ഞിരിക്കുന്നു. ഇപ്പോൾ ഈ കാര്യങ്ങളെല്ലാം സംഭവിച്ചിരിക്കുന്നത് ഭൂമിയിലാണ്.

373 അടുത്ത മുദ്ര, നാം കാണുന്നത്, സ്വർഗ്ഗത്തിലാണ്, അവിടെ ബലിപീഠത്തിൽ കീഴെയുള്ള ആത്മാക്കളാകുന്നു.

374 ഇപ്പോൾ ഇത് അവസാനിച്ചു കൊണ്ടിരിക്കുമ്പോൾ ഒന്ന് രണ്ട്... കാര്യങ്ങൾ, ഞാൻ ഇവിടെ കുറിച്ചെടുത്തുകൊണ്ട് വന്നിട്ടുള്ള കുറച്ച് നിങ്ങളോട് പറയാൻ ആഗ്രഹിക്കുന്നു. ഈ നാലു മുദ്രകളിൽ, ആദ്യത്തെ ഈ നാലു മുദ്രകളിൽ ഞാൻ അത് വിട്ടുപോയിരുന്നു.

375 ഇപ്പോൾ നാളെ രാത്രി ഭൂമിയിൽ നടന്നുകൊണ്ടിരുന്ന കാര്യങ്ങളിൽ നിന്നും നാം—നമ്മുടെ രംഗം മാറുന്നു. അവൻ അവിടേക്ക് നോക്കിയപ്പോൾ ബലിപീഠത്തിന് കീഴിലായി ആത്മാക്കൾ ആയിരുന്നു.

അതിന് അടുത്ത രാത്രി ന്യായവിധി ആരംഭിക്കുകന്നതാണ്.

376 നാലാമത്തെ രാത്രിയിൽ, അല്ലെങ്കിൽ അവസാനത്തെ രാത്രിയായ, ഞായറാഴ്ച രാത്രിയിൽ എന്താണെന്ന് എനിക്കറിയില്ല. ഈ ബാക്കിയുള്ളവ എന്താണ് അർത്ഥമാക്കുന്നത് എനിക്കറിയില്ല. നിങ്ങൾ ചെയ്യുന്നതുപോലെ ഞാൻ വായിക്കുക മാത്രം ചെയ്തിരിക്കുന്നു. "എന്നാൽ, അരമണിക്കൂറോളം മൗനത ഉണ്ടായി." പക്ഷേ എന്തോ അവിടെ നടന്നു. അവൻ അത് വെളിപ്പെടുത്തുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു. അവൻ അത് ചെയ്യും. അവൻ ചെയ്യുമെന്നുള്ളതിൽ ഞാൻ സന്തുഷ്ടനാകുന്നു.

377 ക്രിസ്തുവിന്റെ വരവിൽ എതിർക്രിസ്തുവിനെ കൊല്ലുമെന്നുള്ളത് കാണിക്കേണ്ടതിന് നമുക്ക് വെളിപാടിന്റെ 19-ലും, മറ്റനേക വേദഭാഗങ്ങളിലും പോകേണ്ടിയിരുന്നു. ആ കാരണത്താലാണ് ഞാൻ ഈ കാര്യങ്ങളെ വിട്ടിട്ട്, ഞാൻ അവയിൽ രണ്ട് വാക്യങ്ങൾ മാത്രം എടുത്തത്. ഈ കാര്യങ്ങളെ തെളിയിക്കുന്നതിനുവേണ്ടി തിരുവെഴുത്തിൽ വ്യത്യസ്ത ഭാഗങ്ങളിലേക്ക് എനിക്ക് പോകേണ്ടിയിരുന്നു. ആ കാരണത്താലാണ് ഞാൻ വെളിപ്പാട് 19-ലേക്ക് പോയി, ഏതിർക്രിസ്തുവിന്റെ അന്ത്യത്തെ കാണിക്കുന്നത്, അത് ക്രിസ്തു വരുമ്പോൾ അത് ഒരു കൊലയായിരിക്കും; അവൻ വരുമ്പോൾ അവൻ എതിർക്രിസ്തുവിനെ കൊല്ലും.

378 വെളിപ്പാട് 10, കാണുന്നത്, ഏലീയാവ് പ്രവാചകന് ഉണ്ടായിരുന്നതു പോലെയും, മലാഖിയുടെ 4-ൽ മുൻകൂട്ടി പറയപ്പെട്ടിരിക്കുന്നതു പോലെ, ദൈവ വചനത്തെ (മൂലവചനം) ഈ തലമുറയ്ക്കായി യഥാർത്ഥമായി വെളിപ്പെടുത്തുന്നതിന്,

ദൈവത്താൽ അഭിഷേകം ചെയ്യപ്പെട്ട, ഈ അന്ത്യകാലത്തിലെ, ഏഴാം സഭാകാലത്തിന്റെ ദൂതൻ, ഒരു മനുഷ്യൻ ആയിരിക്കും. അവൻ സ്വാഭാവിക ഈസബേലിനോട് ചെയ്തതുപോലെ തന്നെ, ഈ മനുഷ്യൻ, ആത്മീയ ഈസബേലായ, വിഭാഗീയ സഭകളോടും ചെയ്യും. അത് ശരിയാണെന്ന് കാണിക്കുന്നതിന്, എനിക്ക് 7-ാം അദ്ധ്യായം, അല്ല 10-ാം അദ്ധ്യായത്തിന്റെ ഒന്ന് തൊട്ട് ഏഴ വരെയുള്ള വാക്യങ്ങളിലേക്കും പോകേണം. മലാഖി, ആമോസ്, മുതലായവകളിലേയ്ക്ക്, അത് തെളിയിക്കുന്നതിനായി പോകേണ്ടതുണ്ട്.

379 ആ പ്രത്യേക തലമുറയിൽ ഈസബേലിനെതിരായി പ്രവചിക്കുകയും അവളെ ന്യായം വിധിക്കുകയും ചെയ്തത് ഏലിയാ പ്രവാചകനായിരുന്നു.

380 ഏലീയാവ് മരിച്ചിരുന്നില്ല. അവൻ തീർച്ചയായും മരിച്ചിരുന്നില്ല. ഏകദേശം എണ്ണൂറ് വർഷങ്ങൾക്ക് ശേഷം, യേശുക്രിസ്തുവിനോടൊപ്പം മലമുകളിലെ രൂപാന്തരണ സമയത്ത് അവൻ വീണ്ടും പ്രത്യക്ഷപ്പെട്ടു. അവൻ മരിച്ചിരുന്നില്ല.

381 ഇപ്പോൾ, ദൈവത്തിന്റെ വാഗ്ദത്തപ്രകാരം, ഈ അന്ത്യകാലത്ത്, ഒരു മനുഷ്യനെ അവന്റെ ആത്മാവ് അഭിഷേകം ചെയ്യേണ്ടതായിട്ടുണ്ട് എന്നു നാം കണ്ടു; അത് സ്വാഭാവിക ഈസബേലിനോട് ചെയ്തതുപോലെ തന്നെ, ഈ അന്ത്യകാലത്തേക്ക്, ആത്മീയ ഈസബേലിനോടു ചെയ്യുമെന്നു വാഗ്ദത്തം ചെയ്തിട്ടുണ്ട്.

382 ആ കാരണത്താലാണ്, അത് തെളിയിക്കുന്നതിനായി, ഞാൻ—ഞാൻ ബൈബിളിലൂടെ അധികം സ്ഥലങ്ങളിലേക്ക് പോയിരുന്നത്, അങ്ങനെ അത് നിങ്ങളുടെ മനസ്സിൽ ഒരു ചോദ്യം വിട്ടുകളയാനിടയാക്കില്ല. എന്തെങ്കിലും ഉണ്ടെങ്കിൽ നിങ്ങൾ എന്നെ അറിയിക്കുക. ശരി, ഒരു കത്തയ്ക്കുകയോ ഒരു ചെറിയ കുറിപ്പ് എഴുതുകയോ ചെയ്യുക.

383 അത് അത്ര പൂർണ്ണമായി പൊരുത്തപ്പെട്ടിട്ട്, അവരുടെ പ്രാകൃത ശരീരങ്ങളെ കാട്ടുമൃഗങ്ങൾ നശിപ്പിക്കുന്നതു പോലും, അന്ന് ചെയ്തിരുന്നതു പോലെ അവരെ തിന്നുകളയുന്നതും മറ്റുമാകുന്നു.

384 എന്റെ ഏറ്റവും നല്ല വെളിപ്പാടിനു അനുസരിച്ച്, ദൈവം എനിക്ക് നല്കിയതും ഇത് സംഭവിക്കുമെന്ന് മുൻകൂട്ടി പറഞ്ഞതുമനുസരിച്ച്, നാല് കുതിര സവാരിക്കാരെക്കുറിച്ച് ഇതിന്റെ ഏറ്റവും നല്ല അറിവിലെ സത്യമാകുന്നു.

385 നിങ്ങൾ യേശുവിനെക്കുറിച്ച് എന്ത് കരുതുന്നു?

ഞാൻ അവനെ സ്നേഹിക്കുന്നു. ഞാൻ അവനെ
സ്നേഹിക്കുന്നു.
എന്തെന്നാൽ അവൻ എന്നെ മുൻസ്നേഹിച്ചു
എന്റെ രക്ഷയെ വിലക്കുവാങ്ങി
കാൽവരിയിലെ മരത്തിന്മേൽ.

386 ഇപ്പോൾ ഓർക്കുക. യാതൊരു...(അതാകുന്നു; മുമ്പോട്ട് പൊയ്ക്കൊള്ളുക; അതാണ് നല്ലത്.) ഒരു സഭാസംഘടനയിലെയും ഒരാളോട്ടും യാതൊരു തെറ്റായ മനോഭാവവും കാട്ടരുത്! കാരണം, ദൈവത്തിന് കത്തോലിക്കാ സമ്പ്രദായത്തിലും മക്കളുണ്ട്. ബാപ്റ്റിസ്റ്റ് സമ്പ്രദായത്തിലും അവന് മക്കളുണ്ട്. മെഥോഡിസ്റ്റ് സമ്പ്രദായത്തിലും അവനു മക്കളുണ്ട്. ഈ സത്യവെളിച്ചത്തെ കണ്ടിട്ട്, ഈ വ്യത്യസ്തമായ സമ്പ്രദായങ്ങളിൽ നിന്നും പുറത്ത് കടന്ന് വന്ന് ഇതിനെ പ്രതിനിധീകരിക്കുന്ന, എത്രപേർ ഇവിടെ ഉണ്ട്? നിങ്ങളുടെ കൈകൾ ഉയർത്തു ഞങ്ങൾ കാണട്ടെ. [പള്ളിയിൽ കൂടിയിരിക്കുന്നവർ പറയുന്നു, "ആമേൻ"—Ed.] ഇപ്പോൾ ഓർക്കുക. നിങ്ങളെ പോലെയുള്ള ജനങ്ങൾ അവിടെയുണ്ട്. എന്നാൽ സമ്പ്രദായങ്ങളാണ് അതിനെ കൊന്നുകളയുന്നത്. നോക്കു, എതിർക്രിസ്തുവിന്റെ ആത്മാവാണ് അവരെ ഇതുപോലൊരു സ്ഥാനത്ത് എത്തി അവർ സത്യം കേൾക്കാൻ പറ്റാത്ത അവസ്ഥയിലാക്കുന്നത്.

387 കഴിഞ്ഞ രാത്രിയിൽ, ഞാൻ മുദ്രയിടുന്നതിൽ കൂടെ കടന്നുപോയത് ഓർക്കുന്നുണ്ടല്ലോ? ഒരു വ്യക്തി യോബേൽ സംവത്സരത്തിൽ കാഹളധ്വനി കേട്ടിട്ട് സ്വതന്ത്രമായി പോകാൻ വിസമ്മതിച്ചാൽ, അവനെ ഒരു തൂണിന്റെ അടുക്കൽ കൊണ്ടു നിർത്തി, അവന്റെ ചെവിയിൽ ഒരു അടയാളമിടുന്നു. ചെവിയിലൂടെ നിങ്ങൾ കേൾക്കുന്നത്. "വിശ്വാസം കേൾവിയാൽ വരുന്നു." അവൻ അതു കേൾക്കുകയും, തന്റെ സ്വാതന്ത്ര്യത്തെ സ്വീകരിക്കാൻ വിസമ്മതിക്കുകയും ചെയ്യുന്നെങ്കിൽ, പിന്നെ അവൻ...തന്റെ വിഭാഗീയ സഭ യജമാനനെ ബാക്കിയുള്ള ജീവകാലം മുഴുവൻ സേവിക്കേണ്ടി വരും. ആമേൻ.

388 ഓ! ഓ, എന്റെ! അവൻ അത്ഭുതവാനല്ലേ? [പള്ളിയിൽ കൂടിയിരിക്കുന്നവർ പറയുന്നു, "ആമേൻ"—Ed.]

ഞാൻ അവനെ സ്നേഹിക്കുന്നു. ഞാൻ...

നമുക്ക് നമ്മുടെ കൈകൾ ഉയർത്തി അവനെ ആരാധിക്കാം.

അവൻ എന്നെ മുൻസ്നേഹിച്ചതിനാൽ, (മഹത്വം!)
രക്ഷയെ വിലയ്ക്കുവാങ്ങി
കാൽവരി മരത്തിന്മേൽ.

389 [*ഞാൻ അവനെ സ്നേഹിക്കുന്നു* എന്ന പാട്ട് ബ്രദർ ബ്രൺഹാം മൂളിപ്പാടുന്നു—Ed.] ഇപ്പോൾ നമ്മുടെ തലകൾ കുമ്പിട്ടുകൊണ്ട്, നാം അവനെ മൂളിപ്പാടിക്കൊണ്ട് അവനെ ആരാധിക്കാം. [*ഞാൻ അവനെ സ്നേഹിക്കുന്നു* എന്ന പാട്ട് ബ്രദർ ബ്രൺഹാം മൂളിപ്പാടുന്നു—Ed.]

390 കർത്താവെ, ഞങ്ങൾ എത്രമാത്രം നന്ദിയുള്ളവരാണ്! നിനക്കായും നിന്റെ ജനങ്ങൾക്കായും, ഞാൻ വളരെ സന്തോഷമുള്ളവനാകുന്നു. ഓ കർത്താവേ, കാല്വരിയിൽ നീ ഞങ്ങളുടെ രക്ഷ വിലയ്ക്കു വാങ്ങി. കർത്താവെ, ഞങ്ങൾ ആനന്ദത്തോടെ അതിനെ സ്വീകരിക്കുന്നു.

391 നിന്റെ ആത്മാവിനാൽ, ഇപ്പോൾ നീ ഞങ്ങളെ പരിശോധിക്കേണമെ. ഞങ്ങളുടെ ഇടയിൽ തെറ്റായ എന്തെങ്കിലും ഉണ്ടെങ്കിലോ, ഏതെങ്കിലും വചനത്തിൽ അവിശ്വാസിക്കയോ, ചെയ്യുന്ന ഒരു വ്യക്തി ഇവിടെ ഉണ്ടെങ്കിൽ, ദൈവത്തിന്റെ ഓരോ വാഗ്ദാനത്തിങ്കലും “ആമേൻ,” എന്നു പറഞ്ഞുകൊണ്ട് ഊന്നിപ്പറയുന്നില്ലെങ്കിലും; എതിർക്രിസ്തുവിന്റെ സമയത്തും, തന്റെ സ്വന്തമായതിനെ വിളിക്കാൻ, ക്രിസ്തുവിന്റെ ആത്മാവുമായി, അവന്റെ ആത്മാവുള്ളപ്പോൾ, വെള്ളക്കുതിരമേൽ, താഴേയ്ക്ക് ഇറങ്ങി വരേണമെ, പിതാവെ. അവരെ പുറത്തേയ്ക്ക് വിളിക്കു കർത്താവെ.

392 ഇപ്പോൾ തന്നെ അവർ മനസാന്തരപ്പെട്ട്, വളരെ വേഗം നിന്റെ അടുക്കലേയ്ക്ക് വന്ന് എണ്ണയാലും വീഞ്ഞിനാലും നിറയാൻ ഇടയായിട്ട്; വിഭാഗീയ സഭയുടെ കയീന്റെ മരണത്തിന്റെ മേലങ്കിയിൽ നിന്നും മാറ്റപ്പെട്ട്, മണവാളനാൽ കൊടുക്കപ്പെട്ട, നിത്യജീവന്റെ തൂവെള്ള നിറമുള്ള മേലങ്കി അണിയാൻ ഇടവരട്ടെ. അവർ, കല്ല്യാണ വിരുന്നിലേക്ക് ഏതെങ്കിലും ഒരുദിവസം സമർത്ഥിക്കപ്പെട്ട വചനത്തിന്റെ പുനഃരുത്ഥാനത്തിൽ പോകും. കർത്താവെ, ഇത് അനുവദിക്കേണമെ. ജനങ്ങൾ നിനക്കായി കാത്തിരിക്കുമ്പോൾ, അവരുടെ ഹൃദയങ്ങളെ ശോധന ചെയ്യേണമെ. യേശുവിന്റെ നാമത്തിലൂടെ!

[*ഞാൻ അവനെ സ്നേഹിക്കുന്നു* എന്ന പാട്ട് ബ്രദർ ബ്രൺഹാം മൂളിപ്പാടുന്നു—Ed.]

393 എന്റെ സഹോദരാ, എന്റെ സഹോദരീ, എന്റെ സ്നേഹിതാ, നിങ്ങളുടെ ഹൃദയങ്ങളെ ശോധന ചെയ്തുനോക്കു. ഞാൻ

ദീർഘസമയമായി നിങ്ങളോടൊപ്പം ആയിരിക്കുന്നു. ഇത് ഏകദേശം മുപ്പത്തിമൂന്നു വർഷങ്ങളോളം ആയിരിക്കുന്നു. ഞാൻ നിങ്ങളോട് എന്തെങ്കിലും കർത്താവിന്റെ നാമത്തിൽ പറഞ്ഞിട്ടുള്ളത് എപ്പോഴെങ്കിലും സംഭവിക്കാതിരുന്നിട്ടുണ്ടോ? [പള്ളിയിൽ കൂടിയിരിക്കുന്നവർ പറയുന്നു, "ഇല്ല."—Ed.] നിങ്ങൾക്ക് ഒരു അവസരം ഇപ്പോൾ ഉണ്ടായിരിക്കെ ക്രിസ്തുവിനെ തേടുക. കാണുന്നോ? അവൻ തന്റെ മദ്ധ്യസ്ഥതയുടെ, ഇരുപ്പിടത്തിൽ നിന്നും ഏത് സമയത്തും എഴുന്നേല്ക്കാനിടയുണ്ട്; അതുകഴിഞ്ഞാൽ, പിന്നെ നിങ്ങൾക്ക് പൂർണ്ണ ഹൃദയത്തോടെ കരയാൻ കഴിഞ്ഞെന്നിരിക്കാം, നിങ്ങൾക്ക് അന്യഭാഷ സംസാരിക്കാൻ കഴിഞ്ഞെന്നിരിക്കാം, നിങ്ങൾക്ക് തറയിൽ അങ്ങോട്ടുമിങ്ങോട്ടും ഓടാൻ കഴിഞ്ഞെന്നിരിക്കാം. ലോകത്തിലുള്ള എല്ലാ സഭകളിലും പോയി അംഗമാകാൻ കഴിഞ്ഞെന്നിരിക്കാം, എന്നാൽ അതുകൊണ്ട് ഒരു കാര്യവുമില്ല. നിങ്ങളുടെ പാപങ്ങളെ കഴുകിക്കളയുന്നതിന് ഇനിയും ആ ബ്ലീച്ച് ഇനിയും ഉണ്ടായിരിക്കുന്നില്ല. അപ്പോൾ നിങ്ങൾ എന്തുചെയ്യും, അപ്പോൾ നിങ്ങൾ എവിടെയായിരിക്കും?

394 ശരി, എന്നാൽ ആ ഇരിപ്പിടം, ഇപ്പോഴും തുറക്കപ്പെട്ടിരിക്കുന്നു എന്ന് എന്റെ പൂർണ്ണഹൃദയത്തോടെ, ഞാൻ വിശ്വസിക്കുന്നു. അവൻ ഇപ്പോഴും ദൈവത്തിന്റെ സിംഹാസനത്തിലായിരിക്കുന്നു എന്ന് ഞാൻ വിശ്വസിക്കുന്നു. എന്നാൽ ഉടനെതന്നെ താൻ വീണ്ടെടുത്തവരെ അവകാശപ്പെടുന്നതിനായി തന്റെ ഇരുപ്പിടത്തിൽ നിന്നും അവൻ എഴുന്നേല്ക്കാൻ പോകുകയാണ്. രൂത്ത് കാത്തിരിക്കുമ്പോൾ, അവൻ തന്റെ ബന്ധുക്കാരനായ വീണ്ടെടുപ്പുകാരന്റെ ജോലി നിവൃത്തിയായിക്കൊണ്ടിരിക്കുന്നു.

395 എന്നാൽ ഉടൻ തന്നെ, നിങ്ങൾക്കറിയാമോ, ബോവസ് ബന്ധുക്കാരന്റെ ചുമതല നിർവ്വഹിച്ചശേഷം അവൻ വന്ന് തന്റെ അവകാശത്തെ ഏറ്റെടുത്തു. കൃത്യമായും അതുതന്നെയാണ് ബൈബിൾ അവൻ നിവൃത്തിയാക്കിയതായി പറഞ്ഞിരിക്കുന്നത്, "അവൻ മുമ്പോട്ട് കടന്നുവന്ന് പുസ്തകം ഏറ്റുവാങ്ങി." അപ്പോൾ മദ്ധ്യസ്ഥത കഴിഞ്ഞിരിക്കും. അവൻ സിംഹാസനം വിട്ടു പോയ്ക്കഴിഞ്ഞിരിക്കും; കൃപാസനത്തിൽ പിന്നെ രക്തം ഉണ്ടായിരിക്കില്ല. അതിനുശേഷം എന്തായിരിക്കും? ന്യായവിധിയുടെ ഇരിപ്പിടം ആകും.

396 ഈ വരും ദിവസങ്ങളിലൊന്നിൽ "മേഘങ്ങളിലേക്കുള്ള എടുക്കപ്പെടൽ വരാനിരിക്കുന്നതേയുള്ളൂ എന്നാണ് ഞാൻ വിചാരിച്ചിരുന്നത്," "അത് സംഭവിച്ചു കഴിഞ്ഞിരിക്കുന്നു," എന്നൊരു

ശബ്ദം നിങ്ങളോട് തിരികെ പറയുന്നത് നിങ്ങൾ കേൾക്കാൻ നിങ്ങൾ ഇടയാക്കരുത്. ദൈവം നിങ്ങളെ സഹായിക്കട്ടെ!

ഇപ്പോൾ നമ്മുടെ തലകളെ കുമ്പിടാം.

397 സഹോദരൻ നേവിലെ, മുമ്പോട്ട് കടന്ന്, സഭയെ പിരിച്ചുവിടുകയോ അല്ലെങ്കിൽ എന്തെങ്കിലും പറയാനുണ്ടെങ്കിൽ അങ്ങനെ ചെയ്യാവുന്നതാണ്. നാളെ രാത്രിവരെയും ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

***നാലാം മുദ്ര*** MAL63-0321

(The Fourth Seal)

ഏഴു മുദ്രകളുടെ വെളിപ്പാടിന്റെ തുടർച്ച

അമേരിക്കയിൽ, ഇൻഡ്യാനെയിലെ, ജെഫെർസൺവില്ലെ, ബ്രൺഹാം കൂടാരത്തിൽ വെച്ച്, 1963 മാർച്ചു മാസം 21-ാം തീയതി, വ്യാഴാഴ്ച വൈകിട്ട്, ഈ സന്ദേശം ബ്രദർ വില്യം മാരിയൺ ബ്രൺഹാം, ആദ്യം ഇംഗ്ലീഷിൽ പ്രസംഗിച്ചതിനെ, കാന്തശക്തിയുള്ള ടേപ്പിൽ നിന്നും പുസ്തക രൂപത്തിലേക്ക് കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യാതെ, കൃത്യമായി ഇംഗ്ലീഷിൽ പകർത്തിയിരിക്കുന്നു. ഈ മലയാളം പരിഭാഷ Voice Of God Recordings-ൽ നിന്നും പ്രിന്റ് ചെയ്തു വിതരണം ചെയ്യുന്നു.

MALAYALAM

©2018 VGR, ALL RIGHTS RESERVED

VOICE OF GOD RECORDINGS, INDIA OFFICE

19 (NEW NO: 28) SHENOY ROAD, NUNGAMBAKKAM

CHENNAI 600 034, INDIA

044 28274560 • 044 28251791

india@vgroffice.org

VOICE OF GOD RECORDINGS

P.O. BOX 950, JEFFERSONVILLE, INDIANA 47131 U.S.A.

www.branham.org

## Copyright notice

All rights reserved. This book may be printed on a home printer for personal use or to be given out, free of charge, as a tool to spread the Gospel of Jesus Christ. This book cannot be sold, reproduced on a large scale, posted on a website, stored in a retrieval system, translated into other languages, or used for soliciting funds without the express written permission of Voice Of God Recordings®.

For more information or for other available material, please contact:

Voice Of God Recordings
P.O. Box 950, Jeffersonville, Indiana 47131 U.S.A.
www.branham.org